# അദ്ധ്യായം 7

# വിവാഹത്തെ കുറിച്ചുള്ള നിർദ്ദേശം

1 കൊരിന്ത്യ ലേഖനത്തിലെ ആദ്യത്തെ നാല് അദ്ധ്യായങ്ങളിൽ, കൊരിന്ത്യ സഭയിൽ അലോസരപ്പെടുന്ന സംഭവ വികാസങ്ങൾ നടക്കുന്നതായി, ആദ്യം വിവരം ലഭിച്ചവരിൽനിന്നു പൗലൊസ് മനസിലാക്കിയതാണ് വിവരിക്കുന്നത്. ആളുകൾ തങ്ങളുടെ ജഡാഭിലാഷത്തിൽ തൃപ്തിപ്പെടുവാൻ ശ്രമിക്കുന്നതായിട്ടാണ് അദ്ധ്യായം 6 ന്റെ അവസാനം അപ്പൊസ്തലൻ വ്യക്തമാക്കുന്നത്. അതിനായി അവർ ഏറ്റവും നന്നായി പ്രവർത്തിക്കയും ചെയ്യുന്നു. 1960 കളിലും 70 കളിലും ഹിപ്പി സ്റ്റൈൽ വരുന്നതിന് മുൻപ് ആളുകളുടെ പ്രവണത, “നിങ്ങൾക്ക് നല്ലതെന്നു തോന്നുന്നു എങ്കിൽ ചെയ്തുകൊൾക” എന്നതായിരുന്നു. ആർത്തി ശമിപ്പിക്കുന്നതാണ് നല്ല ജീവിതം എന്നതിനെ കുറിച്ച് ധാരാളം ചർച്ചകളും വാദങ്ങളും നടത്തിയിരുന്നു എന്നത് വാസ്തവമാണ്. അവരുടെ മുദ്രാവാക്യമായിരുന്നു, “ഭോജ്യങ്ങൾ വയറിനും വയറ് ഭോജ്യങ്ങൾക്കും” എന്നത് (6:13), പക്ഷെ ആ മുദ്രാവാക്യം വിശപ്പിനെ കുറിച്ചു മാത്രമല്ല. വിശക്കുന്നു എങ്കിൽ ആഹാരം കഴിക്കുന്നതുപോലെ, ലൈംഗികതക്കുള്ള അഭിനിവേശം ഉണ്ടാകുമ്പോൾ, തൃപ്തികരമായി അത് ഏതു വിധേനയും നിറവേറ്റുക.

കൊരിന്തിലെ ക്രിസ്ത്യാനികളുടെ ഇടയിലെ ചിന്ത, ശാരീരിക അഭിലാഷങ്ങളെ അടിച്ചമർത്തണോ എന്നതായിരുന്നു. ഗ്രീക്ക്-റോമാ സാമ്രാജ്യങ്ങളിൽ, സന്യാസ ജീവിതം എന്ന തത്വം ചരിത്രം വ്യക്തമാക്കുന്നു. സ്വന്ത ഗുണത്തിനായി സ്വയം ത്യജിക്കൽ പരിശീലിക്കുന്നവരായിരുന്നു അവർ, അതു മറ്റുള്ളവരുടെ ഗുണത്തിനു വേണ്ടിയായിരുന്നില്ല. പ്രത്യേക ഉദ്ദേശത്തിനായി, ശരീരത്തിന് ആഹാരം നൽകാതിരിക്കുന്ന ഉപവാസം തുടങ്ങിയവ അത്തരം ആചാരങ്ങളിൽ പെടുന്നു. അത് ഒന്നും പട്ടിണി കിടക്കുന്നവർക്ക് ആഹാരം കൊടുക്കുന്നതിനായിരുന്നില്ല. അതുപോലെ കൊരിന്തിലെ ചിലർ വിശ്വാസിയുടെ പ്രയോജനത്തിനുള്ളതാണ് ലൈംഗികതയെ അടിച്ചമർത്തുന്നത് എന്ന ധാരണ കൊരിന്തിലെ ചിലർക്ക് ഉണ്ടായിരുന്നു. ലൈംഗികത തന്നെ ദോഷമാണെന്ന് വിശ്വസിച്ചിരുന്ന മത വിഭാഗങ്ങൾ തന്നെ നിലനിന്നിരുന്നു.

ധാർമ്മികമായ പ്രശ്നങ്ങൾ ഉത്ഭവിക്കുമ്പോൾ ചോദ്യങ്ങൾ ഉയരും. പൗലൊസ് അതിനൊന്നും യാതൊരു വിട്ടുവീഴ്ച്ചയും ചെയ്തില്ല. ഉദാഹരണമായി, മോഷണവും കാപട്യവും എല്ലായ്പഴും തെറ്റു തന്നെയാണ്; എന്നാൽ ചിലത് അപ്പൊസ്തലൻ പറഞ്ഞ സന്ദർഭത്തിൽ നാം മനസിലാക്കണം. അമിതാഹാരം പാപം ആണെങ്കിലും, മിതമായ ആഹാരം ശരീരത്തിന് ആവശ്യവുമാണ്. അതുപോലെ ലൈംഗികമായ ആഗ്രഹം നിറവേറ്റുവാൻ ദൈവം വെച്ചിരിക്കുന്നത് വിവാഹമാണ്. അദ്ധ്യായം 6 ൽ പൗലൊസ് തുടങ്ങിയ വിവാഹവിഷയം അദ്ദ്യായം 7 ലും തുടരുകയാണ്. ഇപ്പോൾ, ക്രിസ്ത്യാനിയുടെ ശരീരം ഒരു തരത്തിലും തെറ്റായി ഉപയോഗിക്കുവാൻ പാടില്ല എന്നാണ് അപ്പൊസ്തലൻ പറയുന്നത്. ചുരുക്കി പറഞ്ഞാൽ അവൻ സൂചിപ്പിച്ചത്: ഭർത്താവും ഭാര്യയും തമ്മിലുള്ള ലൈംഗിക ബന്ധം തെറ്റല്ല. അത് ദോഷമേ അല്ല.

## ഇഷ്ടം സാധിക്കൽ അല്ലെങ്കിൽ സ്വയം-ത്യജിക്കൽ (7:1-7)

കുറച്ചു വർഷങ്ങൾക്കു മുൻപ് പൗലൊസ് കൊരിന്ത് വിട്ടുപോയപ്പോൾ, 1 കൊരിന്ത്യ ലേഖനം എഴുതുന്നതിന് മുൻപ്, കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്ക് അവരെ ശരിയായി നയിക്കുന്നതിന് ആരുമില്ലായിരുന്നു, പ്രാദേശിക പ്രവാചകന്മാർ ഉണ്ടായിരുന്നുവെങ്കിലും, അവരുടെ തെറ്റിദ്ധാരണകൾ വളരെ ആയിരുന്നു (4:22–25). സഭയിൽ പ്രശ്നങ്ങൾ ഉടലെടുക്കുവാനുള്ള ഒരു കാരണം, അഭിഭാഷകന്മാരും തത്വജ്ഞാനികളും വിവിധ രീതികളിലുള്ള കാഴ്ച്ചപ്പാടുകൾ വെച്ചുപുലർത്തിയതായിരുന്നു.

വിവാദങ്ങൾ ഉയർന്നപ്പോൾ, പൗലൊസ് അടുത്ത് എഫെസൊസിൽ ഉണ്ടെന്ന് അവർ അറിഞ്ഞിരിക്കും. വാസ്തവത്തിൽ, പൗലൊസ് അവരുമായി ബന്ധപ്പെട്ടിരിക്കാം, ചുരുങ്ങിയത് ഒരു കത്ത് എങ്കിലും എഴുതിയിരിക്കും (5:9). സഹായം ആവശ്യപ്പെട്ട് ക്രിസ്ത്യാനികൾ അവനു തിരിച്ചും എഴുതിക്കാണും. കൃത്യമായും പൗലൊസിന് അയച്ച കത്ത് ആരാണ് എഴുതിയത് എന്നു വ്യക്തമല്ല. സഭയിലെ ചില അംഗങ്ങൾ ചേർന്ന് എഴുതിയതാകാം, അല്ലെങ്കിൽ, എഴുത്ത് കൊണ്ടുപോയ മൂന്നുപേർ ചേർന്നു എഴുതിയതായിരിക്കാം. എങ്ങനെയായാലും, അതിനോട് പ്രതികരിച്ചാണ്, പൗലൊസ് ഒന്നു കൊരിന്ത്യർ എഴുതിയത്.

**1നിങ്ങൾ എഴുതി അയച്ച കാര്യങ്ങളെ കുറിച്ച് എന്റെ അഭിപ്രായം എന്തെന്നാൽ സത്രീയെ തൊടാതിരിക്കുന്നത് മനുഷ്യനു നല്ലത്. 2എങ്കിലും ദുർന്നടപ്പ് നിമിത്തം ഓരോരുത്തന്നു സ്വന്ത ഭാര്യയും ഓരോരുത്തിക്ക് സ്വന്ത ഭർത്താവും ഉണ്ടായിരിക്കട്ടെ. 3ഭർത്താവ് ഭാര്യക്കും ഭാര്യ ഭർത്താവിന്നും കടപ്പെട്ടിരിക്കുന്നത് ചെയ്യട്ടെ. 4ഭാര്യയുടെ ശരീരത്തിൻമേൽ അവൾക്കല്ല, ഭർത്താവിനത്രെ അധികാരമുള്ളത്; അങ്ങനെ ഭർത്താവിന്റെ ശരീരത്തിന്മേൽ അവനല്ല, ഭാര്യക്കത്രെ അധികാരം. 5പ്രാർത്ഥനെക്ക് അവസരം ഉണ്ടാവാൻ ഒരു സമയത്തേക്ക് പരസ്പരസമ്മതത്തോടെയല്ലാതെ തമ്മിൽ വേറുപെട്ടിരിക്കരുത്. നിങ്ങളുടെ അജിതേന്ദ്രിയത്വം നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിക്കേണ്ടതിന് വീണ്ടും ചേർന്നിരിപ്പിൻ. 6ഞാൻ ഇതു കൽപനയായിട്ടല്ല, അനുവാദമായിട്ടത്രെ പറയുന്നത്. 7സകല മനുഷ്യരും എന്നെ പോലെ ആയിരിക്കേണം എന്നു ഞാൻ ഇഛിക്കുന്നു. എങ്കിലും ഒരുവന്നു ഇങ്ങനെയും ഒരുവന്നു അങ്ങനെയും താന്താന്റെ കൃപാവരം ദൈവം നൽകിയിരിക്കുന്നു.**

**വാക്യങ്ങൾ 1, 2.** നിങ്ങൾ എഴുതിയയച്ച കാര്യങ്ങളെ സംബന്ധിച്ച് എന്നു പൗലൊസ് തുടങ്ങുമ്പോൾ, സഭയിൽ വേറെയും പ്രശ്നങ്ങൾ ഉണ്ടായിരുന്നു എന്നു സ്പഷ്ടം (7:25; 8:1; 12:1; 16:1). ഇവിടെ, അവൻ പരാമർശിക്കുന്നത് വിവാഹത്തെ കുറിച്ചാണ്. സഭയിൽ വിശുദ്ധി നിലനിർത്തുവാൻ ക്രിസ്ത്യാനികൾ ലൈംഗിക ബന്ധത്തിലേർപ്പെടുന്നതിൽനിന്നു വിട്ടുനിൽക്കണം എന്നു കൊരിന്തിലെ ചിലർ വിചാരിച്ചു.

6:12ലെ അതേ സമീപനം ഉപയോഗിച്ച്, എൻആർഎസ്വിയുടെ തർജിമക്കാർ ആ വാക്കുകൾ ഇങ്ങനെ പറയുന്നു, "സ്ത്രീയെ തൊടാതിരിക്കുന്നത് പുരുഷന്ന് നല്ലത്." ഒരു തർജിമക്ക് വ്യാഖ്യാനം അനിവാര്യമാണ്. അവരുടെ നിഗമനത്തിൽ പൗലൊസ് ഉപയോഗിച്ചത് കൊരിന്തിലെ ചില വിശ്വാസികൾ സ്വീകരിച്ച മുദ്രാവാക്യമായിരുന്നു. "സകലത്തിന്നും എനിക്ക് കർത്തവ്യം

ഉണ്ട്” എന്ന മുദ്രാവാക്യം ചിലർ എടുത്ത് തങ്ങളുടെ ഇഷ്ടമുള്ള പ്രവൃത്തിയെ ന്യായീകരിക്കുവാൻ ശ്രമിച്ചു (6:12). മറ്റൊരു മുദ്രാവാക്യം അവർ എടുത്തിരുന്നത്, “ഭോജ്യങ്ങൾ വയറിനും വയറ് ഭോജ്യങ്ങൾക്കും ഉള്ളത്” (6:13). മറ്റുള്ളവരും അവരുടെ മുദ്രാവാക്യങ്ങൾ എടുത്തിരുന്നു. **സ്ത്രീയെ തൊടാതിരിക്കുന്നത് പുരുഷന്നു നല്ലത്.**[1] ലൈംഗികാസക്തിയെ പിന്തുണക്കുന്നതാണ് ആദ്യത്തെ രണ്ട് മുദ്രാവാക്യങ്ങളും മൂന്നാമത്തേത് സ്വയം ത്യജിക്കൽ ജീവിത ശൈലിയാണ്. എൻആർഎസ്വിയുടെ തർജിമക്കാർ ഉദ്ധരണിയിൽ കൊടുത്തിരിക്കുന്നതിനാൽ അവരുടെ തർജിമ സന്ദർഭത്തോട് യോജിക്കുന്നു.

“സ്ത്രീയെ തൊടുക” എന്നത് അപ്പൊസ്തലൻ ലൈംഗിക ബന്ധങ്ങളെ മയപ്പെടുത്തി പറയുന്ന പ്രയോഗമാണ്, ഇഷ്ടം സാധിക്കലും അതിനെതിരായ സ്വയം-ത്യജിക്കലും തീവ്രമായപ്പോഴാണ് അപ്പൊസ്തലനിൽനിന്നും അവർ പരിഹാരം തേടിയത്. ആരായിരുന്നു ശരി? ഇഷ്ടം സാധിക്കലിനെ കൈകാര്യം ചെയ്ത ശേഷം അപ്പൊസ്തലൻ തിരിയുന്നത് സ്വയം ത്യജിക്കലിൽ ഏർപ്പെട്ടിരിക്കുന്നവരിലേക്കാണ്. അവൻ മുൻപ് ചെയ്തതുപോലെ (6:12, 13), അപ്പൊസ്തലൻ അവരുടെ മുദ്രാവാക്യത്തിലേക്കും അതിന്റെ പ്രകടനത്തിലേക്കും തിരിഞ്ഞു, അതിൽ സകല സത്യവും ഉൾപ്പെടുന്നില്ല എന്ന് അപ്പൊസ്തലൻ വ്യക്തമാക്കി.

സഭയിലെ വാദം മുദ്രാവാക്യത്തിലേക്ക് ചുരുങ്ങി. എങ്കിലും, അതിൽ പ്രധാനപ്പെട്ട ഒരു ചോദ്യം നിലനിൽക്കുന്നു. “ക്രിസ്ത്യാനിക്ക് വിവാഹം കഴിക്കാമോ അതോ ഏകനായി കഴിയണോ?” അതേ ചോദ്യം പല രീതിയിൽ ചോദിക്കാവുന്നതാണ്, “ലൈംഗികതയിൽ നിന്നു വിട്ടു നിന്നാൽ എപ്പോഴും അത് തെറ്റായി ഉപയോഗിക്കാതിരിക്കുവാൻ കഴിയുമോ?” പൗലൊസ് ആദ്യം ലളിതമായി തുടങ്ങിയിട്ട്, അവസാനം പറയുന്നത് സുരക്ഷിതം വിവാഹബന്ധത്തിലുള്ള ലൈംഗികബന്ധമാണ് എന്ന്. ലൈംഗിക ബന്ധം ഒഴിവാക്കുക എന്നത് നല്ല ഗുണം ആണ്. എന്നാൽ അവൻ എഴുതിയത്, ... **ഓരോരുത്തന്നു സ്വന്തഭാര്യയും ഓരോരുത്തിക്ക് സ്വന്ത ഭർത്താവും ഉണ്ടാകട്ടെ** എന്നാണ് (7:2).

ആ പ്രയോഗത്തിന്റെ അർത്ഥം എന്തായാലും, “സ്ത്രീയെ തൊടാതിരിക്കുന്നത് പുരുഷന്ന് നല്ലത്” (7:1), ഭൗതികമായ അഭിലാഷം ആസക്തിയായി മാറുമ്പോൾ അത് ശക്തമായി തീരുമെന്നാണ് പൗലൊസ് സൂചിപ്പിക്കുന്നത്. വേശ്യയെ തിരഞ്ഞെടുക്കണോ (6:15) അതോ വിവാഹത്തിൽ കൂടെ ഭാര്യയെ തിരഞ്ഞെടുക്കണോ എന്നതിൽ ക്രിസ്ത്യാനി വിവാഹത്തിൽ കൂടെ ബാര്യയെ തിരഞ്ഞെടുക്കുന്നത് തിരഞ്ഞെടുക്കും. 1 ഉം 2 ഉം വാക്യങ്ങളെ സമാന്തരപ്രയോഗം നടത്തി റിച്ചാർഡ് ഹെയ്സ് ഇങ്ങനെ പറഞ്ഞു:

> നിങ്ങൾ എഴുതി അയച്ച കാര്യങ്ങളെ സംബന്ധിച്ച് എനിക്ക് പറയുവാനുള്ളത് ഇതാണ്. നിങ്ങൾ പറഞ്ഞതുപോലെ, വിശുദ്ധിക്കും നിർമ്മലതക്കുമായി വിവാഹം കഴിച്ചവർ ലൈംഗിക ബന്ധം ഒഴിവാക്കുന്നതാണ് നല്ലത്. നിങ്ങൾ പറഞ്ഞതുപോലെ, “സ്ത്രീയെ തൊടാതിരിക്കുന്നതാണ് പുരുഷന്നു നല്ലത്”എന്നാൽ-അത് അയഥാർത്ഥ്യമാകയാൽ-ഓരോ ഭർത്താവും ലൈംഗിക ബന്ധം പുലർത്തേണ്ടത് സ്വന്തഭാര്യയായിട്ടും, ഓരോ ഭാര്യയും ലൈംഗികബന്ധം പുലർത്തേണ്ടത് തന്റെ സ്വന്ത ഭർത്താവായിട്ടുമായിരിക്കണം.[2]

ഈ സമാന്തരപ്രയോഗം പൗലൊസിന്റെ പ്രബോധനവുമായി യോജിക്കുന്നതാണ്. ദുർന്നടപ്പിലേക്ക് ആളുകൾ തിരിയാതിരിക്കുവാൻ അപ്പൊസ്തലൻ ശ്രദ്ധിച്ച് പറയുന്നത് ഒരു ക്രിസ്ത്യാനിക്ക് തന്റെ ഭക്തി ജീവിതം കളങ്കപ്പെടാതിരിക്കുവാൻ വിവാഹം കഴിച്ച് സ്ത്രീപുരുഷ ലൈംഗികബന്ധം പുലർത്തുന്നതാണ് സുരക്ഷിതത്വമെന്നാണ്.

ഇവിടെ പറയുന്ന സന്ദേശം മനസിലാക്കുവാൻ, പൗലൊസ് 1 തെസലൊനിക്യർ 4:1-8 ൽ പറയുന്നത് വായിക്കുക. എല്ലാ അവിഹിതമായ ലൈംഗികബന്ധങ്ങളെയും ഉൾപ്പെടുത്തി പറയുന്ന [ദുർന്നടപ്പ്] "പോർണെയിയ" ഒഴിവാക്കുവാനാണ് രണ്ട് സന്ദേശവും പറയുന്നത്. അദ്ദേഹം എഴുതി, "ഏക പങ്കാളിവ്രതം പൗലൊസിന്റെ വായനക്കാർക്ക് മനസിലാക്കാവുന്നതായിരുന്നു, അത് യെഹൂദന്മാർക്കും, യെഹൂദമതാനുസാരികൾക്കും, റോമാ ലോകത്തിനും *പോർണെയിയ* ഒഴിവാക്കുവാനാണെന്ന കാര്യവും അവർക്ക് ഗ്രഹിക്കുവാൻ കഴിയുന്നതായിരുന്നു."[3] എഫ് എഫ്.ബ്രൂസ് വ്യക്തമാക്കിയത്, പൗലൊസ് ഇവിടെ *ആഡ് ഹോമിനെന്റ്* (യുക്ത്യനുസാരമായിട്ടല്ല മറിച്ച് വൈകാരികമായിട്ടാണ്) സംസാരിച്ചത് എന്നാണ്. "[വിവാഹത്തിന്റെ] ലക്ഷ്യം ദുർന്നടപ്പ് ഒഴിവാക്കുക മാത്രമാണ്"[4] എന്നൊന്നും അപ്പൊസ്തലന്റെ പ്രസ്താവന സൂചിപ്പിക്കുന്നില്ല. ജീവിതത്തിൽ ഭാര്യയും ഭർത്താവും തമ്മിലുള്ള വിവാഹബന്ധവും, വിവാഹ ഉടമ്പടിയിൽ ദൈവഹിതവും അപ്പൊസ്തലൻ ഇവിടെ വ്യക്തമാക്കുന്നു. വിവാഹ ജീവിതത്തിൽ, സ്ത്രീയും പുരുഷനും പരസ്പരം സ്നേഹിക്കയും, പങ്കിടുകയും, പിന്തുണക്കുകയും ചയ്യുന്നു (എഫെ. 5:25).

**വാക്യം 3.** ലൈംഗിക ബന്ധത്ത വിശദീകരിക്കുന്നതല്ല മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ, എന്നാൽ വിവാഹിതരാകുമ്പോൾ ഭാര്യയും ഭർത്താവുമായി തീരുന്നതിന്റെ ഒരു ഭാഗവുമാണ് അത്. എന്നിരുന്നാലും, അത് പ്രധാനപ്പെട്ടതുമാണ്. വിവാഹ പങ്കാളികളായതിനാൽ, ഭാര്യയും ഭർത്താവും യോജിച്ച് വേണം അവരുടെ ലൈംഗിക ആവശ്യങ്ങൾ നിറവേറ്റുവാൻ എന്നാണ് പൗലൊസ് പറഞ്ഞത്. ലൈംഗിക ബന്ധത്തിൽ നിന്നും വിട്ടുനിൽക്കുന്ന തീരുമാനം ഭാര്യയോ ഭർത്താവോ തനിച്ച് എടുക്കാവുന്നതല്ല **ഭാര്യയുടെ ശരീരത്തിന്മേൽ ഭർത്താവിന്നും, ഭർത്താവിന്റെ ശരീരത്തിൽ ഭാര്യക്കുമാണ് അധികാരം** ഉള്ളത് എന്നു പൗലൊസ് പറയുമ്പോൾ, അവർ പരസ്പരം പരിഗണിക്കണം എന്നാണ് പൗലൊസ് അർത്ഥമാക്കിയത് വെറും ഒരു കടമയായി ശരീരത്തെ പങ്കാളിക്ക് വിട്ടു നൽകുക എന്ന അർത്ഥത്തിലല്ല അപ്പൊസ്തലൻ പറയുന്നത്.വിവാഹ ബന്ധത്തിൽ സ്ത്രീയും പുരുഷനും തമ്മിൽ ലൈംഗികത നിറവേറ്റുമ്പോൾ, അത് ദൈവത്താൽ നൽകപ്പെട്ട അനുഗ്രഹമായി കരുതണം എന്നർത്ഥം.

**വാക്യം 4.** ഭർത്താവിനോ അല്ലെങ്കിൽ ഭാര്യക്കോ തന്റെ പങ്കാളിയുടെ ശരീരത്തിൽ പൂർണ്ണമായ അധികാരം ഉണ്ടെന്നു കരുതുന്നത് ഒന്നാം നൂറ്റാണ്ടിലെ ഗ്രീക്ക്-റോമാ ലോകത്തുള്ളവർക്ക് ചിന്തിക്കുവാൻ പോലും കഴിയാത്തതാണ്. പുരുഷാധിപത്യം നിലനിന്ന അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുടെ ആചാരം സ്ത്രീയുടെ ശരീരത്തിന്മേൽ പുരുഷനാണ് അധികാരം എന്നതായിരുന്നു. മറിച്ച് ചിന്തിക്കുവാൻ അവർക്ക് പ്രയാസമാണ്. ഭാര്യക്ക് ഭർത്താവിന്റെ ശരീരത്തിന്മേൽ അധികാരമുണ്ട് എന്ന കാര്യം പല പുരുഷന്മാർക്കും അംഗീകരിക്കുവാൻ പ്രയാസമായിരിക്കും.

ഭാര്യയും ഭർത്താവും തുല്യമാണെന്നാണ് പൗലൊസ് ഉപദേശിച്ചത്. **ഭാര്യ**

**യുടെ ശരീരത്തിന്മേൽ അവൾക്കല്ല അധികാരം ... അതുപോലെ ഭർത്താവിന്നു അവന്റെ സ്വന്ത ശരീരത്തിൽ അധികാരമില്ല**. ഒരാളെ വിവാഹം കഴിക്കുക എന്നാൽ, ആ വ്യക്തിയോട് ഒന്നാകുക എന്നാണ് അർത്ഥം. ഒരാൾ മറ്റൊരാൾക്ക് കീഴടങ്ങുക എന്നാൽ അടാളുടെ ബാഗമായി തീരുന്നു എന്നർത്ഥം. വിവാഹത്തിൽ, ഒരാൾക്കുള്ള പ്രത്യേക ശാരീരിക അവകാശങ്ങൾ പങ്കാളിക്കായി നൽകുന്നു. ലൈംഗിക പ്രകടനം പരസ്പരമുള്ളതാണ്; ഒന്നും സ്വയമായി പിടിച്ചു വെക്കുവാൻ സാധ്യമല്ല. ഭർത്താവിന്റേയും ഭാര്യയുടേയും അടിസ്ഥാന ആവശ്യങ്ങളും ആഗ്രഹങ്ങളും ബഹുമാനിച്ചു പരിഗണിക്കണം.

**വാക്യം 5.** ഈ ആശയങ്ങളെല്ലാം മനസിൽ വെച്ചുകൊണ്ടാണ് പൗലൊസ് സത്യസന്ധമായ ഒരു വിലക്ക് കൽപിക്കുന്നത്: **തമ്മിൽ വേറുപെട്ടിരിക്കരുത്**. ഒരു വിലക്ക് രണ്ട് വിധത്തിലുള്ളതാണ്. മറ്റുള്ളവർ ഒരിക്കലും ആരംഭിക്കാതിരിക്കുവാനുള്ള വിലക്കും മറ്റേത് ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തി മേലാൽ ചെയ്യാതിരിക്കുവാനുള്ള വിലക്കും ആണ്. ഗ്രീക്കുകാർ ഈ രണ്ട് വിലക്കുകളെയും നന്നായി വിവരിക്കുന്നു; ഇംഗ്ലീഷിൽ അവ പ്രത്യേകമായി പറയുന്നില്ല. കൊരിന്ത്യർ ചെയ്തുകൊണ്ടിരുന്നത് ചെയ്യാതിരിക്കുവാനുള്ള വിലക്കാണ് (μὴ ἀποστερεῖτε, *മെ അപോസ്റ്റെറെയിടെ*). വിവാഹ ബന്ധത്തിൽ പുറത്തുള്ള ഭർത്താക്കന്മാരും ഭാര്യമാരും തങ്ങളുടെ അവകാശങ്ങൾ എത്രത്തോളം സ്വീകരിക്കുന്നുവോ, അവ ക്രിസ്ത്യാനികൾ സ്വീകരിക്കാവുന്നതല്ല. വിവാഹബന്ധത്തിൽ തന്നെ ക്രിസ്തു നിബന്ധനകൾ വെച്ചിരിക്കുന്നു. തങ്ങളുടെ വംശം തുടരുവാനായി പരസ്പരസ്നേഹത്തിൽ സന്താനപുഷ്ടിയുള്ളവരാകുവാനാണ് ദൈവം തന്റെ മക്കളോട് കൽപിച്ചിരിക്കുന്നത്.

അപ്പൊസ്തലന്റെ പൊതുവായ ഈ നിയമത്തിന് ഒരു ഒഴികഴിവു കാണാം. **പ്രാർത്ഥനക്ക്** അവസരം ഉണ്ടാകേണ്ടതിന്ന് **ഒരു സമയത്തേക്ക്** [പരസ്പര] **സമ്മതത്തോടെ** അല്ലാതെ വേറുപിരിഞ്ഞിരിക്കരുത്. കൊരിന്തിൽ വിവാഹിതരായ ദമ്പതിമാർ ഉണ്ടായിരുന്നതിനാലാകാം പൗലൊസ് ഈ ഒഴികഴിവ് പറഞ്ഞത്. അത്തരം സമമ്മതത്തോടെ പ്രാർത്ഥിക്കുമ്പോൾ അവർക്ക് ദൈവവുമായും തമ്മിൽ തമ്മിലും നല്ല ബന്ധം സ്ഥാപിക്കുവാൻ കഴിയും.

ക്രിസ്തീയ വിവാഹത്തിൽ ഏർപ്പെട്ടിരിക്കുന്ന പങ്കാളികൾ ലൈംഗിക ബന്ധത്തിൽനിന്നു ഏകപക്ഷിയമായി വിട്ടുനിൽക്കുവാൻ പാടില്ല. വിലക്ക് കൽപിച്ചതിൽ ഒഴികഴിവ് നൽകിയപ്പോൾ, പരസ്പരസമ്മതം ആവശ്യപ്പെട്ടിരിക്കുന്നത് അവരുടെ ആത്മീയ വളർച്ചക്ക് സഹായകരമാണ്. ആ കാര്യത്തെ അവൻ 7:2 മായി ബന്ധപ്പെടുത്തിയാണ് പറഞ്ഞത്. സ്തീക്കും പുരുഷനും ദൈവം ശക്തമായ ലൈംഗിക അഭിരുചിയാണ് നൽകിയിരിക്കുന്നത്. ആരും അതിനെ തെറ്റായി ഉപയോഗിക്കരുത്. ദൈവജനത്തെ തെറ്റായി സാത്താൻ പരീക്ഷിക്കുന്ന ഒരു രീതി ലൈംഗികതയാണ്. ആകയാൽ അവരുടെ പ്രാർത്ഥനാ സമയത്തിനു ശേഷം അവർ വീണ്ടും ഒന്നിച്ചായിരിക്കണം. അങ്ങനെ ചെയ്യാതിരുന്നാൽ നമ്മുടെ പ്രതിയോഗി തന്ത്രശാലിയാണ്, അവരുടെ **ഇന്ദ്രിയ-ജയത്തിലെ അപര്യാപ്തതയെ പരീക്ഷിച്ച്** [അവരെ] പരാജയപ്പെടുത്തും.

**വാക്യം 6. ഇത് ഞാൻ കൽപനയായിട്ടല്ല, അനുവാദമായിട്ടത്രെ പറയുന്നത്** എന്നാണ് പൗലൊസ് വിശദീകരിച്ചത്. "ഇത്" എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത്, പൗലൊസ് വിവാഹത്ത കുറിച്ച് പറഞ്ഞ നിർദ്ദേശം ആയിരിക്കാം. "തന്റെ സ്വന്ത വരം" അനുസരിച്ച് വിവാഹം കഴിക്കണോ വേണ്ടയോ എന്നു

അവനവൻ തീരുമാനിക്കുന്നതിനാണ് "അനുവാദം" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് (7:7). ക്രിസ്ത്യാനി വിവാഹം കഴിച്ചാൽ പരസ്പരം സമ്മതിച്ച് പ്രാർത്ഥനക്ക് അല്ലാതെ വേറു പിരിയരുത്. ആ പരിശീലനത്തെ അഭിനന്ദിക്കുകയോ കൽപിക്കുകയോ അല്ല അപ്പൊസ്തലൻ ചെയ്യുന്നത്.

അപ്പൊസ്തലൻ തന്റെ പ്രസ്താവന വളരെ വ്യക്തമാക്കി. വിവാഹത്തിലേർപ്പട്ട ദമ്പതിമാർ ലൈംഗികബന്ധം കൂടാതെ ജീവിച്ചാൽ കൂടുതൽ വിശുദ്ധി കൈവരിക്കാമന്നോ, അല്ലെങ്കിൽ അതിന് കൂടുതൽ ദൈവാനുഗ്രഹം ലഭിക്കുമന്നോ അല്ല നിർദ്ദേശം. പ്രാർത്ഥന എന്ന ഉദ്ദേശത്തിനു മാത്രം പരസ്പരം സമ്മതിച്ചല്ലാതെ അവർ വേർപിരിയരുത് എന്നാണ് പ്രബോധിപ്പിച്ചിരിക്കുന്നത്. അത് "കൽപനയായിട്ടല്ല, അനുവാദമായിട്ടത്രെ" പൗലൊസ് പറഞ്ഞിരിക്കുന്നത്. ലൈംഗിക ബന്ധമില്ലാതിരുന്നാൽ പ്രാർത്ഥന കൂടുതൽ ഫലപ്രദമാകും എന്നും ധരിക്കരുത്. ജീവിതത്തിൽ വിശുദ്ധവും നിർമ്മലവുമായ രീതിയിൽ വിവാഹബന്ദവും ലൈംഗിക ബന്ധവും നടത്തുവാൻ കഴിയും എന്നാണ് അപ്പൊസ്തലൻ നൽകുന്ന സൂചന.

**വാക്യം 7. സകല മനുഷ്യരും എന്നെ പോല ആയിരിക്കേണം എന്നു ഞാൻ ഇഛിക്കുന്നു** എന്നു പറഞ്ഞതിൽ എല്ലാവരും അവിവാഹിതരാകുവാനാണ് പൗലൊസ് ആഗ്രഹിച്ചത് എന്നു സ്പഷ്ടം. വിവാഹബന്ധത്തിലെ വിശുദ്ധിയ കുറിച്ച് പറഞ്ഞപ്പോൾ, എന്തിനാണ് ഈ പ്രസ്താവന നടത്തിയത്? ഒരുപക്ഷെ ലൈംഗിക താൽപര്യം എല്ലാവരിലും ശക്തമല്ല എന്ന ധാരണയിലാകാം പറഞ്ഞത്. ഒരു കാര്യം വ്യക്തമാണ്: പൗലൊസ് തന്റെ മുൻ പോയിന്റിൽ നിന്നു പുറകോട്ടു പോയിട്ടില്ല എന്നതാണ് കാര്യം. കുടുംബജീവിതത്തിൽ അന്യോന്യവും ക്രിസ്തുവുമായുള്ള വിശ്വസ്തതയും നിലനിർത്തിക്കൊണ്ടു പോകുന്നത് ശ്രമകരായ ഒന്നു തന്നെയാണ്. ലൈംഗികതക്ക് ഒരാളുടെ കഴിവില്ലായ്മയെ അപ്പൊസ്തലൻ ഇവിടെ പരാമർശിക്കുന്നില്ല. **ഒരുത്തന്നു ഇങ്ങനെയും മറ്റൊരുത്തന്നു അങ്ങനെയും വരം ലഭിച്ചിരിക്കുന്നു** എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. ലൈംഗികതയിൽ നിന്നു വിട്ടു നിൽക്കുന്നത് ദൈവ വേലക്കായി കൂടുതൽ സമയം ചെലവഴിക്കുവാൻ ലഭിക്കും. പക്ഷെ ഒരാൾക്ക് പ്രായോഗികമായത് എല്ലാവർക്കും പ്രായോഗികമാകണമെന്നില്ല. കൊരിന്തിലെ സഹോദരങ്ങൾക്കു നേരിട്ട സമ്മർദ്ദം നിമിത്തമാണ് അപ്പൊസ്തലൻ വിവാഹം കഴിക്കാത്തവരോട് വിവാഹം കഴിക്കാതിരിക്കുന്നതാണ് നല്ലത് എന്ന് പറഞ്ഞത് (7:26 നോക്കുക).

പൗലൊസിന്റെ അവസാന പോയിന്റുകളെ കുറിച്ച് രണ്ട് കാര്യങ്ങൾ ഊന്നി പറയണം: (1) സ്തീക്കും പുരുഷനും ദൈവം ലൈംഗിക ആഗ്രഹം നല്കിയിരിക്കുന്നു. വംശ വർദ്ധനവിനായി ദൈവം നൽകിയിരിക്കുന്ന ശക്തമായ വികാരമാണ് അത്. അതുപോലെ മനുഷ്യന്റെ മാനസികവും വൈകാരികവുമായ തൃപ്തിക്ക് ദൈവം മാർഗവും ഒരുക്കിയിരിക്കുന്നു എന്നത് പ്രാധാന്യമുള്ള കാര്യമാണ്. (2) ഒരു ക്രിസ്ത്യാനി തന്റെ പങ്കാളിയിൽ തൃപ്തിപ്പെടുന്നതിനു പകരം മറ്റൊരാളെ തേടുവാനോ, ചൂഷണം ചെയ്യുവാനോ ദൈവം അനുവദിക്കുന്നില്ല. ക്രിസ്ത്യാനിയുടെ ശരീരം ദൈവ മന്ദിരം ആകുന്നു (6:19; 3:16 നോക്കുക), അതു വിശുദ്ധമായി സൂക്ഷിക്കണം (1 തെസ്സ. 4:3 നോക്കുക).

## “വിവാഹിതർക്കും” “അവിവാഹിതർക്കും” “വിധവമാർക്കും” ഉള്ള ഉപദേശം (7:8-11)

കൊരിന്തിലെ പ്രത്യേക സാഹചര്യം നോക്കുകയാണെങ്കിൽ, അവിവാഹിതർ വിവാഹം കഴിക്കാതിരിക്കുന്നതാണ് നല്ലത് എന്ന് പൗലൊസ് പൊതുവായി നിർദ്ദേശിച്ചിരിക്കുന്നു (7:27). അതേ സമയം, ആളുകളിൽ സാമൂഹ്യവും, മാനസികവും, വൈകാരികവുമായ അവസ്ഥയെ അവൻ തിരിച്ചറിഞ്ഞിരുന്നു (7:7). വിവാഹം പാപമാണെന്ന് അവൻ പറഞ്ഞില്ല; വിവാഹം കഴിഞ്ഞവർ തമ്മിലുള്ള ലൈംഗികത പാപമല്ല. ക്രിസ്ത്യാനിയാകുന്നതിനു മുൻപ് ഒരാളുടെ അവസ്ഥ എങ്ങനെയായിരുന്നോ, ആ അവസ്ഥയിൽ തുടരുവാനാണ് അപ്പൊസ്തലൻ പറയുന്നത്. പൊതുവായ നിയമം അവൻ 7:17–24 ൽ വിപുലമാക്കി. വിവാഹം കഴിച്ചവരാണെങ്കിൽ അങ്ങനെ, കഴിക്കാത്തവരാണെങ്കിൽ അങ്ങനെ, അതാണ് വിളിക്കപ്പെട്ട അവസ്ഥയിൽ തന്നെ തുടരുവാൻ ആവശ്യപ്പെട്ടിരിക്കുന്നത് (7:24). ഒരാളുടെ പുറമെയുള്ള അവസ്ഥ എന്തായാലും, ദൈവത്തോടുള്ള ബന്ധം പരമപ്രധാനമാണ്. ഈ ലോകത്തുള്ള കാര്യങ്ങളേക്കാൾ, ഒരാളുടെ ആത്മരക്ഷയും, നിത്യജീവന്റെ പ്രത്യാശയുമാണ് മുഖ്യം. ആ വിസ്തൃതമായ ഗോളത്തിൽ, വിവാഹിതർക്കും അവിവാഹിതർക്കും പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു.

**[8]വിവാഹം കഴിയാത്തവരോടും വിധവമാരോടും, അവർ എന്നെ പേ
ാലെ പാർത്തുകൊണ്ടാൽ അവർക്ക് കൊള്ളാം എന്നു ഞാൻ പറയുന്നു,
[9]ജിതേന്ദ്രിയത്വമില്ലെങ്കിലോ അവർ വിവാഹം ചെയ്യട്ടെ. അഴലുന്നതിനേക്കാൾ
വിവാഹ് ചെയ്യുന്നത് നല്ലത്. [10]വിവാഹം കഴിഞ്ഞവരോടോ ഞാൻ അല്ല
കർത്താവ് തന്നെ കൽപ്പിക്കുന്നത് [11]ഭാര്യ ഭർത്താവിനെ വേറുപിരിയരുത്,
പിരിഞ്ഞു എന്നു വരികിലോ വിവാഹം കൂടാതെ പാർക്കേണം. അല്ലെന്നു
വരികിൽ ഭർത്താവിനോട് നിരന്നുകൊള്ളേണം. ഭർത്താവ് ഭാര്യയെ ഉപേ
ക്ഷിക്കയുമരുത്.**

**വാക്യം 8**. പൗലൊസ് 7:25–31 ൽ കന്യകമാരെ കുറിച്ചും 7:39, 40 ൽ വിധവമാരെ കുറിച്ചും പറയുന്നു. ഇവിടെ അവൻ **അവിവാഹിതരെ** കുറിച്ചും [τοῖς ἀγάμοις, *ടോയിസ് അഗാനോയ്സ്*] **വിധവമാരെ കുറിച്ചും** പറയുവാൻ കാരണം എന്താണ്? ഇന്നത്തെ ആളുകളെ പോലെ ആണ് കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ വിചാരിച്ചിരിക്കാം. വിവിധ കാരണങ്ങളാൽ പലരും “അവിവാഹിതരായി” കഴിയുകയായിരിക്കാം. ചെറുപ്പക്കാരിൽ പലരും ഒരിക്കലും വിവാഹം കഴിക്കാത്തവരായിരുന്നു; വേറെ ചിലർ പങ്കാളിയെ ഉപേക്ഷിച്ചവരോ, അല്ലെങ്കിൽ പങ്കാളി മരിച്ചവരോ ആയിരുന്നു. കൊരിന്തിലെ അവിവാഹിതരെല്ലാം കന്യകമാരായിരുന്നില്ല, എന്നാൽ കന്യകമാരല്ലാത്തവരും അപ്പൊസ്തലന്റെ മനസിലുണ്ടായിരുന്നു എന്നു വിശ്വസിക്കുവാൻ മതിയായ കാരണങ്ങളുണ്ട്. അവിവാഹിതർക്ക് നൽകുന്ന അതേ നിർദ്ദേശം “വിധവമാർക്കും” നൽകുവാൻ ഇടയായത് യാദൃശ്ചികമായിരുന്നോ? ഒരുപക്ഷെ അല്ലായിരിക്കാം. പൗലൊസ് പിന്നീട്, വെവ്വേറെ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഈ സന്ദർഭത്തിൽ അവിവാഹിതരും വിധവമാരും എന്നു പറഞ്ഞിരിക്കുന്നവർ വിവാഹശേഷം പങ്കാളി മരിച്ചവരായിരിക്കാം. അങ്ങനെയാണെങ്കിൽ പൗലൊസ് 7:7 ൽ പറഞ്ഞതു മനസിലാക്കുവാൻ എളുപ്പമാണ്. അവിവാഹി

തരോടും വിധവമാരോടും പൗലൊസ് എഴുതി ... **അവർ എന്നെ പോലെ കഴിയുന്നത് നല്ലത്**.

**വാക്യം 9**. വിധവമാരായ പുരുഷന്മാർക്കും സ്ത്രീകൾക്കും നൽകുന്ന നിർദ്ദേശം വിവാഹം കഴിക്കുവാനിരിക്കുന്നവർക്കും ബാധകമാണ്. പല സന്ദർഭങ്ങളിലും ജിതേ-ന്ദ്രിയ കുറവ് ആണ് ലൈംഗിക ദുർന്നടപ്പിലേക്ക് ആളുകളെ നയിക്കുന്നത്. ഇന്ദ്രിയ-ജയം (ἐγκράτεια, *എന്ഡഗ്ക്രാടെയിയ*) ഗലാത്യർ 5:23 ൽ ആത്മാവിന്റെ ഫലം പറയുന്ന സന്ദർഭത്തിലും, 2 പ്ത്രൊസ് 1:6 ൽ ക്രിസ്തീയ ഗുണങ്ങൾ പറയുമ്പോഴും കാണാം.[5] അവിവാഹിതനായ വ്യക്തി ലൈംഗിക ഭോഗത്തിനായി പരീക്ഷിക്കപ്പെട്ടേക്കാം, അത് തീർച്ചയായും പാപമാണ്.

പങ്കാളി മരിച്ചുപോയ സ്ത്രീ പുരുഷന്മാരെ കുറിച്ചാണ് പൗലൊസ് പറയുന്നതെങ്കിൽ, ചിലർ അജിതേന്ദ്രിയത്വം നിമിത്തം തങ്ങളുടെ ലൈംഗിക ആഗ്രഹം നിറവേറ്റുവാനായി അവിഹിത മാർഗം തേടുന്നുണ്ടായിരിക്കാം (6:15–20). ഇന്ദ്രിയ-ജയമുള്ളവർക്ക് വിവാഹം കഴിക്കാതിരിക്കുന്നതാണ് നല്ലത്. അഴലുന്നതിനേക്കാൾ വിവാഹം കഴിക്കുന്നത് നല്ലത്. എൻഏഎസ്ബി “അഴലുക” എന്നു കൂട്ടിച്ചേർത്തിരിക്കുന്നു തർജിമക്കാർ ശരിക്കു മനസിലാക്കി ചെയ്തതാണ് എന്നു തോന്നുന്ന വിധത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. മറ്റൊരു സാധ്യത ഇവിടെ കാണാം. അഴലുക എന്നത് തിരുവെഴുത്തിൽ ന്യായവിധിയുമായുള്ള ബന്ധത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് (മത്താ. 3:11, 12). ഭാര്യമാർ മരിച്ചുപോയി വിധവമാരായവർ ദുർനടപ്പിൽ ജീവിക്കുന്നതിനാൽ, അവർക്ക് ന്യായവിധിയും ഭയങ്കരശിക്ഷാവിധിയുമാണുള്ളത്. അത്തരം ആളുകൾ അഴലുന്നതിനേക്കാൾ വിവാഹം കഴിക്കുന്നതാണ് നല്ലത് എന്നത്രെ പൗലൊസ് പറഞ്ഞത്. പ്രായമായവർ ഇന്ദ്രിയ-ജയമില്ലാതിരിക്കുന്നതുപോലെ, യുവാക്കളും അഴലുകയാണ് എന്ന രീതിയിലല്ല അപ്പൊസ്തലൻ പറയുന്നത്. ലൈംഗിക പരീക്ഷണങ്ങൾ യുവതീയുവാക്കൾക്ക് മാത്രമല്ല, ഏതു പ്രായക്കാരിലും ഉണ്ടാകാം.

**വാക്യങ്ങൾ 10, 11**. പുനർവിവാഹത്തെ കുറിച്ചു കർത്താവിന്റെ നേരിട്ടുള്ള കൽപന പൗലൊസിന് അറിയാമായിരുന്നോ എന്നു വ്യക്തമല്ല, എന്നാൽ വിവാഹത്തിൽ ഭാര്യക്കും ഭർത്താവിനും തമ്മിലുള്ള സ്ഥിരമായ ബന്ധത്തെ യേശു കൽപിച്ചിരുന്നു. വിവാഹം കഴിച്ച ദമ്പതികൾ അവരുടെ വിവാഹ ഉടമ്പടിയിൽ, സമർപ്പിക്കപ്പെട്ടിരിക്കണമെന്നതാണ് സത്യം. **ഭാര്യ ഭർത്താവിനെയോ ഭർത്താവ് ഭാര്യെയെയോ ഉപേക്ഷിക്കരുത്**.

കർത്താവിൽ നിന്നു പ്രാപിച്ച് പൗലൊസ് പറയുന്നതും കർത്താവ് കൽപിച്ചിട്ടുള്ളതും ക്രിസ്ത്യാനികൾ ശ്രദ്ധിച്ചു മനസിലാക്കണം, കാരണം അവൻ **കർത്താവിന്റെ** അപ്പൊസ്തലനായിരുന്നു. ദൈവശ്വാസിയമായ അപ്പൊസ്തലന്റെ വാക്കുകൾ വിശ്വാസികൾക്ക് ആധികാരികമാണ് (7:40 നോക്കുക). എഴുത്തുകളിൽ ദൈവിക സാന്നിധ്യം അനുഭവപ്പെടുന്നില്ല എന്നതിനാൽ അവക്ക് ആധികാരികത ഇല്ലെന്ന് സഭ ഒരിക്കലും കരുതരുത്.

അപ്പൊസ്തലൻ സഭയിലെ കാര്യമാണ് പറയുന്നത് എന്നതിനാൽ, വിവാഹത്തിൽ ഒരു പങ്കാളി മാത്രം എന്നത് ക്രിസ്ത്യാനിക്കുള്ളതാണ് (7:12–16). വാക്യം 10 ലും 11 ലും പറയുന്നത് ക്രിസ്തീയ ദമ്പതികളെ കുറിച്ചാണ് എന്നു സ്പഷ്ടം. വിവാഹ ജീവിതത്തിൽ ഒരു പങ്കാളിയും മറ്റൊരു പങ്കാളിയെ ഉപേക്ഷിക്കരുത് (7:11). ഉപേക്ഷിക്കൽ തിരഞ്ഞെടുക്കാവുന്ന ഒന്നല്ല ഉപേക്ഷിക്കൽ. വിവാഹം എല്ലാവർക്കും മാന്യമാണ് അതു വിശുദ്ധവും നിർമ്മലവുമായി

സൂക്ഷിക്കണം (എബ്രാ. 13:4 നോക്കുക).

വിവാഹബന്ധം ശരിയായി കാത്തുസൂക്ഷിക്കണം എന്നു പറഞ്ഞശേഷം, ചിലപ്പോൾ ചിലർ തെറ്റു ചെയ്യുവാൻ സാധ്യതയുണ്ടെന്നു സമ്മതിക്കുന്നു. അസാധാരണ സന്ദർഭങ്ങളിൽ വേർപിരിയുന്നത് അനുവദനീയമെന്നാണ് അപ്പൊസ്തലൻ പറഞ്ഞത്; എന്നാൽ പുനർവിവാഹം തിരഞ്ഞെടുക്കാവുന്ന ഒന്നല്ല എന്ന് അപ്പൊസ്തലൻ വ്യക്തമാക്കി: (... **പിരിഞ്ഞു എന്നു വരികിലോ വിവാഹം കൂടാതെ പാർക്കേണം, അല്ലെങ്കിൽ അവൾ ഭർത്താവിനോട് നിരന്നു കൊള്ളേണം**). അതായത്, ഒരു ഭാര്യ ഭർത്താവിനെ വിട്ടുകളഞ്ഞാൽ അവൾ വിവാഹംകഴിക്കരുത്. അല്ലെങ്കിൽ അവൾ തന്റെ ഭർത്താവിനോട് ചേർന്നു കൊള്ളേണം. അതു ഭർത്താവിനും തുല്യ നിലയിൽ പ്രാധാന്യമർഹിക്കുന്നു.

## അവിശ്വാസിയെ വിവാഹം കഴിച്ച വിശ്വാസിയോടുള്ള ഉപദേശം (7:12-16)

പുരുഷാധിപത്യമുള്ള ഗ്രീക്കു ലോകത്തിൽ, സാധാരണ ഗൃഹനാഥന്റെ മതം ആയിരിക്കും എല്ലാവരുടേയും മതം-ഭാര്യ, മക്കൾ, ദാസന്മാർ. കൊർന്നെ ല്യോസും (പ്രവൃ. 10:24, 48) ഫിലിപ്പിയയിലെ കാരാഗൃഹപ്രമാണിയും (പ്രവൃ. 16:33) അവരുടെ ഭവനത്തിലുള്ളവരോടുകൂടെയാണ് സ്നാനമേറ്റത്. ഗ്രീക്ക് സംസ്ക്കാരത്തിൽ ഒരു പുതിയ ദൈവത്തെ സ്വീകരിക്കുന്നത് അത് വലിയ കാര്യമായിരുന്നില്ല. കാരണം പൗലൊസ് തന്നെ ഈ ലേഖനത്തിൽ പറയുന്നു, "പല ദേവന്മാരും പല കർത്താക്കന്മാരും ഉണ്ടെന്ന് [വല്ലൊ]" (8:5). ഒരേ രീതിയിലുള്ള മതം എല്ലാവരും സീകരിച്ചിരുന്നതിനാൽ, ഭർത്താവിനും ഭാര്യക്കും വ്യത്യസ്ത ദേവന്മാരെ കൈക്കൊള്ളടമായിരുന്നു. ഗ്രീക്ക് മതത്തിൽ, ഒരു ദേവനെ മറ്റു ദേവന്മാരിൽനിന്നു മാറ്റി നിർത്തിയിരുന്നില്ല.

ക്രിസ്യാനിത്വം ആവിർഭവിച്ചപ്പോൾ, യേശുക്രിസ്തുവിന്റെ ദൈവം അല്ലാതെ മറ്റൊരു ദൈവം ഇല്ല എന്നത് എതിരാളികളെ ഭയപ്പെടുത്തിയിരുന്നു. ഒരാൾ ക്രിസ്തുവിനെ സേവിക്കുകയാണെങ്കിൽ അയാൾ മറ്റെല്ലാ ദേവന്മാരെയും ഉപേക്ഷിക്കണമായിരുന്നു. ക്രിസ്ത്യാനികളായവര്; ചന്തസ്ഥലങ്ങളിലെ അവർ ആരാധിച്ചിരുന്ന ക്ഷേത്രങ്ങളെയെല്ലാം അവർ തള്ളിക്കളഞ്ഞു. ക്ഷേത്രങ്ങളിൽ ദേവപ്രീതിക്കായി നടത്തിയിരുന്ന ക്ഷേത്രോൽസവങ്ങളും അവർ അവസാനിപ്പിച്ചു. ക്രിസ്ത്യാനികൾക്ക് അന്യദേവന്മാരെ നമസ്ക്കരിക്കുന്നതു ഊഹിക്കുവാൻ പോലും സാധ്യമല്ല. അക്കാരണത്താൽ, ഒരേ മതത്തിലായ ഭാര്യ ഭർത്താക്കന്മാരേക്കാൾ ക്രിസ്ത്യാനിത്വത്തിലെ ഭാര്യാഭർത്താക്കന്മാർ വേർപിരിയരുത് എന്നത് പ്രത്യേകതയുള്ള നിബന്ധനയായിരുന്നു.അതായത് ക്രിസ്തു മുഖാന്തരം സത്യ ദൈവത്തിലേക്ക് തിരിയുന്നത് മറ്റു ദേവന്മാരിലേക്ക് തിരിയുന്നതുപോലെ അല്ല.

അവിവാഹിതരായവർ കർത്താവിലുള്ളവരുമായി മാത്രമെ വിവാഹം കഴിക്കുവാൻ പാടുള്ളു (7:39), എന്നാൽ ചില സന്ദർഭത്തിൽ അന്യദേവന്മാരിൽ വിശ്വസിച്ചിരുന്ന ഒരാൾ ക്രിസ്ത്യാനിയാവുകയും പങ്കാളി പരിവർത്തനം ചെയ്യുവാൻ തയ്യാറാകാതിരിക്കുകയും ചെയ്തേക്കാം. അപ്പോൾ ചോദ്യമുയർന്നേക്കാം. പങ്കാളി ക്രിസ്ത്യാനിയാവുകയും, മറ്റെയാൾ തയ്യാറാകാതെയും വരുമ്പോൾ പ്രശ്നങ്ങൾ ഒഴിവാക്കുവാനായി അയാളെ ഒഴിവാക്കുന്നല്ലേ നല്ലത്? ഒരു ക്രിസ്ത്യാനി വിഗ്രഹാരാധിയോടുകൂടെ ജീവിച്ചാൽ, ക്രിസ്ത്യാനിയുടെ വിശുദ്ധിക്ക് മങ്ങലേൽക്കുകയില്ലേ? പൗലൊസിന്റെ ലേഖനം ആ

ചോദ്യങ്ങളെ കൈകാര്യം ചെയ്താലും ഇല്ലെങ്കിലും അവ ഒന്നും പലിയ പ്ര ാധാന്യമുള്ള ചോദ്യങ്ങളല്ല. കൊരിന്ത്യ സഭയിൽ അന്നു ഉയർന്ന സാമൂഹ്യ പ്രശ്നങ്ങളെ ആയിരുന്നു പൗലൊസ് കൈകാര്യം ചെയ്തത്.

**[12]എന്നാൽ ശേഷമുള്ളവരോട് കർത്താവല്ല ഞാൻ തന്നെ പറയുന്നത് ഒരു സഹോദരന്ന് അവിശ്വാസിയായ ഭാര്യ ഉണ്ടായിരിക്കയും അവൾ അവനോടുകൂടെ പാർക്കുവാൻ സമ്മതിക്കയും ചെയ്താൽ അവളെ ഉപേക്ഷിക്കരുത്. [13]അവിശ്വാസിയായ ഭർത്താവുള്ള ഒരു സ്ത്രീയും അവൻ അവളോടുകൂടെ പാർപ്പാൻ സമ്മതിക്കുന്നു എങ്കിൽ ഭർത്താവിനെ ഉപേക്ഷിക്കരുത്. [14]അവിശ്വാസിയായ ഭർത്താവ് ഭാര്യ മുഖാന്തരം വിശുദ്ധീകരിക്കപ്പെട്ടും അവിശാസിയായ ഭാര്യ സഹോദരൻ മുഖാന്തരം വിശുദ്ധീകരിക്കപ്പെട്ടുമിരിക്കുന്നു. അല്ലെങ്കിൽ നിങ്ങളുടെ മക്കൾ അശുദ്ധർ എന്നു വരും. ഇപ്പോഴോ അവർ വിശുദ്ധർ ആകുന്നു. [15]അവിശ്വാസി വേറുപിരിയുന്നു എങ്കിൽ പിരിയട്ടെ. ഈ വകയിൽ സഹോദരനോ സഹോദരിയോ ബദ്ധരായിരിക്കുന്നില്ല. എന്നാൽ സമാധാനത്തിൽ ജീവിപ്പാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു. [16]സ്ത്രീയേ, നീ ഭർത്താവിന്നു രക്ഷ വരുത്തും എന്നു നിനക്ക് എങ്ങനെ അറിയാം? പുരുഷാ നീ ഭാര്യക്കു രക്ഷ വരുത്തും എന്നു എങ്ങനെ അറിയാം?**

**വാക്യം 12.** ക്രിസ്ത്യാനികൾ തമ്മിൽ തമ്മിലുള്ള വിവാഹത്തെ സംബന്ധിച്ച് ക്രിസ്തുവിന്റെ ഉപദേശം വളരെ വ്യക്തമാണ്. പക്ഷെ ക്രിസ്ത്യാനി അവിശ്വാസിയെ വിവാഹം കഴിക്കുന്നത് സംബന്ധിച്ച് ക്രിസ്തുവിന്റെ നേരിട്ടുള്ള ഉപദേശമില്ല. എങ്ങനെയായാലും പരിശുദ്ധാത്മാവിനോടു ചേർന്നു ചിന്തിച്ചാൽ (2:13) പൗലൊസ് ഈ സാഹചര്യത്തില് കർത്താവിന്റെ ഹിതം വെളിപ്പെടുത്തുവാൻ മടിച്ചിട്ടില്ല എന്നു കാണാം. യേശുവിന്റെ വാക്കുകളിൽ ദൈവഹിതം വെളിപ്പെട്ടിരുന്നതുപോലെ, പൗലൊസിന്റെ വാക്കുകളിലും ക്രിസ്തുവിന്റെ ഹിതം കാണാം.

ക്രിസ്ത്യാനികൾ തമ്മിലുള്ള വിവാഹത്തെ കുറിച്ച് അപ്പൊസ്തലലൻ മുൻപ് പരാമർശിച്ചിരുന്നു (7:10, 11). അതിനു പുറമെ, "അവിവാഹിതരോടും വിധവമാരോടുമുള്ള ഉപദേശവും"നൽകിയിരുന്നു (7:8, 9). **ശേഷമുള്ളവർ** എന്നു പറഞ്ഞിരിക്കുന്നത്, അവിവാഹിതരും അവിശ്വാസികളുമാണ്. യെഹൂദന്മാരെ വിവാഹം കഴിച്ച ക്രിസ്ത്യാനികൾക്കും അപ്പൊസതലന്റെ ഉപദേശം ബാധകമാണെന്ന് കരുതാം.

അവിശാസികളെ വിവാഹം കഴിച്ച വിശ്വാസികളോടുള്ള അപ്പൊസ്തലന്റെ വാക്കുകൾ, 7:10, 11 ൽ പറഞ്ഞതിനെ ഊന്നി പറയുന്നതാണ്. ഭാര്യ ഭർത്താവിനെ വേറുപിരിയരുത്, ("[അവനെ] ദൂരെ അയക്കരുത്"; 7:13), ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കയുമരുത്. വിവാഹബന്ധം നിലനിൽക്കണെമെങ്കിൽ പങ്കാളികൾ രണ്ടുപേരുടേയും സമ്മതം ആവശ്യമാണെന്ന് പൗലൊസ് തിരിച്ചറിഞ്ഞിരുന്നു. ഇന്ന് ചില സ്ഥലങ്ങളിൽ ഗവൺമെന്റ് ഇടപെടുന്നതുപോലെ പൗലൊസിന്റെ കാലത്ത്, വിവാഹകാര്യത്തിലും ഉപേക്ഷണത്തിലും ഗവൺമെന്റ് ഇടപെട്ടിരുന്നില്ല. ഡേവിഡ് എഫ്.ഗാർലന്റ് നിരീക്ഷിച്ചു, "വിവാഹബന്ധത്തിലേർപ്പെട്ടവർക്ക് പരസ്പര സമ്മതത്തോട് വേറുപിരിയുവാൻ അന്നു കഴിയുമായിരുന്നു. അതല്ലെങ്കിൽ ഒരാൾക്ക് ഏകപക്ഷിയമയി വീട്ടിൽനിന്നു ഇറങ്ങിപോയി അവരുടെ കുടുംബ ജീവിതം അവസാനിപ്പിക്കാമായിരുന്നു."[6]

**വാക്യം 13**. അവിശ്വാസിയായ സ്ത്രീയെ വിവാഹം ചെയ്ത വിശ്വാസിയോട് പൗലൊസ് നൽകുന്ന ഉപദേശം തിരിച്ചും ബാധകമാണ്. പങ്കാളി അവിശ്വാസിയാണെങ്കിൽ ഒന്നിച്ചു പാർപ്പാൻ ആഗ്രഹിക്കുന്നു എങ്കിൽ അവിശ്വാസിയെ ഉപേക്ഷിക്കരുത് എന്നാണ് നിർദ്ദേശം. ഭരത്താവ് ഭാര്യയെ ഉപേക്ഷിക്കരുത് എന്ന് നിഷേധരൂപത്തിലാണ് പൗലൊസ് പറയുന്നത് (μὴ ἀφιέτω, *മീ അഫിയെടോ*; 7:12) വിശ്വാസിയായ ഭാര്യ അവിശ്വാസിയായ ഭർത്താവിനെ ദൂരെ അയക്കരുത് (μὴ ἀφιέτω, *മി അഫീയെടോ*); രണ്ടു സ്ഥലത്തും ഒരേ ഗ്രീക്കുവാക്കാണ് ഉപയോഗിച്ചിരിക്കുന്നത്.

**വാക്യം 14**. വിവാഹബന്ധത്തിൽ അവിശ്വാസിയായ പങ്കാളി വിശ്വാസി മുഖാന്തരം **വിശുദ്ധീകരിക്കപ്പെടും** ഏന്നാണ് പൗലൊസ് പറഞ്ഞത്. ഇത് പോഷിപ്പിക്കുന്ന ഒരു പ്രശംസ ആകാം. എന്നാൽ ഊഹിക്കാവുന്ന സാഹചര്യമല്ല എന്ന് സന്ദർഭം വ്യക്തമാക്കുന്നു. ക്രിസ്ത്യാനിയുടെ ശരീരം “ദൈവത്തിന്റെ മന്ദിരം ആണെന്ന് അപ്പൊസ്തലൻ കൊരിന്ത്യരോടു പറഞ്ഞിരിക്കുന്നു” (6:19). അതിനാൽ ആ വ്യക്തിയുടെ ശരീരത്തെ “ഏക ദേഹമായി തീരും” എന്നതിനാൽ വേശ്യയോട് ബന്ധപ്പെടരുത് എന്ന് വിലക്കിയിരിക്കുന്നു (6:16). ഒരു വിശ്വാസി അവിശ്വാസിയുമായി ലൈംഗിക ബന്ധം പുലർത്തിയാൽ ആ വ്യക്തിയുമായി ഏക ദേഹമാകുന്നു എന്നതിനാൽ, അത് കർത്താപിന് പ്രസാദകരമാകുമോ? അപ്പോൾ വിശ്വാസിയായ പങ്കാളി അവിശ്വാസിയായ പങ്കാളിയെ ഒന്നുകിൽ പിരിയുകയോ അല്ലെങ്കിൽ ലൈംഗിക ബന്ദം പുലർത്താതിരിക്കുകയെങ്കിലും ചെയ്യണോ? “ആവശ്യമില്ല” എന്നാണ് പൗലൊസിന്റെ ഉത്തരം. വിവാഹബന്ധം സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. “പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും” (ഉല്. 2:24) എന്ന ആരംഭ വ്യവസ്ഥയോടും, “ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്” എന്ന യേശുവിന്റെ പ്രസ്താവനയോടം പൗലൊസ് ചേരുകയാണ് (മത്താ. 19:6). പങ്കാളി വിശ്വാസി ആണെങ്കിലും അല്ലെങ്കിലും ക്രിസ്ത്യാനി തിരഞ്ഞെടുത്ത പങ്കാളിയെ പിരിയരുത് എന്നതാണ് നിർദ്ദേശം.

ക്രിസ്ത്യാനിയുടെ ദൈവവുമായുള്ള ബന്ധത്താൽ, വിവാഹബന്ധത്തിലെ തന്റെ അവിസ്വാസിയായ പങ്കാളി “വിശുദ്ധീകരിക്കപ്പെടും” (ἡγίασται, *ഹാഗിയാസോ*) എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. സേവനത്തതിന് യോഗ്യമായി ദൈവത്താൽ അംഗീകരിക്കപ്പെടുമ്പോൾ വ്യക്തി, വസ്തു, പെരുമാറ്റം എന്നിവ “വിശുദ്ധീകരിക്കപ്പെടും” (ἁγιάζω, *ഹാഗിയോസോ*). മറ്റൊരു വിധത്തിൽ പറഞ്ഞാൽ “ലിശുദ്ധീകരിക്കപ്പെടുന്നു” എന്നാൽ “ലിശുദ്ധം” എന്നർത്ഥം. അവിശ്വാസിയായ പങ്കാളി വിശ്വാസിയായ പങ്കാളി നിമിത്തം വിശുദ്ധീകരിക്കപ്പെടും എന്നു ദൈവം പറഞ്ഞിരിക്കയാൽ ലിശ്വാസിയായ പങ്കാളി അവിശ്വാസിയായ പങ്കാളിയുമായി ജീവിക്കുന്നത് ദൈവാനുഗ്രഹമാണ് എന്നു കരുതാം.

വിവാഹത്തിൽ രണ്ടു പേരും ക്രിസ്ത്യാനികൾ അല്ല എങ്കിലോ? അവർ രണ്ടു പേരും തമ്മിലുള്ള ലൈംഗിക ബന്ധത്തെ ലദൈവം അംഗീകരിക്കുമോ? പൗലൊസിനെ സംബന്ധിച്ച് അത് വിദ്യഭ്യാസപരവും താൽപര്യം ജനിപ്പിക്കുന്നതുമായ ചോദ്യമാണ്. വിവാഹം കഴിച്ചവരായാലും അല്ലെങ്കിലും ക്രിസ്തുവിനെ കൂടാതെ അവർ നഷ്ടപ്പെട്ടവരാണ്. അവിശ്വാസികൾ തമ്മിലുള്ള ഏതു പ്രവൃത്തിയെയും ദൈവം അംഗീകരിക്കുന്നില്ല, കാരണം വിശ്വാസത്തിൽനിന്നുത്ഭവിക്കാത്തതെല്ലാം പാപം ആണ്. പാപത്തിൽ ജീവിക്കുന്നവർ ദൈവ

ത്തിൽനിന്നും അകന്നഏു പ്രത്യാശയില്ലാതെയാണ് ജീവിക്കുന്നത്. ഒന്നോ അതിലധികമോ പങ്കാളികൾ ക്രിസ്ത്യാനികളാകുമ്പോഴാണ് വ്യത്യാസം സംഭവിക്കുന്നത്. വിവാഹ ജീവിതത്തിൽ ഒരു പങ്കാളി വിശുദ്ധനോ വിശുദ്ധയോ ആണെങ്കിൽ കൂടെ പാർക്കുന്ന അവിശ്വാസി വിശുദ്ധീകരിക്കപ്പെടും.

വിവാഹബന്ധത്തിൽ ഒരാൾ വിശ്വാസിയാണെങ്കിൽ മറ്റെയാൾ വിശ്വാസി നിമിത്തം വിശുദ്ധീകരിക്കപ്പെടുമെന്ന് മാത്രമല്ല, അവരുടെ മക്കളും വിശുദ്ധരാകും.ആ പോയിന്റ് ഊന്നി പറയുവാൻ പൗലൊസ് അവിശ്വാസികളായ മാതാപിതാക്കൾക്ക് ജനിക്കുന്ന മക്കളെയും വിശ്വാസികളായ മാതാപിതാക്കൾക്കു ജനിക്കുന്ന മക്കളെയും എടുത്തു കാണിക്കുന്നു. വിശ്വാസിക്കും അവിശ്വാസിക്കും ജനിക്കുന്ന മക്കളെ ദൈവം വിശുദ്ധീകരിച്ചില്ല എങ്കിൽ അവരുടെ **മക്കൾ അശുദ്ധരായി** അറിയപ്പെടും. മക്കൾ അശുദ്ധരാകും എന്നു പൗലൊസ് പറയുവാൻ എന്താണ് കാരണം? ഒരു ശിശു പാപത്തോടുകൂടെ ജനിക്കുന്നു എന്നത് ദൈവം നിഷേധിച്ച കാര്യമാണ്. പൗലൊസിന് വർഷങ്ങൾക്ക് മുൻപ് ജീവിച്ചിരുന്ന പ്രവാചകനായിരുന്ന യെഹസ്കേൽ "പാപം ചെയ്യുന്ന ദേഹി മരിക്കും," "അപ്പന്റെ അകൃത്യം മക്കളിലേക്കോ, മക്കളുടെ പാപം മാതാപിതാക്കളിലേക്കു വരുന്നില്ല" എന്നു പറഞ്ഞിരിക്കുന്നു (യെഹെ. 18:20).

ആന്റണി സി. തിസെൽടൻ പറഞ്ഞത്, വിവാഹം കഴിച്ചവരിൽ ഒരാൾ വിശാസിയാണെങ്കിൽ അവർക്ക് ജനിക്കുന്ന മക്കൾ വിശുദ്ധരായിരിക്കും. വിശ്വാസിയോടുകൂടി ജീവിക്കുന്ന അവിശ്വാസിയും അവരുടെമക്കകളും ദൈവഭക്തിയുടെ ശക്തിയായിരിക്കും.[7] അപ്പനും അമ്മയും അവിശ്വാസികളാണെങ്കിൽ അവർക്ക് ജനിക്കുന്ന മക്കൾ അശൂദ്ദാരാകുവാനുള്ള കാരണം, വിശ്വാസിക്കു ലഭിക്കുന്ന ഉപദോശമോ, നടത്തിപ്പോ, സ്വാധീനമോ അവിശ്വാസിക്ക് ലഭിക്കുന്നില്ല. അവിശ്വോസികൾക്ക് ജനിക്കുന്ന മക്കളെ കുറിച്ച് വിചാരപ്പെടുവാനല്ല പൗലൊസ് ഇവിടെ പറയുന്നത്. മറിച്ച് പങ്കാളികളിൽ ആരെങ്കിലും ഒരാൾ ക്രിസ്ത്യാനിയാണെങ്കിൽ, അവരുടെ മക്കൾ അശുദ്ധരാകാതെ ഇരിക്കും എന്നതാണ്.

**വാക്യം 15.** ക്രിസ്തീയ പങ്കാളിക്ക് അവിശ്വാസിയായ പങ്കാളിയെ നിയന്ത്രിക്കുവാൻ സാധ്യമല്ല എന്ന് പൗലൊസ് തിരിച്ചറിഞ്ഞിരിക്കുന്നു; അതായത് അവനോ അല്ലെങ്കിൽ അവൾക്കോ, അവിശ്വാസി വിവാഹബന്ധത്തിൽ തന്നെ കഴിയണമെന്ന് നിർബന്ധിക്കുവാൻ നിർവ്വാഹമില്ല എന്നർത്ഥം. ദൈവം വിവാഹത്തെ ആയുഷ്ക്കാല ബന്ധമായിട്ടാണ് വെച്ചിരിക്കുന്നത്. എങ്കിലും പൗലൊസ് എഴുതി, **അവിശ്വാസി വേർപിരിയുന്നു എങ്കിൽ പിരിയട്ടെ**. അ-ക്രൈസ്തവ പങ്കാളി വിട്ടു പോയാൽ വിശ്വാസി കുറ്റക്കാരനല്ല. വിട്ടുപോകുന്ന ആൾക്ക് വിവാഹ ബന്ധത്തിൽ തുടരുവാനുള്ള ബാദ്ധ്യത ഇല്ല. പങ്കാളി വിട്ടു പിരിയുന്നതിനു മുൻപ് ക്രിസ്ത്യാനിക്ക് "ബാധ്യതയയുണ്ടായിരുന്നു," എന്നാൽ വിവാഹ ബന്ധത്തിൽ ആരാണ് അല്ലെങ്കിൽ എന്താണ് ബാധ്യത? വിവാഹത്തിൽ ദമ്പതികൾക്ക് തുല്യ ബാധ്യതയാണോ ഉള്ളത്? ആരുപക്ഷെ പൗലൊസിന്റെ മനസിൽ വിവാഹ ബന്ധത്തിലുള്ള ബാധ്യതയല്ല ഉണ്ടായിരുന്നത്.

വിവാഹ ജീവിതത്തിൽ നിന്ന് അവിശ്വാസി വിശ്വാസിയെ വിട്ടുപിരിയുന്നു എങ്കിൽ, പിന്നെ വിശ്വാസിക്കു ബാധ്യതയില്ല എന്നു പറഞ്ഞിരിക്കുന്നത് വ്യക്തിപരമല്ല, (സാമൂഹികം) ആണ്. ആകയാൽ ക്രിസ്തീയ പങ്കാളിക്ക് വിട്ടുപോകുന്ന വ്യക്തിയോട് സാമൂഹികമായ കടപ്പാട് ഇല്ല എന്നു വ്യക്തം. കൊരിന്തിലെ ക്രിസ്ത്യാനികൾക്ക് കപൗലൊസ് പറയുന്ന പോയിന്റ് മനസി

ലാക്കുവാനായി പറയുന്നു, **ദൈവം നമ്മെ സമാധാനത്തിനായി വിളിച്ചിരിക്കുന്നു**. ഒരു വിശ്വാസിയിൽ നിന്നു അവിശ്വാസിയായ പങ്കാളി വിട്ടുപോകുവാൻ ശ്രമിക്കുമ്പോൾ അയാൾ സമാധാനമല്ല കാംക്ഷിക്കുന്നത്.

വിട്ടുപിരിഞ്ഞ ക്രിസ്ത്യാനിക്ക് പുനർ വിവാഹം നടത്താമെന്ന് ചിലർ ഈ വേദഭാഗം എടുത്ത് വ്യാഖ്യാനിക്കുന്നുണ്ട്. "വിട്ടുപിരിയൽ" എന്നത് പലപ്പോഴും "പൗലൊസിൻ നിർദ്ദേശമായി" വ്യാഖ്യാനിക്കപ്പെടുന്നു. എന്നാൽ പൗലൊസിന്റെ വാക്കുകളിൽ നിന്നു പുനർവിവാഹത്തെ കുറിച്ചു പറയുന്നത് നാം കാണുന്നില്ല. അവൻ പറഞ്ഞത് "ഭാര്യ ഭർത്താവിനെ വേർപിരിയരുത്" (7:10), "ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കരുത്'പ്രിരിയുന്നു എങ്കിൽ അവിവാഹിതനായി കഴിയട്ടെ" (7:11). അവിശ്വാസിയായ ഭാര്യയോ ഭർത്താവോ വിട്ടുപിരിയുന്നു എങ്കിൽ കാരണം വിശ്വാസിക്കു ദൈവത്തോടുള്ള വിശ്വസ്തതയും സത്യവുമാണ് പ്രധാനം. വിശ്വാസം ഉപേക്ഷിക്കുന്നതിന് ഒരു ന്യായീകരണവുമില്ല. "അവിശ്വാസി വിട്ടുപിരിയുന്ന കാര്യത്തിൽ യേശു ഉപേക്ഷിക്കരുത് എന്നു പറഞ്ഞതും വാക്യം 15 ൽ പറയുന്നതുമായി ബന്ധമൊന്നുമില്ല."[8] ഈ സന്ദർഭത്തിൽ വിശ്വാസിക്ക് വിവാഹം തുടരുവാനുള്ള ബാധ്യതയില്ല എന്നു പറയുന്നത് പുനർവിവാഹത്തെ പ്രോൽസാഹിപ്പിക്കുന്നില്ല.

**വാക്യം 16**. അവിശ്വാസിയെ വിവാഹം കഴിച്ച വിശ്വാസി, രണ്ട് വ്യക്തികളെയും സമൂഹത്തെയും കണക്കിലെടുത്ത് ആ അവസ്ഥയിൽ തുടരുവാനുള്ള ഉയർന്ന നിലവാരമാണ് അപ്പൊസ്തലൻ നൽകുന്നത്-അതായത് അവരുടെ വൈവാഹിക ബന്ധം തുടരുന്നതാണ് നല്ലത് എന്നർത്ഥം. വിശ്വാസിയോട് വിവാഹ ബന്ധത്തിൽ തുടരുവാൻ പറയുന്നതിന് മറ്റൊരു കാരണം കാണാം. അവിശ്വാസിയെ വിവാഹം കഴിച്ചാൽ അവിശ്വാസിയോട് സുവിശേഷം അറിയിക്കുന്നതിനുള്ള അവസരം സംജാതമാകും. വിശ്വാസിയുടെ ഉപദേശവും മാതൃകയും അവിശ്വാസിയെ ക്രിസ്തുവിലേക്ക് തിരിക്കുവാൻ സഹായിക്കും. **നിങ്ങൾക്ക് എങ്ങനെ അറിയാം** എന്നു അപ്പൊസ്തലൻ ചോദിക്കുന്നു. "വിശ്വാസിയായ പങ്കാളി അവിശ്വാസിയായ പങ്കാളിയെ രക്ഷിക്കുമോ?"

ക്രിസ്തുവിനോട് മൽസരിച്ച് ഹൃദയം കഠിനപ്പെടുത്തിയവരെ കുറിച്ചാണ് അപ്പൊസ്തലൻ 7:15 ൽ പറയുന്നത് എന്നാണ് ചിലർ കരുതുന്നത്. എങ്കിലും ക്രിസ്ത്യാനിക്ക് അവിശ്വാസിയെ സംബന്ധിച്ച് ക്രിയാത്മക വിശ്വാസം ഉണ്ടായിരിക്കാം. അത്തരം ചിന്താഗതിക്കെതിരായിട്ടാണ് പൗല1സ് പറയുന്നത്, വിശ്വാസിയായി പങ്കാളി വിവാഹ ബന്ധത്തിൽ തുടരുവാനാണ് പറയുന്നത്.

ഭർത്താക്കന്മാരോട് തങ്ങളുടെ ഭാര്യമാരെ പരിവർത്തനം നടത്തുവാൻ പറയുന്നതിന് മുൻപ് പൗലൊസ് ഭാര്യമാരോട് തങ്ങളുടെ ഭർത്താക്കന്മാരെ ക്രിസ്തുവിലേക്ക് ആനയിക്കുവാൻ പറഞ്ഞിരിക്കുന്നത് പ്രാധാന്യമുള്ള കാര്യമാണ്. പുരുഷന്മാരേക്കാൾ സ്ത്രീകളായിരുന്നോ കൊരിന്ത്യ സഭയിൽ ഉണ്ടായിരുന്നത്?[9] പത്രൊസ് ഈ വിഷയത്തെ കുറിച്ച്, പ്രത്യേകിച്ച് സ്ത്രീകൾക്ക് തങ്ങളുടെ ഭർത്താക്കന്മാരെ എങ്ങനെ നേടാമെന്ന് പറഞ്ഞിരിക്കുന്നു. "ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർ വല്ലവരും വചനം അനുസരിക്കാത്തപക്ഷം ഭയത്തോടുകൂടിയ നിങ്ങളുടെ നടപ്പ് കണ്ടറിഞ്ഞ് ഭാര്യമാരുടെ നല്ല നടപ്പിനാൽ ചേർന്നു വരുവാനിടയാകും" (1 പത്രൊ. 3:1). എന്തെല്ലാം വിശദീകരണങ്ങൾ നൽകിയാലും സഭയിൽ സ്ത്രീകൾക്ക് നിഷേധിക്കാനാവാത്ത ഒരു പങ്കാണ് ഉള്ളത്.

## "ദൈവം ഓരോരുത്തരേയും വിളിച്ചതുപോലെ"
## (7:17-24)

പൗലൊസ് ഇവിടെ, എല്ലാവരും ന്യായവിധിക്കായി ദൈവമുൻപാകെ നില്ക്കുന്ന ലോകാവസാനത്തെ കുറിച്ച് ചിന്തിക്കുന്നു, ക്രിസ്ത്യാനി വിശ്വാസ പരിശ്രമം, തീരുമാനം എടുക്കുന്നതിന്റേയും സ്വഭാവങ്ങളുടെയും അടിസ്ഥാനത്തിലുള്ള ജീവിതത്തിനനുസരിച്ചാണ്, സന്ദർശന ദിവസത്തിലെ അവസ്ഥ എന്നു പറയാം. അതുകൊണ്ട് സാമൂഹ്യ ബന്ധം എങ്ങനെ പോകുന്നു എന്നു ശ്രദ്ധിക്കണം എന്നാണ് പൗലൊസ് പറയുന്നത്. വിവാഹം പ്രധാനപ്പെട്ട ഒരു സാമൂഹ്യബന്ധമാണ് പക്ഷെ നിത്യതയുമായി താരതമ്യം ചെയ്യുമ്പോൾ താൽക്കാലികമാണ്. ദൈവവുമായി അടുത്തിരിക്കുന്ന ഒന്നായിട്ടാണ് വിവാഹത്തെ കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ കണ്ടത്. കർത്താവിന്റെ മടങ്ങിവരവുമായി ബന്ധപ്പെട്ട് ചിന്തിക്കുമ്പോൾ ഭൗമികജീവിതത്തെ പുതിയ കാഴ്ച്ചപ്പാടിലാണ് കാണേണ്ടത്. മുൻപ് അവർ പ്രാധാന്യം കൽപിച്ചിരുന്ന അത്ര പ്രാധാന്യമല്ല ഇപ്പോൾ ഉള്ളത് എന്നർത്ഥം. അതുകൊണ്ട് ക്രിസ്തു വിളിക്കപ്പെട്ടപ്പോൾ വിവാഹിതരായവർ അങ്ങനെ തന്നെ തുടരുവാനാണ് കർത്താവ് ആഗ്രഹിക്കുന്നത്. ഭാര്യയോ ഭർത്താവോ ഇല്ലാതെ വിളിക്കപ്പെടുന്നവർ വിവാഹം കഴിക്കാതെ ജീവിക്കണം. "കാലം ചുരുങ്ങിയിരിക്കുന്നു" എന്നതിനാൽ, അപ്പൊസ്തലൻ വ്യക്തമായി പറയുന്നു "അങ്ങനെ തന്നേ തുടരുക" (7:29).

വിവാഹ ബന്ധത്തെ കുറിച്ചു പൗലൊസ് പറഞ്ഞുകൊണ്ടിരുന്നത് കൂടുതൽ മനസിലാക്കുവാൻ അപ്പൊസ്തലൻ മറ്റൊരു ചിത്രീകരണവും സാമൂഹ്യ ഇടപെടലും എടുത്തു കാണിക്കുന്നു. യെഹൂദനായോ, ജാതിയായോ, പരിഛേദനക്കാരനായോ, അഗ്രചർമ്മിയായോ ഒരാളെ വിളിക്കപ്പെട്ടേക്കാം. വംശീയ തിരിച്ചറിവ് ക്രിസ്ത്യാനിക്ക് അപ്രസക്തമാണ്. ശരീരത്തിലെ പഴയ മതപരമായ അടയാളങ്ങൾ ഇപ്പോൾ അർത്ഥശൂന്യമാണ്. ദാസനായും, സ്വതന്ത്രനായും ഒറാൾക്ക് ക്രിസ്തുവിനെ സ്വീകരിക്കാം. ഓരോരുത്തരുടെ സാമൂഹ്യ വ്യവസ്ഥയും ജോലിയും അങ്ങനെ തുടരാവുന്നതാണ്. വേദഭാഗം സൂചിപ്പിക്കുന്നത് കർത്താവ് മടങ്ങിവരുവാനിരിക്കുന്നു എന്നാണ്. അവൻ വരുമ്പോൾ, ഓരോരുത്തർക്ക് അവനവന്റെ പ്രവൃത്തിക്ക് തക്ക പ്രതിപലം നൽകും (2 കൊ. 5:10). ആകയാൽ പൗലൊസ് എഴുതി,

**17എന്നാൽ ഓരോരുത്തന്നു കർത്താവ് വിഭാഗിച്ചുകൊടുത്തതുപോലെയ
ും ഓരോരുത്തനെ ദൈവം വിളിച്ചതുപോലെയും അവനവൻ നടക്കട്ടെ; അങ്ങ
നെയാകുന്നു ഞാൻ സകല സഭകളിലും ആജ്ഞാപിക്കുന്നത് 18ഒരുത്തൻ
പരിഛേദനയോടെ വിളിക്കപ്പെട്ടുവോ, അഗ്രചർമ്മം വരുത്തരുത്. ഒരുത്തൻ
അഗ്രചർമ്മത്തോടെ വിളിക്കപ്പെട്ടുവോ, പരിഛേദന ഏൽക്കരുത്. 19പരിഛേദന
ഒന്നുമില്ല, അഗ്രചർമ്മവും ഒന്നുമില്ല, ദൈവകൽപന പ്രമാണിക്കുന്നതത്രെ
കാര്യം. 20ഓരോരുത്തൻ വിളിക്കപ്പെട്ട സ്ഥിതിയിൽ തന്നെ വസിച്ചുകൊള്ളട്ടെ.
21നീ ദാസനായി വിളിക്കപ്പെട്ടുവോ? വ്യസനിക്കരുത്. ഒരുത്തൻ സ്വതന്ത്രൻ
ആകുവാൻ കഴിയുമെങ്കിലും അതിൽ തന്നെ ഇരുന്നുകൊൾക. 22ദാസന
ായി കർത്താവിൽ വിളിക്കപ്പെട്ടവൻ കർത്താവിന്റെ സ്വതന്ത്രൻ ആകുന്നു.
അങ്ങനെ തന്നെ സ്വതന്ത്രനായി വിളിക്കപ്പെട്ടവൻ ക്രിസ്തുവിന്റെ ദാസൻ
ആകുന്നു. 23നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുന്നു. മനുഷ്യർക്ക് ദാസന്മാർ
ആകരുത്. 24സഹോദരന്മാരേ ഓരോരുത്തൻ വിളിക്കപ്പെട്ട സ്ഥിതിയിൽ തന്നെ**

**ദൈവസന്നിധിയിൽ വസിക്കട്ടെ.**

**വാക്യം 17.** ആ ക്രിസ്ത്യാനികൾ ആയ ഭാര്യാഭർത്താക്കന്മാർക്ക് പിൻപറ്റുവാൻ അപ്പൊസ്തലൻ രണ്ട് വസ്തുതകൾ ചിത്രീകരണം വിപുലീകരിച്ച് നൽകുന്നു. ഒന്ന്, പരിവർത്തന സമയത്ത്, **കർത്താവ് ഓരോരുത്തർക്കും വെച്ചിരി** [ക്കുന്ന] സാമൂഹ്യ വ്യവസ്ഥയിൽ തന്നെ വിശ്വാസി ജീവിക്കുക. രണ്ട്, ക്രിസ്ത്യാനി തന്റെ പരിവർത്തനത്തിനുമുൻപ് ഉണ്ടായിരുന്ന അയാളുടെ സാമൂഹ്യബന്ധത്തെ കുറിച്ച് **ദൈവം വിളിച്ച** [തായ] **ഓരോരുത്തർക്കും** പൂർണ്ണമായ അറിവുണ്ടായിരിക്കണം. ഒരാൾ ക്രിസ്തുവിലാകുമ്പോൾ കർത്താവിനു കീഴ്പ്പെടുന്നു, അതിനു വിഘാതം വരുത്തുന്നതായിരിക്കരുത് അയാളുടെ സാമൂഹ്യ ബന്ധം. അനാവശ്യമായ എതിർപ്പുകൾ ഒഴിവാക്കുവാനാണ് പൗലൊസ് ക്രിസ്ത്യാനികളോട് പറയുന്നത്. ഒരാൾ പരിവർത്തനം ചെയ്യുമ്പോൾ അയാളുടെ ജീവിത ശൈലി മുഴുവൻ മാറ്റുവാനല്ല ദൈവം പ്രതീക്ഷിക്കുന്നത്, മറിച്ച് പാപസ്വഭാവങ്ങൾ മാറ്റുവാനാണ്. ഒരാൾ "വിളിക്കപ്പെട്ട അവസ്ഥയിൽ തുടരുന്നതിനുള്ള" ഒരു ഉദാഹരണമാണ് വിവാഹം (7:20).

മുന്നവസ്ഥയിൽ തന്നെ കഴിയുവാനുള്ള നിർദ്ദേശം, തീർച്ചയായും സ്വയം-തൊഴിൽ ചെയ്യുന്നതിനെ വിലക്കുന്നില്ല. സഹോദരന്മാർ നിയന്ത്രിക്കുന്നനതും അല്ലാത്തതുമായി കാര്യങ്ങൾക്ക് ദൈവത്തോട് എല്ലാവരും കണക്കു കൊടുക്കണം എന്ന കാര്യം അപ്പൊസ്തലൻ അവരെ ബോധ്യമാക്കുന്നു. അവർ തങ്ങളെ അശുദ്ധമാക്കുന്ന കാര്യങ്ങളെ അറിഞ്ഞിരിക്കണം. ദൈവത്തിന്റെ ദൃഷ്ടിയിൽ, ധനവാനും, ദരിദ്രനും, ശക്തനും, ബലഹീനനുമെല്ലാം വിലപ്പെട്ടവരാണ്. ആളുകൾക്ക് ചെയ്യുവാൻ കഴിയുന്നതിനും, ചെയ്യുവാൻ കഴിയാത്തതിനും, മാറ്റം വരുത്താത്തതിനും ദൈവത്തോട് കണക്കു കൊടുക്കണം (2 കൊ. 8:12).

**ഞാൻ സകല സഭകളിലും ആജ്ഞാപിക്കുന്നത്** എന്ന പ്രസ്താവന കൊരിന്ത്യയിലെ ചില ക്രിസ്ത്യാനികൾ ലോല മനസ്ക്കരാകയാൽ പ്രതിരോധിക്കുവാനിടയുള്ളതുകൊണ്ടാകാം നടത്തിയത്, ഒരുപക്ഷെ പൗലൊസ്, സഭ അനുവർത്തിക്കേണ്ടതായ നിയമാവലികൾ എല്ലാ സഭകളിലും നൽകിയിരിക്കാം. ആ നിർദ്ദേശങ്ങൾ കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്ക് മാത്രമുള്ളതായിരുന്നില്ല എന്നു വ്യക്തം. കൊരിന്ത്യയിലായാലും, മറ്റെവിടെയായാലും ക്രിസ്ത്യാനിയായി ജീവിക്കുക എന്നത് വെല്ലുവിളി തന്നെയാണ്. അവർ ദൈവത്തെ സേവിക്കുന്നത് ദുഷ്ട ലോകത്തിൽ ജീവിച്ചുകൊണ്ടാണ്. ചില ക്രിസ്ത്യാനികൾ അന്ന് വിവാഹബന്ധത്തിൽ പ്രതിസന്ധി നേരിട്ടിരുന്നു, മറ്റു ചിലർ ഭൗതിക അടിമത്വത്തിലായിരുന്നു. അവർ അപ്പോഴും പാപമോചനം ലഭിച്ച് പ്രത്യാശയുള്ള മറ്റൊരു ലോകത്തിനായി കാത്തിരിക്കുന്ന ക്രിസ്ത്യാനികൾ ആയിരുന്നു.

**വാക്യം 18.** യേശു മരിച്ച ശേഷമുള്ള ആദ്യ ദശാബ്ദങ്ങളിൽ, യെഹൂദ ക്രിസ്ത്യാനികളിൽ പലരും ന്യായപ്രമാണത്തിൽ എരിവുള്ളവരായി തന്നെ കഴിഞ്ഞിരുന്നു. അവരിൽ പലരും വിശ്വസിച്ചിരുന്നത്, ജാതികൾ ക്രിസ്ത്യാനികളാകുന്നതിനു മുൻപ് അവർ ന്യായപ്രമാണം അനുസരിക്കണം എന്നായിരുന്നു (പ്രവൃ. 21:20). ജാതികളിൽനിന്നു പരിവർത്തനം ചെയ്തവർ ന്യായപ്രമാണം സ്വീകരിക്കണം എന്ന ആവശ്യം ഉയർന്നപ്പോൾ, അതിനോട് ദൈവശ്വാസിയ അപ്പൊസ്തലൻ പ്രതികരിച്ചു എന്നാൽ ഗലാത്യർ 5 ലും ഫിലിപ്പിയർ 3 ലും

ആ വിഷയത്തെ കുറിച്ചു പറഞ്ഞതുമായി യോജിക്കുന്നതാണ് 1 കൊരിന്ത്യർ 7:18, 19 ൽ പറഞ്ഞത്. ആ വിഷയത്തെ കുറിച്ച് ഇതുവരെയും ഒരു വിവാദവും ഉയർന്നിരുന്നില്ല.[10] പിന്നെ, പൗലൊസ് ആ വിഷയം എന്തിനാണ് ഇവിടെ പറഞ്ഞത്? ഭാര്യയായാലും ഭർത്താവായാലും, അവർ വിളിക്കപ്പെട്ട അവസ്ഥ യിൽ കഴിയട്ടെ എന്നു പറയുന്ന സന്ദർഭത്തിൽ, അഗ്രചർമ്മത്തെ കുറിച്ചും പ രിഛേദനനയെ കുറിച്ചും പറഞ്ഞതെന്തിന് (7:12-17)?

സാർവ്വലൗകിക സഭയെ കുറിച്ചാണ് അപ്പൊസ്തലന്റെ ഉൽക്കണ്ഠ, സഭ യിൽ യെഹൂദന്മാരും ജാതികളും ഉൾപ്പെട്ടിരുന്ന സന്ദർഭവും അവന്റെ മന സിൽ കാണും. ജാതികൾ ക്രിസ്ത്യാനികൾ ആകുമ്പോൾ ന്യായപ്രമാണം അനുസരിക്കണം എന്നു ശഠിക്കുന്ന യെഹൂദ ക്രിസ്ത്യാനികൾ പൗലൊ സിന് സംഘർഷം ജനിപ്പിച്ചിരുന്നു. പരിഛേദന എന്ന വിഷയം ആചാരവും വൈകാരികവുമായ ഒരു പ്രശ്നമായിരുന്നു, ദൈവത്തോടു ബന്ധപ്പെടുന്ന കാര്യത്തിൽ അത് പ്രാധാന്യമുള്ള വിഷയം ആയിരുന്നില്ല. ക്രിസ്ത്യാനി കൾക്ക് പരിഛേദനയിൽ താൽപര്യമില്ലാത്തത് വൈവാഹിക ബന്ധത്തിലേക്ക് കയറിവന്നു. വിവാഹം കഴിച്ചപ്പോൾ ഒരാൾ ക്രരിസ്ത്യാനി ആയാലും, അവി വാഹിതനായപ്പോൾ ക്രിസ്ത്യാനിയായാലും, മാറ്റം അനിവാര്യമായിരരുന്നു. **യെഹൂദ ക്രിസ്ത്യാനികൾ അഗ്രചര്മ്മം വരുത്തേണ്ട ആവശ്യമില്ല, ജാതികൾ പരിഛേദന ഏൽക്കേണ്ട ആവശ്യവുമില്ല**. വിവാഹം കഴിച്ച പരിവർത്തകൻ അതുപോലെ, വിവാഹം റദ്ദ് ചെയ്യേണ്ട ആവശ്യമില്ല; അവിവാഹിതർ വിവാ ഹത്തിനു ശ്രമിക്കയുമരുത്.

ജാതികളായ ക്രിസ്ത്യാനികൾ പരിഛേദന ഏൽക്കണം എന്ന യെഹൂദ ന്മാരുടെ ആവശ്യം നമുക്ക് മനസിലാക്കാം. എന്നാൽ പൗലൊസ് യെഹൂദക്രി സ്ത്യാനികളോട് എന്തിനാണ് പറയുന്നത്, അവർ “അഗ്രചർമ്മം വരുത്തേണ്ട ആവശ്യമില്ല” എന്ന്? ക്രിസ്തുവിനു മുൻപ് നൂറ്റാണ്ടുകളായി യെഹൂദന്മാർ പരിശീലിച്ചിരുന്ന പരിഛേദന എന്ന ആ അടയാളം മാറ്റുവാൻ ചില യെഹൂദ ന്മാർ ആഗ്രഹിച്ചിരുന്നു. യെഹൂദ വഴികളിലേക്ക് ഗ്രീക്ക് വഴികൾ കയറി വന്ന കാലമായിരുന്നു അത്. മറ്റു പരിശീലനങ്ങളെ പോലെ, പല നഗ്നരൂപങ്ങളൂടെ യെഹൂദ പാരമ്പര്യത്തിൽനിന്നു ഗ്രീക്കിലേക്കും, ഗ്രീക്ക് പാരമ്പര്യത്തിൽന ിന്നു യെഹൂദന്മാരിലേക്കും വന്നിരുന്നു.[11] പരിഛേദന പോലെയുള്ള ശരീര ത്തിലെ അടയാളങ്ങൾ മാറ്റുന്നത് ഗ്രീക്കുകാർക്ക് അപരിഷ്കൃതമായിട്ടാണ് തോന്നിയത്. പരിഷ്കൃതരായ യെഹൂദന്മാർ പലരും ഗ്രീക്കുവഴികൾ സ്വീക രിച്ചു, പരിഛേദന ഏറ്റവരുടെ നഗ്ന ചിത്രങ്ങൾ കായീകാഭ്യാസ കളരിയിൽ പ്രതിഷ്ഠിച്ചു. ഗ്രീക്ക് വാക്ക് ἐπισπάομαι (*എപിസ്പവോമായി*, “പരിഛേദന ... റദ്ദു ചെയ്യൽ”) പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് ഉള്ളത്. അതിന്റെ അർത്ഥം ഒരാളെയോ, അല്ലെങ്കിൽ എന്തിനെയെങ്കിലും, ക്രിയാത്മകമായോ, ന ിഷേധാത്മകമായോ ഉപയോഗിക്കുക എന്നാണ്.[12] യെഹൂദരന്മാർ തങ്ങളുടെ പരിഛേദന എന്ന അടയാളം മറയ്ക്കുവാനായി കണ്ടെടുത്ത ഓപ്പറേഷൻ നടത്തുന്ന വാക്ക് ആണ് അത്.[13] കൊരിന്തിലെ യെഹൂദ ക്രിസ്ത്യാനികൾ അവരുടെ പരിഛേദന അടയാളം നീക്കം ചെയ്യാൻ ശ്രമിച്ചു എന്നതിന് സാധ്യ തയില്ല. സൈദ്ധാന്തികമായിട്ടായിരിക്കാം അപ്പൊസ്തലലൻ പ്രസ്താവിച്ചത്. വിവാഹം കഴിക്കുകയോ കഴിക്കാതിരിക്കുകയോ എന്നതുപോലെ പരിഛേദന ഏൽക്കുന്നതും ഏൽക്കാതിരിക്കുന്നതും ആത്മിയമായ അർത്ഥത്തിൽ ഒരുപേ ാലെയാണ് എന്നത്രെ പൗലൊസ് പറഞ്ഞത്.

**വാക്യം 19. പരിഛേദന ഏതുമില്ല ... ദൈവ കൽപന പ്രമാണിക്കുന്ന തത്രേ കാര്യം** എന്ന പൗലൊസിന്റെ പ്രസ്താവന ശ്രദ്ധേയമാണ്. "പരിഛേദന" യെഹൂദന്മാർക്കുള്ള ദൈവകൽപനകളിൽ ഒന്നായിരുന്നു; അത് ഏറ്റവും പുരാതനമായ കൽപനയായിരുന്നു (ഉല്. 17:9, 10; യോശു. 5:2–5). അപ്പൊസ്തലൻ വിശ്വാസത്താലുള്ള ദൈവത്തിന്റെ വീണ്ടെടുപ്പ് അവതരിപ്പിക്കുമ്പോഴും തിരുവെഴുത്ത് അധികാരത്തെ അവൻ മാനിക്കുന്നു (റോമ. 4:3–8), അത് സഭയുടെ പരിശീലനത്തെ പിന്തുണക്കുന്നതാണ് (1 കൊ. 9:9), അല്ലെങ്കിൽ ധാർമ്മിക വഴിയുടെ മൂല്യം കാണിച്ചുകൊടുക്കുവാൻ സഹായകരവുമാണ് (ഗലാ. 5:14). അതേ സമയത്ത്, യെഹൂദന്മാരിൽ നിലനിന്ന ആചാരങ്ങൾ ജാതികൾക്ക് ബാധകമല്ല എന്ന കാര്യത്തിൽ പൗലൊസ് വിട്ടുവീഴ്ച്ച വരുത്തിയില്ല.

ഇനി തങ്ങൾ, യെഹൂദ വംശത്തിന്റെ സമ്പ്രദായങ്ങളും ആചാരങ്ങളും ക്രിസ്ത്യാനിയായി തീർന്ന സ്ഥിതിക്ക് പ്രമാണിക്കേണ്ടതില്ല എന്നു ശരിയായ കാഴ്ച്ചപ്പാടുള്ള യെഹൂദ ക്രിസ്ത്യാനികൾക്ക് മനസിലായി. യെഹൂദ ക്രിസ്ത്യാനികൾ തങ്ങളുടെ മുൻ സമ്പ്രദായങ്ങൾ പ്രമാണിച്ചാലും ഇല്ലെങ്കിലും അത് ജാതികളിൽനിന്നു ക്രിസ്ത്യാനികളായവരിൽ അടിച്ചേൽപിക്കാവുന്നതല്ല. വംശീയ അർത്ഥത്തിൽ, "ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു" (റോമ. 10:4). "ന്യായപ്രമാണത്തിൽ എരിവുള്ള" യെഹൂദന്മാരായിരുന്നു ക്രിസ്തുവിന്റെ സന്ദേശത്തെ തള്ളിക്കളഞ്ഞത് (പ്രവൃ. 21:20), അവരിൽ ക്രിസ്ത്യാനികളായവർ പോലും പരീശപക്ഷ വാദികളായി കാണപ്പെട്ടു. പൗലൊസ് ന്യായപ്രമാണത്തിന് എതിരായി പ്രവർത്തിക്കുന്നു എന്ന ധാരണയിലായിരുന്നു യെഹൂദന്മാർ പൗലൊസിനെ വക വരുത്തുവാൻ ശ്രമിച്ചത്. (പ്രവൃ. 15:5). ദൈവമുൻപാകെ നിൽക്കുമ്പോൾ, പരിഛേദന ഒന്നുമല്ല എന്നു പൗലൊസിന് അറിയാമായിരുന്നു; അതുപോലെ ഒരാളുടെ വിവാഹ ബന്ധത്തിനും ദൈവമുൻപാകെ പ്രസക്തിയില്ല. ഒരാൾ ക്രിസ്ത്യാനിയായി തീരുമ്പോൾ, അയാളുടെ വിവാഹ സാഹചര്യമോ ഭൗതികമായ തിരിച്ചറിയലോ മാറ്റേണ്ട ആവശ്യമില്ല.

**വാക്യം 20**. പരിഛേദനയെ കുറിച്ചുള്ള പരാമർശം അവസാനിപ്പിച്ച് പൗലൊസ് പറഞ്ഞു, **ഓരോരുത്തൻ വിളിക്കപ്പെട്ട അവസ്ഥയിൽ തന്നെ വസിക്കട്ടെ**. ആ ചിന്ത സാമൂഹ്യ ബന്ധത്തെയും വൈവാഹിക ബന്ധത്തെയും ബാധകമായിട്ടുള്ളതാണ്. വാക്യം 24 ൽ ഈ ചിന്ത അപ്പൊസ്തലൻ ആവർത്തിക്കുന്നു. അടിമത്വവും പരിഛേദനയും വിവാഹിതരെയും അവിവാഹിതരേയും പിന്തുണക്കുവാൻ ഉപയോഗിച്ചിരിക്കുന്നു.

**വാക്യം 21**. പരിഛേദനക്കാരെയും അടിമത്വത്തിലുള്ളവരേയും പൗലൊസ് ഇവിടെ സംബോധന ചെയ്യുന്നു. ക്രിസ്ത്യാനി, തന്റെ പരിവർത്തന സമയത്ത് ഏതു വൈവാഹിക അവസ്ഥയാണോ ഉള്ളത്, അതിൽ തുടരാം. വംശിയ സാഹചര്യത്തോടോ, വൈവാഹിക സാഹചര്യത്തോടോ താരതമ്യം ചെയ്യാവുന്നതല്ല അടിമത്വം എന്ന് അപ്പൊസ്തലൻ സമ്മതിക്കുന്നു. അവൻ പിന്നെ പറഞ്ഞു, **സ്വതന്ത്രൻ ആകുവാൻ കഴിയുമെങ്കിലും അതിൽ തന്നെ ഇരുന്നുകൊൾക.**[14] അതുകൊണ്ട്, അടിമകളോടുള്ള അപ്പൊസ്തലന്റെ പ്രബോധനം അവിവാഹിതരോടും/വിവാഹിതരോടും, പരിഛേദന ഏറ്റവരോടും/പരിഛേദന ഏൽക്കാത്തവരോടും ഉള്ള പ്രബോധനങ്ങളോട് സമാന്തരമായിരുന്നില്ല. ആദ്യത്തെ രണ്ടു വിഭാഗക്കാരായ സഹോദരങ്ങളോട് അവരെ വിളിക്കപ്പെട്ടതൽ സ്ഥിതി തുടരുവാനാണ് ആവശ്യപ്പെട്ടത്. എന്നാൽ അടിമകളോട് അവൻ

അൽപം മയപ്പെടുത്തി പ്രബോധിപ്പിച്ചിരിക്കുന്നു. **അതു കാര്യമാക്കരുത്**, എന്ന് എഴുതിയതിന്റെ അർത്ഥം, "നിങ്ങളുടെ നിലവാരം നിങ്ങളെ കലുഷിതമാക്കുവാൻ അനുവദിക്കരുത്, സ്വയം-പരിതപിക്കുന്ന അവസ്ഥ നിങ്ങൾക്ക് ഉണ്ടാകരുത്."

ഇതുവരെ അടിമകൾക്കുള്ള പ്രബോധനം വിവാഹിതരോടുള്ളതിന് സമാന്തരമാണ്. അത് വ്യാജോക്തി കലർന്നതായിരുന്നു. ഗ്രീക്ക്-റോമാ ലോകത്തെ അടിമകൾക്ക് വിവാഹം കഴിക്കുവാൻ അനുവാദമില്ലായിരുന്നു. അവരുടെ ശരീരങ്ങളെ ശരിയായിട്ടോ അല്ലെങ്കിൽ ദുരുപയോഗം ചെയ്യുവാനോ ഉള്ള അധികാരം അവരുടെ ഉടമസ്ഥർക്കായിരുന്നു. കാറ്റോ എന്ന റോമൻ കർഷകൻ താഴെ കൊടുത്തിരിക്കുന്ന ഉപദേശം നൽകി, "മോടിയിലാറാടിയിരുന്ന ക്ഷീണിച്ച കഴുത, ഉപയോഗപ്രദമല്ലാത്ത, കന്നുകാലികൾ, ആടുകൾ, കമ്പിളി, പഴയ ഉപകരണങ്ങൾ, വയസായ ദാസന്മാർ എന്നിവരെ ഒരു പഴയ വണ്ടിയിൽ കയറ്റി കൊണ്ടുപോയി വിൽക്കുക."[15] കാറ്റോയുടെ ആ പ്രസ്താവനയിൽ അടിമകളോടുള്ള സഹതാപം ഉൾക്കൊള്ളുന്നു. പ്രരാജയമായ അടിമകളെ സൂക്ഷിക്കുന്നത് പ്രയോജനമില്ലാത്ത പ്രവൃത്തിയാണ്. മനുഷ്യരിൽനിന്നു-കുറഞ്ഞവരാണ് അടിമകൾ എന്നതായിരുന്നു സമൂഹത്തിന്റെ വിലയിരുത്തൽ. ക്രിസ്തുവിൽ, വിവാഹിതനായാലും, അവിവാഹിതനായാലും, പരിഛേദനയേറ്റാലും, ഇല്ലെങ്കിലും, അടിമയായാലും സ്വതന്ത്രനായാലും എല്ലാം ഒന്നു തന്നെ.

**വാക്യം 22**. കൊരിന്ത്യ സഭയിൽ, യെഹൂദന്മാരും അടിമകളും ഉൾപ്പെട്ടിരുന്നതിനാൽ ആയിരിക്കാം പൗലൊസ് അടിമത്തവും പരിഛേദനയും ചിത്രീകരിച്ചത്, ലോകത്തിൽ, പുറമെ എങ്ങനെയായിരുന്നാലും അതിനേക്കാൾ ക്രിസ്ത്യാനി തന്റെ ആന്തരിക മനുഷ്യനേയാണ് പുതുക്കേണ്ടത്. പുറമെയുള്ളവയിൽനിന്നു ദൈവം നോക്കുന്നത് അവരുടെ പ്രത്യാശയും ദൈവഭക്തിയുമാണ്. പരിഛേദനയേക്കാൾ എളുപ്പത്തിൽ അടിമകളെ തിരിച്ചറിയുവാൻ കഴിയും. അടിമത്തം ഗ്രീക്ക്-റോമാ ലോകത്ത് ഒരു വ്യവസായ സ്ഥാപനം തന്നെയായിരുന്നു. ഒരിക്കൽ അടിമത്തത്തിൽ കുടുങ്ങിയാൽ, അപ്പൊസ്തലൻ ക്രിസ്ത്യാനിയോട് പറയുന്നു, നിങ്ങൾ **കർത്താവിന്റെ സ്വതന്ത്രൻ** ആകുന്നു; സ്വതന്ത്രനോട് പറയുന്നു. നിങ്ങൾ **ക്രിസ്തുവിന്റെ ദാസൻ** ആകുന്നു. ഭൗമിക ജീവിതം എളുപ്പമല്ല എന്നു ഇതു സൂചിപ്പിക്കുന്നു, എന്നാൽ ന്യായവിധിക്കുശേഷമുള്ള നിത്യജീവനാണ് ക്രിസ്ത്യാനിക്ക് ആശാവഹമായിട്ടുള്ളത്.

**വാക്യം 23**. ക്രിസ്തുവിന്റെ സർവ്വ ലോകത്തിനുമുള്ള സുവിശേഷം, ദാസനും സ്വതന്ത്രനും എന്നില്ല, എന്നു പറഞ്ഞത് വ്യക്തമാകാതിരുന്നതിനാൽ, പൗലൊസ് അത് സ്പഷ്ടമാക്കി. ക്രിസ്തു ക്രൂശിൽ മരിച്ചതിനാൽ, ദാസനായാലും സ്വതന്ത്രനായാലും, **ക്രിസ്ത്യാനികളാകുന്നവരെ അവൻ വിലെക്കു വാങ്ങിയിരിക്കുകയാണ്**. പ്രപഞ്ചത്തെ നോക്കിയിൽ, ക്രിസ്തുവിലാകുന്ന ദാസനും സ്വതന്ത്രനും തുല്യ്യരുമാണ്. ഒരു വിധത്തിൽ, ദാസൻ തന്റെ മറുപ്രതിയേക്കാൾ സാമ്പത്തിക ഭദ്രതയിലാണ് എന്നു പറയാം[16] മനുഷ്യരുടെ നിയമത്തെ പരിഗണിച്ചാലും, നിയമപരമായ കാര്യങ്ങളെ പരിഗണിച്ചാലും, ആത്മീയമായ ദുരുപയോഗം നടത്തുന്നവരോടും എല്ലാവരോടും അപ്പൊസ്തലൻ പറയുന്നത്, **മനുഷ്യർക്ക് ദാസന്മാർ ആകരുത്**. ദാസന്മാരായിരിക്കുന്നവർ, അതിൽ ദുഃഖിക്കാതെ നന്നായി സേവനം നടത്തുക. അതിനായി ലോകത്തിലുള്ള മൂല്യത്തേക്കാൾ ആത്മിക മൂല്യമാണ് നോക്കേണ്ടത്. ലോക

ത്തിന്റെ മൂല്യം വില മതിക്കുന്നവരാണ് "മനുഷ്യർക്ക് ദാസന്മാർ ആകുന്നത്." കർത്താവ് ദാസനെയും സ്വതന്ത്രനെയും വിലക്കു വാങ്ങിയത് അങ്ങനെയാണ്.

**വാക്യം 24.** അപ്പൊസ്തലൻ 7:20 ൽ പ്രസ്താവിച്ച ചിന്ത ആവർത്തിച്ചു കൊണ്ട്, ചുരുക്കി പറഞ്ഞു അവസാനിപ്പിക്കുവാൻ പോകുന്നു. **ഓരോരുത്തൻ വിളിച്ച അവസ്ഥയിൽ ദൈവത്തോടുകൂടെ വസിപ്പിൻ** എന്നത് അന്തർലീനമാക്കുന്നത്, ക്രിസ്ത്യാനി വിവാഹബന്ധത്തെ ബഹുമാനിച്ച് അപ്രകാരം ജീവിക്കണം എന്നാണ്. ക്രിസ്ത്യാനിയാകുവാൻ ഒരാൾ വീട്ടിൽ മാറ്റം വരുത്തേണ്ട ആവശ്യമില്ല. മറിച്ച് ക്രിസ്ത്യാനിത്വത്തിൽ, കുടുംബം സ്ഥിരതയിലായിരിക്കും.

## കൊരിന്ത്യയിലെ അവിവാഹിതരോടുള്ള നിർദ്ദേശം (7:25-40)

പൗലൊസിന് കൊരിന്ത്യൻ ക്രിസ്ത്യാനികൾ എഴുതിയ എഴുത്ത്, അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന കൊര്യന്ത്യയിലുള്ളവർ ക്രരിസ്തീയ ഉപദേശങ്ങൾ പ്രാവർത്തികമാക്കുവാന് ശ്രമിച്ചപ്പോൾ നേരിട്ട പ്രശ്നങ്ങളുടെ സാക്ഷീകരണമായിരുന്നു. ഗ്രീക്ക് ലോകത്തിൽ, ധാർമ്മികത, വീടുകൾ, കുട്ടികളെ വളർത്തൽ, വിവാഹ ബന്ധം എന്നിവ മാറുകയാണ്. കുടുംബങ്ങളെ അന്നു നേരിട്ട് ബാധിച്ചിരുന്ന കാര്യങ്ങളായിരുന്നു, വ്യഭിചാരം, ഗർഭഛിദ്രം, ശിശുക്കളെ മരിക്കുവവാനായി പുറത്ത് എറിയൽ, വിവാഹ മോചനം, കടുത്ത ദാരിദ്ര്യം, അടിമത്തം എന്നിവ. എന്നാൽ ക്രിസ്ത്യാനിയാകുമ്പോൾ പെരുമാറ്റം മാറണം, പക്ഷെ എത്രത്തോളം? എവിടെനിന്നാണ് തുടങ്ങേണ്ടത്?

പൗലൊസിന് കർത്താവിൽനിന്ന് നേരിട്ട് ഒരു പ്രസ്താവന ലഭിച്ചാൽ, ഉദാഹണത്തിന് (7:10) ഉദ്ധരണിയായി പറയും; അല്ലെങ്കിൽ ആ സാഹചര്യത്തിനു യോജിച്ച പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് അവനു ലഭിച്ചതാണെന്നു മനസിലാക്കാം. നൽകപ്പെട്ട ചില തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് അപ്പൊസ്തലൻ അന്യദേവന്മാരെ സേവിക്കുന്നവരുടെ ചിന്തയും പരിശീലനവും കൈകാര്യം ചെയ്തത്. വിവാഹ കാര്യത്തിൽ ക്രിസ്ത്യാനികൾ തൽസ്ഥിതി തുടരണമായിരുന്നു (7:20). വിവാഹിതരായ ദമ്പതികൾ സ്വയം ലൈംഗികതയിൽനിന്നു വിട്ടുനിൽക്കുകയോ, പങ്കാളിയിൽ അടിച്ചേൽപിക്കുവാനോ പാടില്ല. അവിശ്വാസിയെ വിവാഹം കഴിച്ച വിശ്വാസി തന്റെ വിവാഹബന്ധം തുടരണം.

പിന്നെ അപ്പൊസ്തലൻ തന്റെ ശ്രദ്ധ തിരിക്കുന്നത് അവിവാഹിതരിലേക്കാണ്. "നീ ചെയ്യണം," അല്ലെങ്കിൽ "നീ ചെയ്യരുത്" എന്ന നിലയിൽ അപ്പൊസ്തലൻ കൽപിക്കുകയായിരുന്നില്ല. പകരം അവൻ 7:26 ൽ ഒരു ഉപദേശം നൽകുകയും, 7:28 ൽ അനുവാദം നൽകുകയും ചെയ്തു.

കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ എഴുതി അയച്ച ചോദ്യങ്ങൾക്ക് ഉത്തരം നൽകിയപ്പോൾ പൗലൊസ്, വിവാഹിതരായ ദമ്പതിമാർ വിവാഹ ബന്ധത്തിൽ തുടരണം എന്നു സൂചിപ്പിച്ചതിനാൽ, അവർ ലൈംഗികബന്ധം പുലർത്തുന്നത് കുറവായി കാണാവുന്നതല്ല, കാരണം ക്രിസ്തു ഓരോരുത്തരെയും വിലക്കുന്നത് ഏത് അവസ്ഥയിലാണോ അതേ അവസ്ഥയിൽ വസിപ്പാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആ ചിന്ത അടുത്ത ഭാഗത്ത് വിശദമാക്കുന്നു.

### "അങ്ങനെ തന്നെ ഇരിക്കുക" (7:25-31)

**25കന്യകമാരെ കുറിച്ച് എനിക്ക് കർത്താവിന്റെ കൽപനയില്ല; എങ്കിലും**

**വിശ്വസ്തൻ ആകുവാൻതക്കവണ്ണം കർത്താവിന്റെ കൽപന ലഭിച്ചവനായി ഞാൻ അഭിപ്രായം പറയുന്നു. [26]ഇപ്പോഴത്തെ കഷ്ടം നിമിത്തം ഞാൻ പറഞ്ഞതുപോലെ, മനുഷ്യൻ അങ്ങനെ തന്നെ ഇരിക്കുന്നത് അവന്നു നന്നു എന്നു എനിക്ക് തോന്നുന്നു. [27]നീ ഭാര്യയോട് ബദ്ധിക്കപ്പെട്ടിരിക്കുന്നുവോ വേറുപാട് അന്വേഷിക്കരുത്, നീ ഭാര്യ ഇല്ലാത്തവനോ ഭാര്യയെ അന്വേഷിക്കരുത്. [28]നീ വിവാഹം ചെയ്താലും ദോഷമില്ല. കന്യകയും വിവാഹം ചെയ്താൽ ദോഷമില്ല. എങ്കിലും ഇങ്ങനെയുള്ളവർക്ക് ജഡത്തിൽ കഷ്ടത ഉണ്ടാകും. അത് നിങ്ങൾക്ക് വരരുത് എന്ന് എന്റെ ആഗ്രഹം. [29]എന്നാൽ സഹോദരന്മാരേ, ഇതൊന്നു ഞാൻ പറയുന്നു, കാലം ചുരുങ്ങിയിരിക്കുന്നു. [30]ഇനി ഭാര്യയുള്ളവർ ഇല്ലാത്തവരെ പോലെയും, കരയുന്നവർ കരയാത്തവരെ പോലെയും സന്തോഷിക്കുന്നവർ സന്തോഷിക്കാത്തവരെ പോലെയും വിലെക്ക് വാങ്ങുന്നവർ കൈവശമാക്കാത്തവരെ പോലെയും [31]ലോകത്തെ അനുഭവിക്കുന്നവർ അതിനെ അനുഭവിക്കാത്തവരെ പോലെയും ആയിരിക്കേണം. ഈ ലോകത്തിന്റെ രൂപം ഒഴിഞ്ഞുപോകുന്നുവല്ലോ.**

**വാക്യം 25.** "കുറിച്ച്" എന്ന പ്രയോഗം (περὶ δὲ, *പെരിഡേ*) സൂചിപ്പിക്കുന്നത്, കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ പൗലൊസിനോട് എഴുതി ചോദിച്ച ചോദ്യങ്ങളെ കുറിച്ചു പൗലൊസ് പ്രതികരിക്കുന്നു എന്നതാണ് (7:1; 8:1 ഹ 12:1; 16:1). പക്ഷെ ഈ സന്ദർഭത്തിൽ ഊന്നൽ മാറുന്നത് കാണാം. സഭയിൽ നിന്നുള്ള ചോദ്യത്തിന് ഒന്നിലധികം ഭാഗങ്ങൾ ഉണ്ടായിരുന്നേക്കാം. എങ്കിലും പൊതുവായ ചിന്ത ഒന്നു തന്നെയാണ്. ക്രിസ്ത്യാനിയായാൽ പൊതുവിൽ സ്വീകരിക്കപ്പെട്ടിട്ടുള്ള വിവാഹവും ലൈംഗികതയും ഉപേക്ഷിക്കണോ? 7:17 ൽ അവൻ തുടങ്ങിയ വിഷയത്തോടുകൂടി ഉത്തരം നൽകി "... മനുഷ്യൻ അങ്ങനെ തന്നെ ഇരികക്കുന്നത് അവന്ന് നന്നു" (7:26).

ഗ്രീക്ക്-റോമാ ലോകത്ത് "കന്യക" നമ്മുടെ ഈ കാലത്തിലെന്നപോലെ, പുരുഷനുമായി ബന്ധപ്പെടാത്ത സ്ത്രീയെയാണ് ഉദ്ദേശിക്കുന്നത്. പുരുഷാധിപത്യമുള്ള ആചാരവ്യത്യാസം നമ്മുടെ ഈ പഠനത്തിൽ വന്നിട്ടില്ല. ശാരീരികവും ആചാരപരവുമായ ചോദ്യങ്ങൾ മുകളിലേക്ക് വരാം.

ദൂതൻ മറിയക്ക് പ്രത്യക്ഷനായപ്പോൾ, അവൾ തിരിച്ചറിയപ്പെട്ടത് "ഒരു കന്യക" ആയിട്ടാണ് (ലൂക്കൊ. 1:27). എന്നാൽ യോസേഫിനെ കുറിച്ച് അതിനു സമാന്തരമായ പ്രസ്താവന നൽകുന്നില്ല (മത്താ. 1:20-25 നോക്കുക). ഗ്രീക്ക് ഇതിഹാസത്തിൽ അവർക്ക് മൂന്നു കന്യകാ ദേവിമാരുണ്ട്, അർത്തെമിസ്, അഥേന, ഹെസ്തിയ. ഗ്രീക്ക് പാന്തെയോണിൽ കന്യക ദേവന്മാരില്ല. ആ പോയിന്റെ വിശദീകരിച്ചാൽ അവസാനിക്കുകയില്ല. **കന്യകമാർ** എന്നതിൽ സ്ത്രീകളും പുരുഷന്മാരും അടങ്ങുന്നു (വെളി. 14:4 കെജെവി). എന്നാൽ പൗലൊസ് "കന്യകമാരെ കുറിച്ച്" എഴുതിയപ്പോൾ 7:25 ൽ പറയുന്നത്, അവിവാഹിതരും പുരുഷന്മാരുമായി ബന്ദന്ധപ്പെടാത്തവരുമാണ് (7:28, 36).[17]

കന്യകമാരെ കുറിച്ച് പൗലൊസ് പറയുന്നത് പ്രയാസമുള്ളതായിരുന്നില്ല; അത് വിവാഹ സന്ദർഭത്തിലായിരുന്നു. അവൻ ക്രിസ്തീയ വിവാഹത്തിലെ സ്ത്രീപുരുഷന്മാരോടാണ് നിർദ്ദേശിച്ചത്.

വിവാഹിതരായവർക്ക് പൗലൊസിന് വ്യക്തമായ ഉപദേശം ലഭിച്ചിരുന്നു ആദ്യം കർത്താവിൽനിന്നു നേരിട്ട് ലഭിച്ചവരിൽനിന്നാണ് കൈമാറിക്കിട്ടിയത് (7:10). വിവാഹത്തിന് തയ്യാറായിക്കൊണ്ടിരുന്ന യുവതീയുവാക്കൾക്കുള്ള

**കൽപന അവനു ലഭിച്ചിരുന്നില്ല**. എന്നാൽ അപ്പൊസ്തലൻ എന്ന നിലയിൽ അവന് ആവശ്യമായ വെളിപ്പാടുകൾ ആത്മാവിനാൽ ലഭിച്ചിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. തന്റെ നിർദ്ദേശം അവഗണിക്കണമെന്ന ഉദ്ദേശത്തിലായിരുന്നില്ല, **എന്റെ അഭിപ്രായം ഞാൻ പറയുന്നു** എന്നു സൂചിപ്പിച്ചത്. രണ്ടു തത്വങ്ങൾക്കാണ് പൗലൊസ് ദൈവികമായ അധികാരം അവകാശപ്പെട്ടത്: (1) വിവാഹിതർക്ക് വിവാഹബന്ധം തുടർന്ന് ലൈംഗികബന്ധം പുലർത്തുവാൻ ദൈവം അനുവദിക്കുന്നു, (2) വിവാഹബന്ധം ഒരു ആയുഷ്ക്കാല ബന്ധമാണ്. അതിനു പുറമെ, അവന് കർത്താവിന്റെ നടത്തിപ്പുള്ളതായും പറഞ്ഞു, ദൈവാത്മാവ് എനിക്കും ഉണ്ടെന്നു തോന്നുന്നു (7:40).

**വാക്യം 26.** വിവാഹത്തെ കുറിച്ച് പൗലൊസ് പൊതുവിൽ പറഞ്ഞ കാര്യങ്ങൾ വിവാഹജീവിതത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും ബാധകമാണ്. **ഇപ്പോഴത്തെ കഷ്ടത നിമിത്തം**, അപ്പൊസ്തലൻ പറയുന്നു, അവിവാഹിതർ **അങ്ങനെ തന്നെ കഴിയുന്നതാണ്** നല്ലത്. സഭയ്ക്കുള്ളിലുണ്ടായ "അപ്പോഴത്തെ കഷ്ടത" കൊരിന്ത്യ സഭയിലെ-വ്യക്തികളെ ബാധിച്ചിരുന്നു. കൂടുതൽ വിശദീകരിക്കേണ്ട ആവശ്യമില്ലായിരുന്നു.

**വാക്യം 27.** വിശ്വാസികളെ ദൈവം വിളിച്ചപ്പോൾ അവർ ഏത് അവസ്ഥയിലായിരുന്നോ ആ അവസ്ഥയിൽ തന്നെ വസിക്കട്ടെ എന്ന പ്രബോധനത്തോട് യോജിക്കുന്നതാണ് അവിവാഹിതരോടുള്ള പ്രബോധനവും. ക്രിസ്ത്യാനിയായ സ്ത്രീയോ പുരുഷനോ വിവാഹശേഷം ഭാര്യ ഭർത്താവിൽനിന്നും, ഭർത്താവ് **ഭാര്യയിൽനിന്നും മോചനം** ആഗ്രഹിക്കരുത്. ഭാര്യയിൽനിന്നു മോചനം ലഭിച്ച വിശ്വാസികൾ, ഒരിക്കലും വിവാഹം കഴിക്കാത്തവർ, പങ്കാളി മരിച്ചു പോയവർ, ഉപേക്ഷിക്കപ്പെട്ടവർ, "ഇപ്പോഴത്തെ കഷ്ടത നിമിത്തം" വിവാഹം കഴിക്കാതിരിക്കുന്നതാണ് നല്ലത്. അപ്പൊസ്തലൻ പറഞ്ഞത് സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ ബാധകമാണ്.

**വാക്യം 28.** പൗലൊസിന്റെ "അഭിപ്രായത്തിൽ" ഉള്ള അധികാരം (7:25) തുടർന്നുള്ള ഭാഗങ്ങളിൽ സ്പഷ്ടമാക്കിയിരിക്കുന്നു; അത് ഒരു കൽപന ആയിരുന്നില്ല. അപ്പൊസ്തലൻ വിശ്വാസയോഗ്യനാണെന്ന് കർത്താവിന് ബോധ്യമുണ്ടെങ്കിലും, ചിലർ അവന്റെ അഭിപ്രായം സ്വീകരിക്കുവാനിടയില്ല എന്ന് അവന് അറിയാമായിരുന്നു. തന്റെ വാക്കുകളെ മാനിക്കാതെ വിവാഹം കഴിക്കുവാൻ താൽപര്യപ്പെടുന്നവരോട് പൗലൊസ് എഴുതി, **നിങ്ങൾ പാപം ചെയ്തിട്ടില്ല**. കാരണം അത്തരം തീരുമാനം തന്റെ അപ്പൊസ്തലിക അധികാരത്തെയോ, തിരുവെഴുത്ത് അധികാരത്തെയോ മറികടക്കുന്നില്ല. വർത്തതമാന കാല സാഹചര്യമനുസരിച്ച് ബുദ്ധിയോടെ പ്രവർത്തിക്കുവാനായിരുന്നു പൗലൊസ് തന്റെ വായനക്കാരോട് പറഞ്ഞത്, പക്ഷെ അന്തിമ തീരുമാനം വ്യക്തികളിലായിരിക്കണം. അപ്പോഴും, അവൻ തന്റെ ഉപദേശത്തിൽ ഉറച്ചു നിന്നു. ഈ കാര്യത്തിൽ വിശ്വാസികൾക്ക് അവരുടെ മനസാക്ഷിയനുസരിച്ച് പ്രവർത്തിക്കാമെങ്കിലും. വിവാഹിതരായവർക്ക് ഈ **ജഡത്തിൽ കഷ്ടത** നേരിടുമെന്ന് അവൻ ഓർമ്മിപ്പിച്ചു. എന്നാൽ അവൻ തന്റെ വായനക്കാർക്ക് ഉറപ്പ് നൽകി, ഇത് നിങ്ങൾക്ക് വരരുത്. ക്രിസ്ത്യാനികൾക്ക് വിവാഹജീവിതം വിശുദ്ധമായ ഒന്നാണ്, പക്ഷെ "ഇപ്പോഴത്തെ കഷ്ടത നിമിത്തം" ആണ് വിവാഹം കഴിക്കാതിരിക്കുന്നതാണ് നല്ലത് എന്നു പറഞ്ഞത്. അന്യോന്യം സ്നേഹിക്കണം എന്ന കൽപന പ്രകാരം, സമ്മർദ്ദം നേരിടുമ്പോൾ, കർത്താവിനോടുള്ള വിശ്വസ്തതയിൽനിന്നും അകന്നുപോകുവാൻ സാധ്യതയുണ്ടു

(7 ഘ 32-35 ലെ പരാമർശം നോക്കുക).

**വാക്യം 29. കാലം ചുരുങ്ങിയിരിക്കുന്നു, ഇനി ഭാര്യമാരുള്ളവർ ഭാര്യമാരില്ലാത്തവരെ പോലെ ആയിരിക്കേണം.** ഈ വാക്യത്തിന്റെ ആദ്യഭാഗം പറയുന്നത് കാലം അവസാനിക്കാറായിരിക്കുന്നു എന്നാണ്. കർത്താവ് മടങ്ങി വരുന്ന സമയം അറിയാം എന്നല്ല പൗലൊസ് പറഞ്ഞത്, അല്ലെങ്കിൽ തന്റെ ആയുഷ്ക്കാലത്തിലോ, തന്റെ വായനക്കാരുടെ ആയുഷ്ക്കാലത്തിലോ കർത്താവ് വരുമെന്നുമല്ല അപ്പൊസ്തലൻ സൂചിപ്പിച്ചത്. കർത്താവിന്റെ വരവ് എപ്പോഴാണ് എന്നറിയാത്തതിനാൽ കാത്തിരിക്കാം. അവന്റെ വരവ് പ്രതീക്ഷിക്കുന്നവർ അതിനായി കാത്തിരിക്കും. ആ സഹോദരന്മാർക്ക് സമയം കുറച്ചേ ഉള്ളു എന്നു പൗലൊസിന് അറിയാമായിരുന്നു.[18] എങ്കിലും. പൗലൊസ് കൊരിന്തിൽ സുവിശേഷം അറിയിച്ചിട്ട് നൂറ്റാണ്ടുകൾ പിന്നിട്ടിരിക്കുന്നു.

ആദ്യ ക്രിസ്ത്യാനികൾ ജീവിച്ചത്, കർത്താവിന്റെ വരവിൽ കേൾക്കുവാനിരിക്കുന്ന കാഹള നാദവും പ്രധാന ദൂതന്റെ ശബ്ദവുമെല്ലാം കേൾക്കുവാനിരിക്കുന്ന ചിന്തയുമായിട്ടായിരുന്നു (1 തെസ്സ. 4:15). പൗലൊസിനും, യാക്കൊബിനും, പത്രൊസിനും തെറ്റു പറ്റിയോ? കർത്താവിന്റെ പ്രത്യക്ഷത ഉടനെ സംഭവിക്കുമെന്നതായിരുന്നു അപ്പൊസ്തലിക ഉപദേശം, എന്നാൽ അപ്പൊസ്തലന്മാർ അതിന്റെ സമയം പറഞ്ഞില്ല. എന്നാൽ കർത്താവിന്റെ മടങ്ങി വരവിനായി കാത്തിരിക്കുന്നവർ ഒരുക്കത്തോടെ ജീവിക്കുമ്പോൾ ലോകം അനുഗ്രഹസമ്പൂർണ്ണമായിരിക്കും-വിശ്വാസ ജീവിതം, ദയയും സൽഗുണവും. കർത്താവിന്റെ വരവ് സമീപമായിരുന്നതിനാൽ, ലോകത്ത് ജീവിക്കുന്ന ക്രിസ്ത്യാനികൾക്ക് മുൻപ് ഇല്ലാതിരുന്ന ഒരു പുതിയ കാഴ്ച്ചപ്പാട് ലഭിച്ചിരിക്കുന്നു.

സമയം അടുത്തടുത്ത് വരികയാൽ, "ഭാര്യമാരുള്ളവർ ഭാര്യമാരില്ലാത്തവരെ പോലെ" ആണ് ജീവിക്കേണ്ടത്. എത്ര തന്നെ കഷ്ടതയിൽ കൂടെ കടന്നു പോയാലും കൊരിന്ത്യയിലുള്ള അവിവാഹിതർ എല്ലാം അവസാനിക്കുവാനിരിക്കുന്നു എന്ന യാഥാർത്ഥ്യം തിരിച്ചറിയണമായിരുന്നു. അവിടെയുള്ളവർ ചിന്തിച്ചതും പ്രവർത്തിച്ചതും കർത്താവിന്റെ മടങ്ങി വരവിൽ സംഭവിക്കുന്നതുമായി അവർ ചേർത്ത് ചിന്തിച്ച് ജീവിക്കണം എന്നു സാരം. സമയം ചുരുക്കമാണ് എന്നതായിരുന്നു അവരുടെ സന്ദേശം. ക്രിസ്ത്യാനികൾക്കെല്ലാം അതു വാസ്തവമാണ്. കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ ഈ ജീവിതത്തിലെ കാര്യങ്ങളിൽ മുഴുകിയാണ് ജീവിച്ചിരുന്നത്. അവിടെയുള്ളവരുടെ ശ്രദ്ധ സ്വർഗത്തിലേക്ക് തിരിക്കുവാനായിരുന്നു പൗലൊസ് ആവശ്യപ്പെട്ടത്. ജാതികളുടെ അപ്പൊസ്തലൻ ക്രിസ്ത്യാനികളോട് കാര്യം ക്രമപ്പെടുത്തുവാൻ അത്യാവശ്യമായിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കി. റിച്ചാർഡ് ഈ. ഓസ്റ്റർ ഇപ്രകാരം അതിനെ കുറിച്ച് പറഞ്ഞു, "വിശ്വാസികൾക്ക് വാസ്തവത്തിൽ ഉറ്റു നോക്കുവാൻ യഥാർത്ഥത്തിൽ നിത്യജീവനായുള്ള പരിശ്രമം മാത്രമാണ്, കാരണം ഈ ലോകവും ലോകത്തിലുള്ളതുമെല്ലാം അഗ്നിക്കായി സൂക്ഷിച്ചിരിക്കയാണ്"[19] (2 കൊ. 5:4).

**വാക്യം 30.** കൊരിന്ത്യയിലുള്ളവർ ദൈവത്തെ അറിഞ്ഞിരിക്കയാലും, അവർ കർത്താവിന്റെ മടങ്ങി വരവിനായി കാത്തിരിക്കയാലും, വിവാഹത്തെ കുറിച്ചും, ജീവിതത്തിലെ മറ്റു കാര്യങ്ങളെ കുറിച്ചുമുള്ള അവരുടെ കാഴ്ച്ചപ്പാട് പുനക്രിമീകരിക്കണമായിരുന്നു. ഒഴിഞ്ഞു മാറുവാനുള്ള പ്രവണത നൽകുകയോ, അല്ലെങ്കിൽ കർത്താവ് വരുന്നതുവരെ നാല് മതിൽക്കെട്ടിൽ അടച്ചിടുവാനോ ഉള്ള നിർദ്ദേശം ആയിരുന്നില്ല അപ്പൊസ്തലൻ നൽകിയത്. ജീവിതം

ഉള്ളപ്പോൾ, ദൈവജനം **കരയുകയും, സന്തോഷിക്കുകയും, വാങ്ങുകയും വിൽക്കുകയും, കൈവശമാക്കുകയും** ചെയ്യും; എന്നാൽ ഇപ്പോൾ ദൈനന്ദിന ജീവിതത്തിൽ അവർക്ക് ഒരു ഉദ്ദേശം ഉണ്ട്. ദൈവം ഈ ലോകത്തെ ഉന്മൂല മാക്കുവാനിരിക്കുന്നു എന്ന യാഥാർത്ഥ്യം ക്രിസ്ത്യാനികൾ മനസിലാക്കണം. അതു വരെ ഈ ജീവിതം പ്രയാസമേറിയതായിരിക്കും. അങ്ങനെയാകുമ്പോൾ ക്രിസ്ത്യാനികൾ തങ്ങളുടെ ജീവിതത്തിലെ പ്രതിസന്ധി മാറ്റുവാൻ വിവാഹം ഒഴിവാക്കുന്നതാണ് നല്ലത്. പഴയ നിയമ കാലത്തെ പ്രവാചകന്മാരുടെ മുന്ന റിയിപ്പുകൾ പോലെയുള്ളതായിരുന്നു പൗലൊസിന്റെ പ്രബോധനത്തിലെ അടിയന്തരാവസ്ഥ. കർത്താവിന്റെ വരവ് അടുത്തിരിക്കുന്നു.

**വാക്യം 31.** കൂടാതെ പൗലൊസ് പറഞ്ഞു, ലോകത്തെ അനുഭവിക്കുന്നവർ അതിനെ അനുഭവിക്കാത്തവരെ പോലെയും ആകണം. ഈ ലോകത്തിന്റെ രൂപം ഒഴിഞ്ഞുപോകുന്നുവല്ലൊ. കൊരിന്തിലെ അവിവാഹിതർക്കും വിവാ ഹത്തെ സംബന്ധിച്ച് ആവശ്യമായ ഉപദേശം ലഭിച്ചു. ഭൗതികമായ ലോകം ഒഴിഞ്ഞു പോകുവാനിരിക്കുന്നു എന്നാണ് പൗലൊസ് അവരോട് പറഞ്ഞ ത്. അപ്പൊസ്തലൻ ഉപയോഗിച്ച ഗ്രീക്ക് ക്രിയയുടെ കാലം (παράγει, *പാരാഗെയി*) "ഒഴിഞ്ഞു പോകുന്നു" എന്നതു സൂചിപ്പിക്കുന്നത്, ആ നടപടി തുടങ്ങിയിരിക്കുന്നു എന്നാണ്. ലോകം ക്രമേണ അവസാനിക്കുമെന്നല്ല പറ ഞ്ഞത്, ആ നടപടി തുടങ്ങി എന്നാണ്. ദൈവത്തിനെതിരായ മൽസരവും പ ാപവും ഊതി വീർപ്പിച്ച ബലൂൺ പോലെയാണ്. പാപത്തിന്റെ പരിഹാരത്തിന ായി ലേകത്തിലേക്ക് അയച്ച രക്ഷകനെ സ്വീകരിക്കുന്നതിന്, ഉപേക്ഷിക്കുവാൻ പറഞ്ഞ പലതും അവരെ സമ്മർദ്ദത്തിലാക്കുന്നു; ആ പൊട്ടിത്തെറി സംഭവി ക്കുന്നത് വിദൂര ഭാവിയിലല്ല എന്നു തോന്നുന്നു. ക്രിസ്ത്യാനികൾ തങ്ങൾക്ക് ചുറ്റും ഒന്നു കണ്ണോടിച്ചാൽ അതു ശരിയാണ് എന്നു ബോധ്യമാകും. "ലോക ത്തിന്റെ രൂപം മാറുവാനിരിക്കുന്നു." വായനക്കാർക്ക് യോഹന്നാൻ എഴുതു മ്പോൾ, ഇതേ വാക്ക് ഉപയോഗിച്ചിരിക്കുന്നു, "ലോകവും അതിന്റെ മോഹവം ഒഴിഞ്ഞു പോകും," എന്നാൽ "ദൈവേഷ്ടം ചെയ്യുന്നവൻ എന്നേക്കും ജീവിക്കും" (1 യോഹ. 2:17).

### "നിങ്ങൾ കർത്താവിൽ സ്ഥിരമായി വസിക്കുക" (7:32-35)

**[32]നിങ്ങൾ ചിന്താകുലമില്ലാത്തവരായിരിക്കേണം എന്നു ഞാൻ ഇച്ഛി ക്കുന്നു. വിവാഹം ചെയ്യാത്തവൻ കർത്താവിനെ എങ്ങനെ പ്രസാദിപ്പിക്കും എന്നു വെച്ച് കര്ത്താവിനുള്ളത് ചിന്തിക്കുന്നു. [33]വിവാഹം ചെയ്തവൻ ഭാര്യയെ എങ്ങനെ പ്രസാദിപ്പിക്കുമെന്ന് വെച്ച് ലോകത്തിലുള്ളത്ചിന്തിക്കു ന്നു. വിവാഹം കഴിഞ്ഞവൾ ഭർത്താവിനെ എങ്ങനെ പ്രസാദിപ്പിക്കും എന്നു വെച്ച് ലോകത്തിലുള്ളത് ചിന്തിക്കുന്നു [34]അതുപോലെ ഭാര്യയായവൾക്കും കന്യകക്കും തമ്മിൽ വ്യത്യാസം ഉണ്ട്. വിവാഹം കഴിയാത്തവൾ ശരീര ത്തിലും ആത്മാവിലും വിശുദ്ധയാകേണ്ടതിന്ന് കർത്താവിനുള്ളത് ചിന്തി ക്കുന്നു. വിവാഹം കഴിഞ്ഞവൾ ഭർത്താവിനെ എങ്ങനെ പ്രസാദിപ്പിക്കും എന്നു വെച്ച് ലോകത്തിലുള്ളത് ചിന്തിക്കുന്നു. [35]ഞാൻ ഇത് നിങ്ങൾക്ക് കുടുക്ക് ഇടുവാനല്ല, യോഗ്യത വിചാരിച്ചും നിങ്ങൾ ചാപല്യം കൂടാതെ, കർത്താവിങ്കൽ സ്ഥിരമായി വസിക്കേണ്ടതിനും നിങ്ങളുടെ ഉപകാരത്തിനാ യിട്ടത്രെ പറയുന്നത്.**

**വാക്യം 32**. തന്റെ വായനക്കാരുടെ ഉൽക്കണ്ഠ ഒഴിവാക്കുവാൻ പൗലൊസ് പരമാവധി ശ്രമിച്ചിരിക്കയാണ്, "ഇപ്പോഴത്തെ കഷ്ടത" വിവാഹം കഴിഞ്ഞവർ നേരിടുന്നു (7:26); അവരുടെ പ്രിയപ്പെട്ടവരെയും ആ കഷ്ടത ബാധിക്കും. അവിവാഹിതനായ പുരുഷൻ കർത്താവിനെ എങ്ങനെ പ്രസാദിപ്പിക്കുമെന്ന് വെച്ച് ചിന്തിക്കുന്നതിനാൽ കുടുംബവിചാരങ്ങളിൽനിന്ന് അവൻ മുക്തനാകുന്നു. കൊരിന്ത്യയിലെ ഭാര്യയും ഭർത്തതാവും അന്യോന്യം കരുതുന്നതിനെ കുറിച്ച് വിചാരിച്ച് വ്യാകുലപ്പെടും എന്നാണ് അപ്പൊസ്തലൻ ഉറപ്പിച്ചു പറഞ്ഞത്. അവിവാഹിതർ അവിവാഹിതരായി കഴിയണമെന്ന് പൗലൊസ് പറയുവാനുള്ള കാരണം, **നിങ്ങൾ ചിന്താകുലമില്ലാത്തവരാകുവാൻ ഞാൻ ആഗ്രഹിക്കുന്നു**. ഭാര്യാഭർത്താക്കന്മാർ അന്യോന്യം കരുതുന്നു എന്നത് സ്വാഭാവികമാണ്. ഭാര്യക്കോ ഭർത്താവിനോ അപകടം നേരിടുമ്പോൾ, ഉപദ്രവമോ തടവോ അനുഭവിക്കേണ്ടി വന്നാൽ, പങ്കാളിയെ അതിൽനിന്ന് മോചിപ്പിക്കുവാൻ, ചിലപ്പോൾ ക്രിസ്തുവിനെ തന്നെ ഉപേക്ഷിക്കുവാൻ പരീക്ഷിക്കപ്പെടുന്ന സാഹചര്യമായിരിക്കാം.

ചില മതവിഭാഗങ്ങളിൽ, പുരോഹിതഗണം വിവാഹം കഴിക്കരുത് എന്നു വിലക്കുന്നതു, പൗലൊസ് പറഞ്ഞിരിക്കുന്നതുമായുള്ള ബന്ധത്തിലല്ല. വിവാഹം കഴിക്കാതിരുന്നാൽ കുടുംബഭാരം ഒഴിവാകയും, കർത്താവിൻെറ വേലക്ക് കൂടുതൽ ഊർജ്ജം ചെലവഴിക്കുവാൻ കഴിയുകയും ചെയ്യും. ലൈംഗികത മോഹിപ്പിക്കുന്ന പാപസ്വഭാവം ആണെന്നു ചിലർ വിശ്വസിക്കുന്നു. ആ കാരണങ്ങൾ പൗലൊസ് പറഞ്ഞില്ല. 7:32 ൽ പൗലൊസ് പറഞ്ഞ അവിവാഹിതരാകുവാനുള്ള കാരണം അതൊന്നുമല്ല. ഔദ്യോഗിക പുരോഹിതന്മാരെ ഈ സന്ദർഭത്തിൽ പൗലൊസ് പരിഗണിക്കുന്നില്ല. പൗലൊസിന്റെ ഉപദേശം കൊരിന്ത്യയിലെ എല്ലാ ക്രിസ്ത്യാനികൾക്കുമായിരുന്നു. കൂടാതെ സഭയെ ബാധിച്ച അസാധാരണ കഷ്ടതയും കാരണമായി.

**വാക്യം 33**. പൗലൊസിന്റെ എഴുത്തുകളിൽ, "ലോകം" (κόσμος, *കോസ്മോസ്*) എന്നു പറയുന്നത്, വർത്തമാനകാലത്തെ ദൂഷ്ടതയെ സൂചിപ്പിച്ചാണ് (എഫെ. 2:2). യോഹന്നാൻ "ലോകം" എന്നു പറഞ്ഞിരിക്കുന്നത് ക്രിസ്തുവിനെതിരായ എല്ലാം ഉൾപ്പെടുത്തിയാണ് (യോഹ. 8:23). കൂടുതലായും പൊതുവിൽ "ലോകം" എന്നു പറഞ്ഞാൽ അതിൽ വസിക്കുന്ന ആളുകളാണ്. **വിവാഹം കഴിച്ചയാൾ ലോകത്തിലുള്ളത് ചിന്തിക്കുന്നു** എന്നാണ് പൗലൊസ് പറഞ്ഞത്. അതായത് പങ്കാളിക്കും കുടുംബത്തിനും ആവശ്യമായതിനെ കുറിച്ച് ആയിരിക്കും. രണ്ടാം നൂറ്റാണ്ടിലെ സ്റ്റോയിക് തത്വചിന്തകന്മാർ കൂടുതലായും ഉപയോഗിച്ച വിഷയമായിരുന്നു "ലോകത്തിലുള്ളത്." വിവാഹിതനായ മനുഷ്യന്റെ ചിന്ത എങ്ങനെ വഴുതി പോകുന്നു എന്നു തത്വചിന്തകനായിരുന്ന എപിക്ടേറ്റസ് പറഞ്ഞിരിക്കുന്നു. അദ്ദേഹം എഴുതി,

> വിവാഹിതൻ, തന്റെ ഭാര്യക്കും, ഭാര്യയുടെ അമ്മയപ്പന്മാർക്കും, ബന്ധുക്കൾക്കുമായി സേവനം നടത്തുവാൻ ബാധ്യസ്ഥനാകുന്നു; അവസാനം അയാൾ തന്റെ ജോലിയില് നിന്നു പുറത്താക്കപ്പെടുകയും, കുടുംബ ജോലികളിൽ മുഴുകുവാൻ നിർബ്ബന്ധിതനാകുകയും ചെയ്യും ... കുട്ടിയെ കുളിപ്പിക്കുവാൻ പാത്രമെടുത്ത് വെള്ളം കോരുന്നു; പ്രസവം കഴിഞ്ഞ ഭാര്യക്ക് കമ്പിളി, എണ്ണ, സോപ്പ്, തുടങ്ങി (അനേകം വസ്തുക്കൾക്കായി) ഓടി നടക്കുന്നു, തന്റെ കച്ചവടത്തെ കുറിച്ചോ, മാറ്റത്ത കുറിച്ചോ സംസാ

രിക്കുവാൻ പോലും സമയം ലഭിക്കുന്നില്ല.[20]

എപിക്ടേറ്റസ് പറഞ്ഞതനുസരിച്ച്, ചുരുങ്ങിയത് തത്വചിന്തകന്മാർ വിവാഹം കഴിക്കുവാനേ പാടില്ല.

എപിക്ടേറ്റസിന്റെ ചിന്തയായിരുന്നില്ല പൗലൊസിന്റേത്. എങ്കിലും അവക്ക് സാമ്യമുണ്ട്. തത്വചിന്തകന്റേത് ഭൗതികവും വൈകാരികവുമായിരുന്നു എങ്കിൽ, പൗലൊസ് ആത്മിക ചിന്തയെ ഉണർത്തുകയാണ് ചെയ്യുന്നത്. കൊരിന്ത്യയിലെ വിവാഹിതരായ ദമ്പതികൾക്ക് പങ്കാളിയേയും മക്കളെയും കുറിച്ചുള്ള ചിന്ത അവരെ സമ്മർദ്ദത്തിലാക്കിയിരിക്കാം. ക്രിസ്തുവിനെ ഏറ്റുപറഞ്ഞതിനും ശേഷം, പ്രത്യേകിച്ച് കഷ്ടതയും ഉപദ്രവവും നേരിടുമ്പോൾ, തീരുമാനങ്ങൾ എടുക്കുന്നതിനു പ്രയാസപ്പെട്ടിരിക്കാം. ഉദാഹരണമായി, അപ്പൊസ്തലനായ പൗലൊസ് വിവാഹം കഴിച്ചിരുന്നുവെങ്കിൽ, തന്റെ ദൗത്യവും കഷ്ടതയും കുടുംബ ബാധ്യതയും അവനെ കൂടുതൽ സമ്മർദ്ദത്തിൽ ആക്കുമായിരുന്നു (2 കൊ. 11:22–29), അത് കുടുംബ ജീവിതത്തെ ബാധിക്കയും ചെയ്യുമായിരുനു.

**വാക്യം 34**. “ചിന്തിക്കുന്നു” എന്ന 7:33, 34 ലെ ക്രിയ (മെരിമാ) ഏകവചനമാണ്.[21] സംയുക്ത വിഷയമാണ് ഇവിടെ പ്രതീക്ഷിക്കുന്നതെങ്കിലും, (അക്ഷരികമായി, “അവിവാഹിതയായ സ്ത്രീയും കന്യകയും”) ബഹുവചനമാണ് പക്ഷെ അതല്ല ഇവിടെയുള്ളത്. “കന്യക” എന്നു ഇവിടെ പറഞ്ഞിരിക്കുന്നത് അവിവാഹിതയായ സ്ത്രീയാകാം. “കന്യകയെ” കുറിച്ചുള്ള ചിന്ത വിവരിക്കുവാൻ മോശ “വും” (μεριμνᾷ, *കായി*) പ്രയാസവും. ഗ്രീക്ക് എല്ലായ്പേഴും സ്ഥിരമായിരിക്കാത്തതിനാൽ ഇംഗ്ലീഷിലേതുപോലെ യോജിക്കുന്നില്ല. അക്ഷരികമായ ഗ്രീക്ക് “അവിവാഹിതയായ സ്ത്രീയെയും കന്യകയെയും കുറിച്ചുള്ള ചിന്ത” ആ വാചകം ശരിയായി മനസിലാക്കി തർജിമ ചെയ്തിരിക്കുന്നു: **അവിവാഹിതയായ സ്ത്രീയും കന്യകയും ലോകത്തിനുള്ളത് ചിന്തിക്കുന്നു**. എൻഐവിയിൽ “ഒരു അവിവാഹിതയായ സ്ത്രീ അല്ലെങ്കിൽ കന്യക” എന്നാണ്. പൗലൊസ് പറയുന്ന രണ്ടു തരം സ്ത്രീകളെയും കുറിച്ച് രണ്ട് തർജിമകളും പറയുന്നു. അതിൽ ഒരുകൂട്ടം സ്ത്രീകൾ വിവാഹം കഴിച്ച് വിധവകളായി തീർന്നവരാണ്, മറ്റെ കൂട്ടം സ്ത്രീകൾ ഒരിക്കലും വിവാഹം കഴിക്കാത്തവരാണ്. ആ വ്യാഖ്യാനമാണ് സന്ദർഭത്തോട് യോജിക്കുന്നത്. അവിവാഹിതരിൽ, ഒരു ഭാഗം മാത്രമാണ് കന്യകമാരെ, പ്രത്യേകമായി എടുത്തു പറഞ്ഞിരിക്കുന്നതു.

പൗലൊസിന്റെ വാദമനുസരിച്ച്—പുരുഷൻ (7:33), അല്ലെങ്കിൽ സ്ത്രീ (7:34)—പങ്കാളിയെയും മക്കളെയും പിന്തുണക്കുന്നതിന് ഉത്തരവാദിത്തമുള്ളവരാണ്. ക്രിസ്ത്യാനിയുടെ കരുതലിലുള്ള അവിശ്വാസി കർത്താവിനെ അനുസരിക്കാത്തതിനാൽ, കുടുംബത്തോടും പങ്കാളിയോടുമുള്ള ബന്ധം വ്യത്യസ്തമായിരിക്കും. “ലോകത്തിനുള്ളത് ചിന്തിക്കരുത്” എന്നല്ല അപ്പൊസ്തലൻ പറഞ്ഞത്. അപ്പൊസ്തലൻ ലോകത്തിനുള്ളത് ചിന്തിച്ചിരുന്നു എന്നതിന്റെ തെളിവാണ് യെഹൂദ്യയിലെ ദരിദ്രരെ സഹായിക്കുവാൻ ധർമ്മശേഖരവുമായി യെരുശലേമിലേക്ക് പോയത് (1 കൊ. 16:1). മറിച്ച് അവൻ പറയുന്നത് **ശരീരത്തിലും ആത്മാവിലും** വിശുദ്ധി സൂക്ഷിക്കുക എന്നതാണ് ഒരു ക്രിസ്ത്യാനിയുടെ പ്രാഥമിക ലക്ഷ്യം. അതിൽ നിന്നു വ്യതിചലിക്കുന്ന ചിന്ത ഒഴിവാക്കണം.

**വാക്യം 35.** കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ ജീവിച്ച സാഹചര്യമനുസരിച്ചായിരുന്നു പൗലൊസ് അവിവാഹിതരായവർ വിവാഹത്തെ കുറിച്ച് ചിന്തിക്കരുത്എന്നു പറഞ്ഞത്. അക്കാരണത്താൽ അവൻ ശ്രദ്ധാലു ആയിരുന്നു. 7:25 ലെ വിഷയം അവതരിപ്പിച്ച ശേഷം, അവൻ പറഞ്ഞു, "ഇപ്പോഴത്തെ കഷ്ടത നിമിത്തം അതു നല്ലതാണെന്ന് എനിക്ക് തോന്നുന്നു" (7:26; എംഫസിസ് ആഡഡ്) ഒരു അയവില്ലാത്ത സ്ഥാനമല്ല അപ്പൊസ്തലൻ ഇവിടെ സ്വീകരിച്ചിരിക്കുന്നത്. പിന്നെ അവൻ കൂട്ടിച്ചേർത്തു, നിങ്ങൾക്ക് കുടുക്ക് ഇടുവാനല്ല [βρόχον, *ബ്രോകോൺ*]; നിങ്ങളുടെ ഉപകാരത്തിനത്രെ ഞാൻ ഇതു പറഞ്ഞത്.

ആവശ്യമായ ഉപദേശത്തിന്റേയും (ഉദാഹരണത്തിന് ഗലാ. 5:1–3) അല്ലെങ്കിൽ ധാർമ്മികതയുടേയും കാര്യത്തിൽ (ഉദാഹരണത്തിന് 1 കൊ. 6:9, 10) പൗലൊസിന് ഒരു വിട്ടുവീഴ്ച്ചയുമില്ലായിരുന്നു. എങ്ങനെയായാലും, ഈ കാര്യത്തിൽ, വിശ്വാസികൾ സുവിശേഷ സന്ദേശത്തിൽ നിന്ന് ബുദ്ധിയോടെ പ്രവർത്തിക്കുവാനായിരുന്നു അപ്പൊസ്തലൻ നിർദ്ദേശിച്ചത്. അത് മനസിൽ വെച്ച്, പൗലൊസ് കൊരിന്ത്യർക്ക് ഏറ്റവും നല്ല ഉപദേശമാണ് നൽകിയത്. വിശ്വാസി വിവാഹത്തെ സംബന്ധിച്ച് വിധികർത്താവായി സ്വീകരിക്കേണ്ടത് ആ വ്യക്തിയുടെ മനസാക്ഷിയാണ്. **കർത്താവിനോടുള്ള ഭക്തി വിട്ടുകളയാതെ ഉചിതമായി പ്രവർത്തിക്കുവാനായിരുന്നു** അപ്പൊസ്തലൻ തന്റെ വായനക്കാരോട് ആവശ്യപ്പെട്ടത്.

### "ഇഷ്ടം പോലെ ചെയ്യട്ടെ" (7:36-38)

**36എന്നാൽ ഒരുത്തൻ തന്റെ കന്യകക്ക് പ്രായം കടന്നാൽ താൻ ചെയ്യുന്നത് അയോഗ്യം എന്നു നിരൂപിക്കുന്നു എങ്കിൽ അങ്ങനെ വേണ്ടി വന്നാൽ ഇഷ്ടം പോലെ ചെയ്യട്ടെ. അവൻ ദോഷം ചെയ്യുന്നില്ല. അവർ വിവാഹം ചെയ്യട്ടെ. 37എങ്കിലും നിർബ്ബന്ധമില്ലാതെ തന്റെ ഇഷ്ടം നടത്തുവാൻ അധികാരമുള്ളവനും ഹൃദയത്തിൽ സ്ഥിരതയുള്ളവനുമായ ഒരുവൻ തന്റെ കന്യകയെ സൂക്ഷിച്ചുകൊൾവാൻ സ്വന്ത ഹൃദയത്തിൽ നിർണ്ണയിച്ചു എങ്കിൽ അവൻ ചെയ്യുന്നത് നന്ന് 38അങ്ങനെ ഒരുത്തൻ തന്റെ കന്യകയെ വിവാഹം കഴിപ്പിക്കുന്നത് നന്ന്; വിവാഹം കഴിപ്പിക്കാതിരിക്കുന്നത് ഏറെ നന്ന്.**

**വാക്യം 36.** കെജെവി 7:36 തർജിമ ചെയ്തിരിക്കുന്നത് "തന്റെ കന്യകയോട് അയാൾ ചെയ്യുന്നത് ഉചിതമല്ല എന്നു തോന്നുന്നു എങ്കിൽ" എന്നാണ്. അതിന് മുൻപ് "അവന്റെ" എന്ന പ്രയോഗം വ്യക്തമല്ല. ഒരു മനുഷ്യൻ ആ സ്ത്രീയോ അപ്രകാരം പെരുമാറുന്നതിനെയാണ് ഇവിടെ പരാമർശിക്കുന്നത്. 2011 ലെ എൻഐവി ആ വേദഭാഗം പരിഷ്കരിച്ചു "ദ വെർജിൻ ഹി ഈസ് എൻഗെയിജ്ഡ് ടൂ" എന്നാക്കി. "ഹിസ് ഫീയാൻസി" എന്ന് ചേർത്ത് 1989 ൽ എൻആറ്എസ്വി യുടെ തർജിമ പരിഷ്കരിച്ചു. ഒരു സ്ത്രീയും പുരുഷനും തങ്ങളുടെ ലൈംഗിക ആകർഷണം നിയന്ത്രിക്കുവാൻ കഴിയുന്നില്ലെങ്കിൽ, വിവാഹം കഴിക്കട്ടെ.

എൻഈബി ആ വാക്യം വ്യത്യസ്തമായിട്ടാണ് മനസിലാക്കിയത്. അവർ 7:36 കൊടുത്തിരിക്കുന്നത് ഇങ്ങനെയാണ്, **തന്റെ കന്യകയായ മകളോട് ചെയ്യുന്നത് കൊള്ളരുതാത്തതാണെന്ന് അപ്പന് തോന്നുന്നു എങ്കിൽ** എന്നാണ്. കന്യക വിവാഹം കഴിക്കുന്നതിന് കൊരിന്ത്യയിലെ ആചാരമനുസ

രിച്ച് പെൺകുട്ടി അപ്പന്റെ അനുവാദം വാങ്ങിയിരിക്കണം എന്ന് ആ പ്രയോഗം സൂചിപ്പിക്കുന്നു അങ്ങനെയാണെങ്കിൽ കന്യകമാരെ വിവാഹം വിലക്കുന്നത് ശരിയാണോ തെറ്റാണോ എന്ന് അപ്പൻ തീരുമാനിക്കണം എന്നർത്ഥം. ഒരു കാര്യം അടിച്ചേൽപിക്കുന്നതിന് മുൻപ് കന്യകയുടെ ആഗ്രഹവും കുടുംബസമാധാനവും കണക്കിലെടുക്കണം. "ഇപ്പോഴത്തെ കഷ്ടത" എന്തായിരുന്നാലും (7:26), മാതാപിതാക്കൾ ഈ കാര്യത്തിലെടുക്കുന്ന തീരുമാനത്തെ മാനിക്കണം; ഫലത്തിൽ വരുന്ന വ്യത്യാസം സഹിക്കയും വേണം.

1970 ൽ അച്ചടിച്ച എൻഈബി മൂന്നാമത്തെ ഓപ്ഷൻ ആണ് തിരഞ്ഞെടുത്തത്. "വിവാഹം കഴിക്കാത്ത ഒരു പങ്കാളി ഒരു മനുഷ്യന് ഉണ്ടായാൽ" എന്നാണ്. ആ പരിശീലനം എത്ര വ്യാപകമാണെന്ന് നിശ്ചയമില്ല; രണ്ടാം നൂറ്റാണ്ടിലെ ചില ക്രിസ്ത്യാനികൾ അവിവാഹിതാവസ്ഥയാണ് വിവാഹിതരാകുന്നതിനേക്കാൾ വിശുദ്ധം എന്നു വിശ്വസിച്ചിരുന്നു. സാമൂഹിക സമ്മർദ്ദം നിമിത്തം ഒരേ മേൽകൂരയിൽ കഴിയുന്നവർ വിവാഹത്തിന് പ്രേരിതരാകുമ്പോൾ, ദുർന്നടപ്പ് ഒഴിവാകും. കന്യകാ വിവാഹം മനസിൽ വെച്ചുകൊണ്ടാവണം അപ്പൊസ്തലൻ പറയുന്നത് എന്ന രീതിയിലാണ് എൻഏഎസ്ബിയുടെ പദപ്രയോഗം. എങ്ങനെയായാലും പൌലൊസിന്റെ വായനക്കാർക്കിടയിൽ അത്തരം പരിശീലനം ഉള്ളതായി പൌലൊസിന്റെ ലേഖനങ്ങളിലോ, മറ്റു ഭാഗങ്ങളിലോ കാണുന്നില്ല. 1989 ൽ ആർ ഈബിയുടെ വ്യാഖ്യാനം എൻഈബി ഒഴിവാക്കി. എൻഐവിയോടും എൻആർഎസ്‌വിയോടും യോജിക്കുന്നതാണ്, "വിവാഹ നിശ്ചയം ചെയ്തിരിക്കുന്ന പെൺകുട്ടി" എന്ന വ്യാഖ്യാനം.

"കൊള്ളരുതാത്ത പ്രവൃത്തി" (ἀσχημονεῖν, *ആസ്കെനോനെയിൻ*), ഇവിടെ പറയുന്ന പുരുഷൻ കന്യകയെ വിവാഹം കഴിക്കുവാൻ പോകുന്നവനാണോ, അതോ കന്യകയെ വിവാഹം കഴിച്ചുകൊടുക്കുന്നവനാണോ എന്നതാണ് ചോദ്യം. വാക്യം 38 ൽ പൗലൊസ് പറയുന്നത് കന്യകയെ വിവാഹം ചെയ്തു കൊടുക്കുന്ന അപ്പനെയാണ് എന്ന് ഒരു കൂട്ടർ വാദിക്കുന്നു. അതേ പുരുഷനെയായിരിക്കാം പൗലൊസ് വാക്യം 36 ൽ പരിഗണിച്ചിരിക്കുന്നത്. പൗലൊസ് ഉപയോഗിച്ചത് ക്രിയാരൂപമാണ് (γαμέω, *ഗമെയെയോ*), സാധാരണ അർത്ഥമാക്കുന്നത്, "വിവാഹം ചെയ്തു കൊടുക്കൽ" (മത്താ. 22:30; 24:38) രണ് വാക്യങ്ങളിലും പറയുന്ന വിഷയം അപ്പനാണ്, അല്ലാതെ പ്രതിശ്രുത വധു അല്ല. അതു മനസിലാക്കി, അയാൾ തന്റെ മകൾക്ക് **യുവത്വം കഴിഞ്ഞിട്ടും** (ᾖ ὑπέρακμος, *എ ഹുപെരാക്മോസ്;* 7:36) വിവാഹം കഴിച്ചു കൊടുക്കാതിരിക്കുന്ന പ്രവൃത്തിയെ സമൂഹം "കൊള്ളരുതാത്ത പ്രവൃത്തിയായി" ചിത്രീകരിക്കും.

"വിവാഹ നിശ്ചയം ചെയ്ത കന്യക" എന്ന ചിലരുടെ വാദം (എൻഐവി), എൻഏഎസ്ബി കൊടുത്തിരിക്കുന്നത് γαμείτωσαν (*ഗനെയിടോസാൻ*), "അവൾ വിവാഹം കഴിക്കട്ടെ" (7:36). ആ വാക്ക് അനിവാര്യതയെ കാണിക്കുന്ന ബഹുവചനമാണ്. എന്തുകൊണ്ട്, "അവർ വിവാഹം കഴിക്കട്ടെ" എന്നു തർജിമ ചെയ്തുകൂടാ? കൂടാതെ ക്രിയ γαμέω (*ഗാനെയോ*) "വിവാഹം കഴിക്കുക" എന്ന് വാക്യം 36 ലും γαμίζω (*ഗാമിസോ*, "വിവാഹം ചെയ്തു കൊടുക്കൽ") വാക്യം 38 ലും മാറി മാറി ഉപയോഗിച്ചിരിക്കുന്നു. ഈ വാക്യത്തിൽ രണ്ടു ക്രിയകളും ഒരേ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് എന്ന്, ഏ-ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ എന്ന പുസ്തകം ഉപയോഗിക്കുന്നവർ പറയുന്നത്.[22]

എൻഏഎസ്ബിയിൽ കൂട്ടിച്ചേർത്ത പ്രയോഗം "അവൾക്ക് യൗവ്വനം കഴിഞ്ഞാൽ" എന്നാണ്. ഗ്രീക്കിൽ ലിംഗ വ്യത്യാസമില്ലാതെയാണ് വാക്ക് ഉപയോഗിച്ചിരിക്കുന്നത്, "അവൾ" എന്നും "അവൻ" എന്നും തർജിമ ചെയ്യാവുന്നതാണ്. എൻഐവിയിൽ "അവന് പ്രായം കഴിഞ്ഞാൽ" എന്നാണ്, എന്നാൽ എൻആർഎസവിയിൽ, "അവന്റെ ആസക്തി ശക്തമാണെങ്കിൽ" എന്നാണ്. മുൻ വാക്യങ്ങളിൽ പറഞ്ഞ ലൈംഗിക താൽപര്യവും വിവാഹവുമാണ് വിഷയം. സ്ത്രീ വിവാഹത്തിനു പ്രായമായോ എന്നതല്ല. വിഷയം തുടരുവാനാണ് വായനക്കാർ പ്രതീക്ഷിക്കുന്നത്.

വ്യാഖ്യാനങ്ങൾ സൂക്ഷ്മ നിരീക്ഷണം നടത്തി വ്യത്യാസം മനസിലാക്കിയാൽ, ഇന്ന് സഭയ്ക്ക് അതു പ്രായോഗികമാക്കുവാൻ പ്രയാസം നേരിടുകയില്ല. എങ്ങനെയായാലും, പൗലൊസ് പറയുന്നത് താൽപര്യമുള്ള കക്ഷികൾക്ക് വിവാഹം കഴിക്കാമെന്നാണ്. പൗലൊസ് പറയുന്നത് വിവാഹം കഴിക്കുവവാനിരിക്കുന്നവരെ കുറിച്ചാണ്, അല്ലാതെ വിവാഹം കഴിച്ചുകൊടുക്കുവാനിരിക്കുന്ന ആളെ കുറിച്ചല്ല പൗലൊസ് പറയുന്നത് എന്നതാണ് ശരിയായ വ്യാഖ്യാനം. ആ തീർപ്പിനെ സാധൂകരിക്കുന്നതാണ് വാക്യ 37 ഉം 38 ഉം.

**വാക്യം 37**. "ചെയ്യരുത്," "ചെയ്യണം" എന്നിങ്ങനെയുള്ള കൽപനകളിൽനിന്നു വ്യത്യസ്തമായി വിശ്വാസികൾ ധാർമ്മിക തീരുമാനങ്ങൾ കൈക്കൊള്ളുന്നത് എളുപ്പമല്ല. കൊരിന്ത്യ സഭയിൽ വിവാഹത്തെ നേരിട്ടത് ആ വിധത്തിലായിരുന്നു. ഉൾപ്പെട്ടിരിക്കുന്ന ആളുകൾ അനുസരിച്ച്, ആസക്തിയാണ് പ്രശ്നമെങ്കിൽ, സമ്പ്രദായങ്ങളെ നിരീക്ഷിച്ചാൽ ചിലർക്ക് നന്നായി തോന്നുന്ന തീരുമാനം മറ്റുള്ളവർക്ക് നന്നായിരിക്കണമെന്നില്ല. വിവാഹം കഴിക്കുന്നതാണ് നല്ലതെന്ന ഉപദേശമാണ് അപ്പൊസ്തലൻ 7:36 ൽ നൽകുന്നത് എന്ന തീർപ്പിൽ എത്താവുന്നതാണ്. അത് സ്വീകരിച്ചാൽ, ക്രമെണ അപ്പൊസ്തലൻ മുൻപ് പറഞ്ഞ നിർദ്ദേശത്തിലേക്ക്, ചില നിബന്ധനകളോടുകൂടെ മടങ്ങി വരുന്നനതായി കാണാം.

വിവാഹത്തെ കുറിച്ചു ചിന്തിക്കുന്ന ആൾ "ഇപ്പോഴത്തെ കഷ്ടത നിമിത്തം" വിവാഹം കഴിക്കാതിരിക്കുന്നതാണ് നല്ലത് എന്ന മാർഗരേഖയാണ് പൗലൊസ് നൽകിയത് (7:26). കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ ലോകാവസാന കാഴ്ച്ചപ്പാടിൽ ആയിരുന്നുവെങ്കിലും (7:31), **ഹൃദയത്തിൽ ഉറപ്പുള്ള**വർ വിവാഹം കഴിക്കാതിരിക്കുന്നതാണ് നല്ലത്. വ്യത്യസ്തമായി ചിന്തിച്ചാൽ, ഇന്ദ്രിയ-ജയമില്ലാത്തവർ (**സ്വന്ത ഇഷ്ടപ്രകാരം**) **ഹൃദയ നിശ്ചയമുള്ളവർ** വിവാഹം കഴിക്കാം.

പിതാക്കന്മാരുടെ കാലത്തെ ഓർമ്മിച്ച് പൗലൊസ്, സ്ത്രീയിലേക്ക് ശ്രദ്ദ തിരിക്കുന്നു. തീരുമാനം പുരുഷന്റേത്. വിവാഹത്തെ സംബന്ധിച്ച് ശ്രദ്ധിച്ച് തീരുമാനമെടുക്കണം, ആഗ്രഹങ്ങളിൽ നിരപ്പ് വേണം, സ്വയ നിയന്ത്രണത്തോടുകൂടെ "കന്യകമാരെ" പരിഗണിക്കേണ്ടത്, ലോകം ഒഴിഞ്ഞുപോകുവാനിരിക്കുന്നു എന്ന കാരണത്താൽ (7:31), വിവാഹം കഴിക്കണോ വേണ്ടയോ എന്നു തീരുമാനിക്കണം. ചെയ്യുന്നത് നന്ന് എന്നാണ് പൗലൊസ് പറഞ്ഞത്. തന്റെ നില ഉറപ്പിക്കുവാൻ സാമൂഹ്യ സമ്മർദ്ദവും പരിമിതികളും അയാൾക്ക് ഉണ്ട്. അയാൾക്കും അയാളുടെ പ്രതിശ്രുത വധുവിനുമായും അയാളാണ് തീരുമാനം എടുക്കേണ്ടത്. ഈ വ്യാഖ്യാനം ശരിയാണെങ്കിൽ, എൻഏഎസ്ബിയുടെ കൂട്ടിച്ചേർത്ത മകൾ നല്ല-ഉപദേശം ആയിരിക്കയില്ല. ഇവിടെ പറയുന്നത് പുരഷൻ ആണെങ്കിൽ, ഭാര്യയെ എടുക്കുന്നതാണ്, അല്ലാതെ മകളെ വിവാഹം ചെയ്തു

കൊടുക്കുന്നതല്ല.

**വാക്യം 38**. പൗലൊസ് 7:25 ൽ ആമുഖമായി തുടങ്ങിയ ചർച്ച ചുരുക്കമമായി അവസാനിപ്പിക്കുകയാണ്. അതേ സമയം, പുതിയ വിശ്വാസി തന്റെ നിലവാരപ്രകാരം അവിവാഹിതനായി കഴിയുവവാനാണ് ഉപദേശിച്ചത് (7:20). ലോകത്തുള്ള ആർക്കും "ശരിയായ" ഉത്തരം നൽകുവാൻ കഴിയാത്ത ചോദ്യമാണ് പൗലൊസ് ചോദിക്കുന്നതും വിശദീകരിക്കുന്നതും. ധാർമ്മികമായ തിരഞ്ഞെടുപ്പുകൾക്ക് പലതിനും ശരിക്കും തെറ്റിനും പകരം കാണും; താൻ എടുക്കുന്ന തീരുമാനത്തിനും പ്രവർത്തിക്കും താൻ തന്നെ ഉത്തരവാദിയായിരിക്കുമെന്ന ചിന്തയാണ് മുന്നിട്ടു നിൽക്കുന്നത്.

പൗലൊസിന്റെ എഴുത്തുകളിൽ ഇവിടെ മാത്രമാണ് "വിവാഹത്തിനു നൽകുക (γαμίζω, *ഗാമിസോ*), യേശു അത് ആറു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. യേശുവിന്റെ പ്രസ്താവനകളിൽ അർത്ഥം വിവാഹത്തിനു കൊടുക്കൽ" എന്നാണ് (മത്താ. 24:38), അല്ലെങ്കിൽ "വിവാഹത്തിനു കൊടുക്കപ്പെടുക" (മത്താ. 22:30; മർ. 12:25; ലൂക്കൊ. 17:27; 20:34, 35). പുതിയ നിയമത്തിന് മുൻപുള്ള ഗ്രീക്ക് സാഹിത്യത്തിൽ ആ വാക്ക് കാണുന്നില്ല. 7:36 ലും 7:38 ലും എൻഏഎസ്ബിയുടെ തർജിമ "കന്യകാ മകൾ" എന്നതിന് എതിരായുള്ള ശക്തമായ പ്രസ്താവനകളാണ് മറ്റുള്ളവ നൽകുന്നത്. 7:26 ൽ പൗലൊസ് പറഞ്ഞത് ഇവിടെ മറ്റൊരു രീതിയിൽ പറഞ്ഞതാണെന്ന് സന്ദർഭം നോക്കിയാൽ മനസിലാകും. അതായത്, ഇപ്പോഴത്തെ കഷ്ടത നിമിത്തം വിവാഹം കഴിക്കുന്നത് ബുദ്ധിയായിരിക്കുകയില്ല, എന്നാൽ വിവാഹം കഴിച്ചവർ പാപികളുമാകുന്നില്ല.

### "പുനർവിവാഹം അന്വേഷിക്കരുത്" (7:39, 40)

**39ഭർത്താവ് ജീവിച്ചിരിക്കുന്ന കാലത്തോളം, സ്ത്രീ ബന്ധിക്കപ്പെട്ടിരിക്കുന്നു; ഭർത്താവ് മരിച്ചുപോയാൽ തനിക്ക് മനസുള്ളവനുമായി വിവാഹം കഴിക്കുവാൻ സ്വാതന്ത്ര്യമുണ്ട്, കർത്താവിൽ വിശ്വസിക്കുന്നവനുമായി മാത്രമെ ആകാവു. 40എന്നാൽ അവൾ അങ്ങനെ തന്നെ പാർത്തുകൊണ്ടാൽ ഭാഗ്യമേറിയവൾ എന്നു എന്റെ അഭിപ്രായം. ദൈവാത്മാവ് എനിക്കും ഉണ്ടെന്ന് തോന്നുന്നു.**

**വാക്യം 39**. ക്രിസ്ത്യാനി തന്റെ പങ്കാളിയെ ഉപേക്ഷിക്കുവാൻ പാടില്ല എന്നാണ് പൗലൊസ് ആദ്യം തന്നെ പറഞ്ഞത് (7:10, 11). ആ കാര്യത്തിൽ ഒരു നിബന്ധനയും അവൻ പറഞ്ഞില്ല. വിവാഹ വിഷയത്തെ കുറിച്ച് പറഞ്ഞ് അവസാനിപ്പിക്കുമ്പോൾ അവൻ ആദ്യം പറഞ്ഞത് ആവർത്തിച്ചിരിക്കുന്നു: ഭർത്താവ് ജീവിച്ചിരിക്കുന്ന കാലത്തോളം സ്ത്രീ ബന്ധിക്കപ്പെട്ടിരിക്കുന്നു. അതുപോലെ ഭാര്യ ജീവിച്ചിരിക്കുന്ന കാലത്തോളം പുരുഷൻ ബന്ധിക്കപ്പെട്ടിരിക്കുന്നു. തുടങ്ങിയ പോയിന്റിലേക്ക് പൗലൊസ് മടങ്ങി വന്നിരിക്കുന്നനു (റോമ. 7:2 നോക്കുക).

7:25–38 ലെ നിർദ്ദേശങ്ങൾ, വിവാഹത്തിന് ഒരുങ്ങുന്ന യുവാവിനോട് പറയുന്നതാണ്. അതേ തീരുമാനത്തിലായിരിക്കുന്ന വിധവയോട് പറയുന്നതായിരിക്കാം 7:39, 40 ലേത്. ആയുഷ്ക്കാലം മുഴുവനുമുള്ള സമർപ്പണമാണ് വിവാഹം; എന്നാൽ മിക്ക സന്ദർഭങ്ങളിലും ഒരു പങ്കാളി മറ്റൊരു പങ്കാളിക്ക്

മുൻപ് മരിക്കും. ചിലപ്പോൾ ഒരു പങ്കാളി വേഗത്തിൽ മരിച്ചുപോകയും, പങ്കാളി വിധവയായി തീരുകയും ചെയ്യും. ചിലപ്പോൾ, മരിച്ചുപോയ വ്യക്തിയോടുള്ള ബഹുമാനം നിമിത്തം ജീവിച്ചിരിക്കുന്ന ആൾ മരണം വരെ വിവാഹം കഴിക്കാതെ ജീവിക്കും. അത്തരം തീരുമാനത്തെ പൗലൊസ് എതിർക്കുന്നില്ല, എന്നാൽ കർത്താവിനോടുള്ള വിശ്വസ്തതക്ക് അത്തരം പ്രതിജ്ഞ ആവശ്യമില്ല.

പങ്കാളി മരിച്ചാൽ, ജീവിച്ചിരിക്കുന്ന ആൾ വീണ്ടും വിവാഹം കഴിക്കുവാൻ സ്വതന്ത്രമായി. പൗലൊസ് ഒരു നിബന്ധന നൽകിയിരിക്കുന്നു: **കർത്താവിൽ വിശ്വസ്തത. മരിച്ചു** എന്നതിന്റെ ഗ്രീക്ക് വാക്ക് (κοιμάομαι, *കൊയിനോനായിയ*), അർത്ഥം "നിദ്രകൊണ്ട." വിശ്വാസികളുടെ മരണത്തെ കുറിച്ചു പറയുവാനായി പൗലൊസ് ആ വാക്ക് വേറെ ഭാഗങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ഭർത്താവ് മരിച്ച ക്രിസ്തീയ സ്ത്രീ ക്രിസ്തീയ ഭർത്താവിനെ മാത്രമെ തിരഞ്ഞെടുക്കാവു എന്നായിരിക്കാം പൗലൊസ് ഉദ്ദേശിച്ചത്.

ഒറ്റ നോട്ടത്തിൽ, "കർത്താവിൽ" എന്ന പ്രയോഗം വ്യക്തമാകുന്നത്, സഹ വിശ്വാസിയെ മാത്രമെ വിവാഹം കഴിക്കാവു എന്നാണ്; അതിന് വേറെ അർത്ഥമുണ്ടെന്ന് ചിലർ വാദിക്കുന്നു, ഒരു വിധവ പുനർവിവാഹം നടത്തുന്നു എങ്കിൽ, അവൾ തന്റെ ക്രിസ്തീയ തത്വങ്ങൾ നിലനിർത്തുവാൻ ക്രിസ്ത്യാനിയെ തന്നെ വിവാഹം കഴിക്കണമെന്നായിരിക്കാം പൗലൊസ് ഉദ്ദേശിച്ചത്. നർക്കിസൊസിന്റെ ഭവനക്കാരെ കുറിച്ച് പൗലൊസ് പറഞ്ഞപ്പോഴും "കർത്തതാവിൽ" എന്ന പ്രയോഗം നടത്തി (റോമ. 16:11). ഭവനത്തിലുള്ള എല്ലാവരേയും അല്ല അവിടെ ഉദ്ദദേശിച്ചത് ക്രിസ്ത്യാനികളായവരെയാണ്. ആ അർത്ഥമാണ് 7:39 ലേത്.

**വാക്യം 40**. ഇപ്പോഴത്തെ കഷ്ടത നിമിത്തം യുവാക്കൾ വിവാഹം നീട്ടി വെക്കുകയോ അല്ലെങ്കിൽ, വിവാഹം മാറ്റി വെക്കുകയോ ആണ് ചെയ്യേണ്ടത് എന്നത്രെ, പൗലൊസ് നിർദ്ദേശിക്കുന്നത് (7:26), കൂടാതെ ലോകം ഒഴിഞ്ഞുപോകുവാനിരിക്കുന്നു (7:31). എങ്ങനെയായാലും, അപ്പൊസ്തലൻ ഒരിക്കലും വിവാഹം വിലക്കിയിട്ടില്ല. അതുപോലെ, ഒരു വിധവ പുനർവിവാഹം നടത്തുന്നത് പാപമല്ല എന്നു വ്യക്തമാക്കി, **എന്റെ അഭിപ്രായത്തിൽ അവൾ അങ്ങനെ തന്നെ പാർത്താൽ ഏറെ ഭാഗ്യവതിയായിരിക്കും**. വിധവമാരോട് പറഞ്ഞതു തന്നെയാണ് അവൻ യുവാക്കളോടും പറഞ്ഞത്. ക്രിസ്ത്യാനികൾക്കെതിരായ "ഉപദ്രവവും കഷ്ടതയും" ഉള്ളപ്പോൾ, വിവാഹം കഴിച്ചാൽ, ഭർത്താവിനെ കുറിച്ചുള്ള ചിന്തയിൽ വ്യാകുലപ്പെടുവാൻ സാധ്യതയുണ്ട്. .അതിനു പുറമെ അവൾക്ക് കൂടുതൽ ഉർജ്ജ്വസ്വലതയോടെ കർത്താവിനെ സേവിക്കുവാനും കഴിയും.

കന്യകമാരോടു നിർദ്ദേശങ്ങൾ നൽകുമ്പോൾ 7:25 ൽ "ഞാൻ എന്റെ അഭിപ്രായം പറയുന്നു" എന്നു പറഞ്ഞിരിക്കുന്നു. വിധവമാർക്ക് താരതമ്യം ചെയ്യാവുന്ന യോഗ്യത നൽകുന്നു: **ദൈവത്തിന്റെ ആത്മാവ് എനിക്കും ഉണ്ടെന്ന് തോന്നുന്നു.** ഈ കാര്യങ്ങളിൽ പൗലൊസിന്റെ അഭിപ്രായവും ദൈവത്തിന്റെ കൽപനയും തമ്മിലുള്ള വ്യത്യാസം അവൻ വേർതിരിച്ചു കാണിക്കുകയാണ്. "... ഭാര്യ ഭർത്താവിനെ ഉപേക്ഷിക്കരുത്" എന്ന് അവൻ ഇവിടെ പറയുന്നില്ല (7:10). പൗലൊസ് ഇത് പറയുന്നത് തികച്ചും ശരിയും തെറ്റും നില നിൽക്കുന്ന സാഹചര്യത്തിലല്ല.

അപ്പോഴും, ക്രിസ്ത്യാനികളുടെ താൽപര്യക്കുറവ് അല്ല ഇവിടെ കാര്യമായുള്ളത് എന്നു സ്പഷ്ടം. ഉദാഹരണമായി ഒരു ക്രിസ്ത്യാനിയുടെ തൊഴിൽ

ആശാരിപ്പണിയാണെങ്കിൽ, സാധാരണയായി കൊരിന്ത്യയിലെ സാഹചര്യമനുസരിച്ച് താൽപര്യക്കുറവ് സംഭവിക്കാം. അതിൽ നിന്നു വ്യത്യസ്തമായി, വിവാഹ വിഷയമാണെങ്കിൽ, അപ്പോഴത്തെ കഷ്ടത നിമിത്തം, പരിണിത ഫലം രണ്ടു പങ്കാളികളെയും തുല്യമായി ബാധിക്കും. പൗലൊസിന്റെ ഉപദേശത്തിലും അഭിപ്രായത്തിലും ദൈവാത്മാവിന്റെ പ്രചോദനം അവനിൽ ഉണ്ടായിരുന്നു എന്നത് വ്യക്തമാണ്.

## പ്രായോഗികത

### തിരഞ്ഞെടുപ്പും ജ്ഞാനവും

തിരുവെഴുത്തിനെ ഏതാനും ദൈവ കൽപനകൾ മാത്രമാണെന്നു കരുതുന്നവർക്ക് പൗലൊസ് അഭിപ്രായം പറഞ്ഞിരിക്കുന്നത് അൽപം പ്രയാസമുളവാക്കിയേക്കാം. ഉടനെ നേരിടേണ്ട സാഹചര്യത്തെ കണക്കിലെടുത്തായിരുന്നു അപ്പൊസ്തലൻ കൊരിന്ത്യർക്ക് വിവാഹത്തെ കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകിയത്. വിവിധ രീതിയിലുള്ള സാഹചര്യങ്ങളെയായിരിക്കും വിവിധ സ്ഥലങ്ങളിലുള്ളവർ നേരിടുന്നത്. ക്രിസ്ത്യാനികൾ തിരഞ്ഞെടുക്കുന്ന പ്രവൃത്തികളുടെ ഫലമാണ് "ബുദ്ധിയുള്ളതോ" "ബുദ്ധിയില്ലാത്തതോ" "ശരിയോ" "തെറ്റോ" എന്നു നിർണ്ണയിക്കുന്നത്. കൊരിന്ത്യയിലെ സാഹചര്യം നോക്കിയാൽ, അവിവാഹിതരായ സ്ത്രീപുരുഷന്മാർ വിവാഹം കഴിക്കാതിരിക്കുന്നതായിരുന്നു ബുദ്ധി, അതേ സമയം അവർ വിവാഹം കഴിക്കുന്നത് തെറ്റല്ലായുന്നു. ആ കാര്യത്തിൽ, എല്ലാ സാഹചര്യത്തിലും യോജിക്കുന്ന ഒരു കൽപന അപ്പൊസ്തലൻ നൽകിയില്ല.

ക്രിസ്ത്യാനികൾക്ക് നിയമങ്ങൾ ആവശ്യമാണ്. ഭോഷ്ക്ക്, മോഷണം, വ്യഭിചാരം എന്നിവ തെറ്റാണ് കാരണം അവ സ്വയ-സേവനം ആണ്. തിരുവെഴുത്തു തത്വങ്ങൾ ഉപയോഗിക്കുവാനുള്ള അസംഖ്യം സാഹചര്യങ്ങളെ വിശ്വാസികൾ അഭിമുഖീകരിക്കുന്നു, എന്നാൽ മാറ്റാൻ പറ്റാത്ത നിയമങ്ങൾ അങ്ങനെയല്ല. അത്തരം ഒരു സാഹചര്യത്തിലായിരുന്നു കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ വിവാഹത്തെ നേരിട്ടത്. പൗലൊസിന്റെ നിർദ്ദേശം സാഹചര്യമനുസരിച്ച് ശരിയും തെറ്റും നിർണ്ണയിക്കുവാനായിരുന്നു. ബൈബിൾ നിർദ്ദേശങ്ങൾ ഉണ്ടെങ്കിലും, ക്രിസ്ത്യാനികൾക്ക് ചിലപ്പോൾ സഹ ക്രിസ്ത്യാനികളുടെയും, കുടുംബാംഗങ്ങളുടേയും, വിശ്വസ്ത സ്നേഹിതരുടേയും പ്രബോധനം ആവശ്യമാണ്. ദൈനന്ദിന ജീവിതത്തിൽ, ബൈബിൾ ഉപദേശപ്രകാരം വിശ്വാസികൾ നല്ല തീരുമാനങ്ങൾ എടുക്കണം.

### വിവാഹം ആയുഷ്ക്കാല സമർപ്പണം

ലോകത്തിന്റെ കാഴ്ച്ചപ്പാടിൽ സ്നേഹിച്ച് വിവാഹബന്ധത്തിലേർപ്പെടുന്നത് പുതിയ രീതിയാണ്. ഇസഹാക്കിന്റെ ദാസൻ അവന്ന് ഒരു ഭാര്യെ കണ്ടെത്തി തന്റെ യജമാനന് അവളെ പരിചയപ്പെടുത്തി കൊടുത്തു. അങ്ങനെ അവൻ അവന്റെ ഭാര്യയാകുകയും, അവൻ അവളെ സ്നേഹിക്കുകയും ചെയ്തു എന്നാണ് ബൈബിൾ പറയുന്നത് (ഉല്. 24:67). അതായിരുന്നു ക്രമം: വിവാഹശേഷമാണ് സ്നേഹം. ആദ്യം വരുന്നത് സമർപ്പണമാണ്; പിന്നെയാണ് സ്നേഹം വരുന്നത്. ഒരാൾ ആദ്യം തന്റെ പങ്കാളിയുമായി ആയുഷ്ക്കാലം ജീവിക്കാമെന്ന് സമർപ്പണം ചെയ്യുന്നു. ഭർത്താവിന്റെയോ ഭാര്യയുടേയോ

യോഗ്യത നോക്കാതെ കരുതുകയും സ്നേഹിക്കയും ചെയ്യുന്നത് തുടർപ്രക്രിയയാണ്. ഒരു പുരുഷനോ സ്ത്രീയോ ഉപേക്ഷിക്കപ്പെടുമ്പോൾ, സ്നേഹിക്കുവാനുള്ള കഴിവിനേക്കാൾ യോഗ്യത മാനദണ്ഡമാകുന്നു എന്നതാണ് വാസ്തവം. ഭർത്താക്കന്മാരോട് തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവാൻ പൗലൊസ് പറ്ഞപ്പോൾ (എഫെ. 5:25), ആകർഷണത്തെക്കാളും, ആസക്തിയെക്കാളും ഔന്നത്യത്തെയാണ് അത് കാണിക്കുന്നത്.

വിവാഹ നിർവ്വചനം തന്നെ, ബൈബിളിൽ ആയുഷ്ക്കാല സമർപ്പണമാണ്. മൂന്നു ദിശകളിലാണ് ആ സമർമ്മണം സ്ഥിതി ചെയ്യുന്നത്: *ഒന്ന്, അവരുടെ വശത്ത് ദൈവത്ത മുൻനിർത്തി രണ്ട് ക്രിസ്ത്യാനികൾ വിവാഹത്തിന് ഒരു നിലപാട് എടുക്കുന്നു.* ആദിയിൽ ദൈവം പറഞ്ഞു, “പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും” (ഉല്. 2:24). പിതാക്കന്മാരുടെ സംഭവങ്ങളെല്ലാം വിവാഹ ബന്ധ സംഭവങ്ങളാണ്. ദൈവത്തിന്റെ നടത്തിപ്പ് പിൻപറ്റുന്ന ഭാര്യയും ഭർത്താവും പരസ്പരം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെ.യ്യും; അവർ പരസ്പരം പിന്തുണക്കുന്ന വിധത്തിൽ സ്നേഹിക്കും.

*രണ്ട്, വിവാഹത്തിൽ രണ്ട് പേർ അന്യോന്യം എടുക്കുന്നതാണ് സമർപ്പണം.* തന്റെ ബലഹീനതകളെ കണക്കിടാതെ ഒരാൾ തന്നെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നു എന്ന് എല്ലാ ഭാര്യമാരും മനസിലാക്കണം. യാതൊരു നിബന്ധനയുമില്ലാതെ തന്നെ സ്നേഹിക്കുവാൻ ഒരാൾ വേണമെന്ന് എല്ലാ ഭർത്താക്കന്മാരും ആഗ്രഹിക്കുന്നു. വിവാഹത്തിലുള്ള സമർപ്പണം എന്നു പറയുന്നത്, ലോകത്തിൽ താൻ സ്നേഹിക്കുന്നതുപോലെ തന്റെ ഭാര്യയെ മറ്റാരും സ്നേഹിക്കുന്നില്ല എന്ന് ഭർത്താവ് തിരിച്ചറിയണം. തന്റെ ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട വ്യക്തി തന്റെ ഭർത്താവ് ആണെന്ന് ഭാര്യയും മനസിലാക്കണം.

*മൂന്ന്, വിവാഹം എന്നത് താൻ ജീവിക്കുന്ന വലിയ സമൂഹത്തോടുള്ള സമർപ്പണമാണ്*: വിപുലമായ കുടുംബം, അയൽക്കാർ, സമൂഹം, ദേശം, ലോകം. കഴിഞ്ഞതും ഇപ്പോഴുള്ളതുമായ തലമുറകളോടുള്ള സമർപ്പണമാണ് അത്. അത് ദൈവമുൻപാകെയുള്ളള ഒരു സമർപ്പണമാണ്. ഒരു ക്രിസ്ത്യാനിയും തന്റെ പങ്കാളിയിൽനിന്നു വിവാഹമോചനം നടത്തരുത് എന്നായിരുന്നു പൗലൊസ് കൽപിച്ചത് (7:10, 11). നൂറ്റാണ്ടുകളായി വിവാഹം എന്നത് ഒരു പരസ്യ പ്രഖ്യാപനമാണ്. ആളുകൾ പരസ്പരം വിശ്വസിക്കയും പങ്കിടുകയും ചെയ്യുന്ന വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിലാണ് സമർപ്പിക്കപ്പെടുന്നത്. ഓരോ വിവാഹത്തിലും നിലനിൽപിൽ ഭിഷണി നേരിടാം. സമൂഹത്തിന് പ്രയോജനപ്പെടുന്നവിജയകരമായ ദാമ്പത്യമാണ്.

**സ്നേഹം, മാനം, വാൽസല്യം (7:1-24)**

കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി, ബൈബിളിലെ ഉപദേശം മാറിയിട്ടില്ല. എന്നാൽ ലോകത്തിന് വലിയ മാറ്റമാണ് സംഭവിച്ചിരിക്കുന്നത്; ആളുകൾ ഉപജീവന മാർഗം കണ്ടെത്തുന്നത്, കുട്ടികളെ വളർത്തുന്നത്, കുടുംബത്തിന്റെ പതിവുകൾ ഒക്കെ മാറിയിരിക്കുന്നു. ബൈബിളിലെ ഉപദേശങ്ങൾ ഒന്നു തന്നെ. പക്ഷെ ബൈബിളിലെ ചില ഉപദേശങ്ങൾ കാലാകാലങ്ങളിലും, സ്ഥലങ്ങളിലും ഊന്നൽ ചെലുത്തി പ്രസംഗിക്കേണ്ടതായിട്ടുണ്ട്. വർത്തമാന കാലത്തിലെ ആളുകൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ബൈബിൾ സന്ദേശം അവതരി

പ്പിക്കുക എന്ന ശ്രമകരമായ ദൗത്യമാണ് ഉപദേഷ്ടാക്കന്മാരിലുള്ളത്.

ഈ തലമുറയിൽ ഏറ്റവും ആവശ്യമായ ബൈബിൾ ഉപദേശം ഏതാണ്? അറിവുള്ളവരും, ദൈവഭക്തിയുള്ള പല വിശ്വാസികളും പറയുന്നത്, ആളുകളുടെ ഏറ്റവും വലിയ ആത്മിയ ആവശ്യം, വിവാഹം, ഭവനം, കുടുംബം എന്നിവ തന്നെയാണ്. ജീവിതത്തിൽ തുണയായി തീരുവാൻ ദൈവം ആദ്യം പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ചു. എന്നാൽ മിക്ക ആളുകളിലും അവരുടെ ലൈംഗിക പെരുമാറ്റത്തിൽ ബൈബിൾ സ്വാധീനം കുറഞ്ഞു വരികയോ, ഇല്ലാതിരിക്കുകയോ ചെയ്യുന്നു. പുരുഷനും സ്ത്രീയും വിവാഹം തള്ളിക്കളയുകയോ, അവർ വിവാഹ ഉടമ്പടിയെ നിസാരമായി കാണുകയോ ചെയ്യുമ്പോൾ, അതു ജീവിതത്തെ മുഴുവൻ ബാധിക്കുന്നു.

കുടുംബ ജീവിതം തകരുവാനുള്ള കാരണം തങ്ങളുടെ സമർപ്പണത്തെ വെറുക്കുന്നതു നിമിത്തമാണ്. തൽഫലമായി അവർ അനുഭവിക്കുന്നത് അവരുടെ പ്രവൃത്തിയുടെ ഫലമാണ്. അങ്ങനെ വിരളമായിട്ടാണ് സംഭവിക്കുന്നത്. കുടുംബ ബന്ധം പരാജയപ്പെടുമ്പോൾ, അതിന്റെ അനന്തരഫലം നിരപരാധികളായ കുട്ടികൾ അനുഭവിക്കുന്നു.

വിവാഹ ബന്ധത്തിലെ പ്രശ്നങ്ങൾ പട്ടണങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല, അമേരിക്കൻ സമൂഹത്തിൽ നാലാം ക്ലാസുവരെ മാതാപിതാക്കളോടു കൂടെ പഠിക്കുന്ന കുട്ടികൾ കുറച്ചു മാത്രമാണ്. സർവെ ഫലങ്ങൾ നമ്മെ ഭയപ്പെടുത്തുന്നതാണ്. ജനിപ്പിച്ച അപ്പനോടും അമ്മയോടും കൂടെ ജീവിക്കാത്ത കുട്ടികൾ സ്കൂൾ പഠനം ഉപേക്ഷിക്കയും, ദാരിദ്ര്യത്തിലെക്ക് പ്രവേശിക്കയും, ചിലപ്പോൾ വിവാഹം കഴിക്കാതെ കുട്ടികൾ ജനിക്കയും, മയക്കു മരുന്നിനും ലഹരിക്കും അടിമയാകയും ചെയ്യും. ലൈംഗിക തൃപ്തിക്കായി താൽക്കാലിക ഏർപ്പാടുകളിലേക്ക് തിരിയും, അതിന്റെ പരിണിത ഫലങ്ങൾ അനുഭവിക്കയും ചെയ്യും.

സോഷ്യോളജിസ്റ്റുകാർ നിരവധി കണക്കുകൾ സംയോജിപ്പിച്ചിരിക്കുന്നു. ആ കണക്കുകളനുസരിച്ച്, കുടുംബങ്ങൾ ശിഥിലമാകുമ്പോൾ, അപകമരണങ്ങൾ, പെരുകുന്നു, ഇങ്ങനെയുള്ളവരുടെ ബാങ്ക് എക്കൗണ്ടുകൾ കാലിയാകുന്നു; ദാരിദ്ര്യം, അക്രമം, കുലപാതകം, മേഷണം എന്നിവ വർദ്ധിക്കുന്നു. കുറ്റകൃത്യങ്ങൾ നിറഞ്ഞ സമൂഹത്തിൽ, ഉറപ്പുള്ള എത്ര കുടുംബം കാണും? വിവാഹ ബന്ധത്തോടുള്ള സമർപ്പണം വില കുറഞ്ഞു വരുമ്പോൾ, മനുഷ്യ ജീവിതത്തിന്റെ മൂല്യം തന്നെ കുറയുന്നു. സ്ത്രീ പുരുഷന്മാർ സാധാരണ താൽക്കാലികമായി ഒന്നിച്ചു ജീവിക്കുമ്പോൾ, ധർമ്മവിരുദ്ധ ലൈഗികതയും, ഭ്രൂണഹത്യകളും കൂടും.

ക്രിസ്ത്യാനികൾ കബളിപ്പിക്കപ്പെടുവാനിടയുണ്ട്. കുടുംബങ്ങൾ ശിഥിലമാകുമ്പോൾ, പാശ്ചാത്യ ലോകത്തുള്ളവർ സഭയെ ഉത്തേജിപ്പിച്ച് എല്ലാ കുടംബങ്ങളെയും സ്ഥിരതയിൽ നിലനിർത്തുവാൻ പ്രബോധിപ്പിക്കണം എന്ന ചിന്തയിലാണ് ഉള്ളത്. കണക്കുകൾ വ്യക്തമാക്കുന്നത് പൊതുവിൽ യാഥാസ്ഥിതിക ക്രിസ്ത്യാനികളുടെ ഇടയിലൊഴിച്ച് പൊതുവിൽ വിവാഹമോചനം വർദ്ധിച്ചു വരുന്നു എന്നതു യാഥാർത്ഥ്യമാണ്.

നമുക്ക് എന്തു ചെയ്യാം? ഈ പ്രതിസന്ധി തരണം ചെയ്യുവാൻ നാം ഏതു ബൈബിൾ സന്ദേശമാണ് നൽകേണ്ടത്? ആദ്യമായി നാം ബൈബിൾ പറയുന്നതാണ് പഠിപ്പിക്കുന്നതെങ്കിൽ, **വിവാഹം ആയുഷ്ക്കാല സമർപ്പണം ആണ്** എന്നത് വിട്ടുവീഴ്ച്ചയില്ലാതെ പഠിപ്പിക്കണം. വിവാഹബന്ധം ഉലക്കുന്നത് പ

ാപം ആണ്. പൗലൊസിന്റെ വാക്കുകൾ വ്യക്തമാണ്:

> വിവാഹം കഴിഞ്ഞവരോടോ ഞാനല്ല കർത്താവ് തന്നെ കൽപിക്കുന്നത് ഭാര്യ ഭർത്താവിനെ വേറുപിരിയരുത്. പിരിഞ്ഞു എന്നു വരികിലോ വിവാഹം കൂടാതെ പാർക്കേണം. അല്ലെന്നു വരികിൽ ഭർത്താവിനോട് നിരന്നുകൊള്ളേണം, ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കയുമരുത് (7:10, 11).

അന്തർഭാഗത്തുനിന്നും പുറപ്പെടുന്ന ആദരവിൽ നിന്നാണോ ഒരു യുവാവ് യുവതിയോടും യുവതിക്ക് യുവാവിനോടു സ്നേഹം ഉണ്ടാകുന്നത്? വാസ്തവത്തിലുള്ള സ്നേഹം ആരംഭിക്കുന്നത്, ഉപദേഷ്ടാവിന്റെ മുൻപിൽനിന്ന് തങ്ങളുടെ പ്രതിജ്ഞ ആവർത്തിക്കുമ്പോഴാണ്. ഈ കാഴ്ച്ചപ്പാടിൽ വിവാഹജീവിതം ആരംഭിക്കുമ്പോഴാണ് വാസ്തവത്തിലുള്ള സ്നേഹം ആരംഭിക്കുന്നത്. റോബർട്ട് ലൂയിസ് സ്റ്റെവൻസൺ അതിനെ നന്നായി പറഞ്ഞിരിക്കുന്നു:

> നിഷ്ഠൂരവും മൽസരവുമുള്ള മനസുള്ളവർക്ക് പലപ്പോഴും സ്നേഹത്തിൽ അകപ്പെടുവാനും സ്നേഹം സ്വീകരിപ്പാനും കഴിയാതെ വരും; എന്നാൽ സ്നേഹം കാത്തു സൂക്ഷിക്കുക എന്നത് ശ്രമകരമായ ദൗത്യമാണ്. അതിന് സ്ത്രീക്കും പുരുഷനും ദയവും നല്ല മനസും ആവശ്യമാണ്. വിവേകത്തോടും ഔദാര്യ മനോഭാവത്തോടും വിവാഹത്തിനായി അൾത്താരയിലേക്ക് പ്രവേശിക്കുമ്പോഴാണ് ശരിയായ സ്നേഹം തുടങ്ങുന്നത്.[23]

അൾത്താര എന്നത് വാസ്തവത്തിലലുള്ള സ്നേഹ ശിഖരമല്ല. അത് ആരംഭം മാത്രമാണ്. സ്വാർത്ഥതയില്ലാത്ത, ബുദ്ധിയുള്ളവർക്കും പക്വതയുള്ളവർക്കും ദൈവം നൽകുന്ന ദാനമാണ് വാസ്തവത്തിലുള്ള സ്നേഹം.

പൗലൊസ് ഉപദേശിച്ചത് കർത്താവിന്റെ ഉപദേശം ആയിരുന്നു എന്നു സുവിശേഷ പുസ്തകങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. വിശ്വാസികൾ സംശയിക്കേണ്ട ആവശ്യമില്ല. ഒർത്താവിനോടും ഭാര്യയോടും കർത്താവ് കൽപിച്ചിട്ടുള്ളതെല്ലാം സ്ഥിര കൽപനകളായിരുന്നു:

> സൃഷ്ടിയുടെ ആരംഭത്തിലോ ദൈവം അവരെ ആണും പെണ്ണുമായി ഉണ്ടാക്കി. അതുകൊണ്ട് മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോട് പറ്റിച്ചേരും. ഇരുവരും ഒരു ദേഹമായി തീരും. അങ്ങനെ അവർ പിന്നെ രണ്ടല്ല ഒരു ദേഹമത്രെ. ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർ പിരിക്കരുത് എന്ന് ഉത്തരം പറഞ്ഞു (മർ. 10:6–9).

പല ചോദ്യങ്ങളും ഉയരും. ഒരു പുരുഷൻ തന്റെ ഭാര്യയെ ഉപദ്രവിച്ചാൽ എന്തു ചെയ്യും? പല സന്ദർഭങ്ങളിലും ഭാര്യ ഭർത്താവിനെ ഉപേക്ഷിച്ചുപോകും. അങ്ങനെ ഒരാൾ വിട്ടുപോകുന്ന പക്ഷം ആ വ്യക്തി വിവാഹം കഴിക്കാതിരിക്കണം എന്നാണ് പൗലൊസ് പറയുന്നത്. പലപ്പോഴും ആളുകൾ വിചാരിക്കുന്നത് ഉപേക്ഷിക്കുന്നതാണ് നല്ലതെന്നാണ്. ഒരു കാര്യം ഉറപ്പ്: ഏതു കാരണം ചൊല്ലിയും ഒരു പങ്കാളി തന്റെ പങ്കാളിയെ ഉപേക്ഷിച്ച് പുനർവിവാഹം കഴിക്കുന്നത് ദൈവത്തിനെതിരായ പാപമാണ്. വിവാഹജീ

വിതത്തില് പ്രവേശിക്കുന്ന പുരുഷൻ സ്ത്രീയോടും സ്ത്രീ ആ പുരുഷനേ ാടും സമർപ്പിക്കപ്പെട്ടിരിക്കയാണ്. പൗലൊസ് ഈ നിർദ്ദേശം നൽകുന്നു: ന ിങ്ങളുടെ കുടുംബ ജീവിതം പ്രാവർത്തികമാക്കുക. ക്രിസ്തുവാണ് നിങ്ങളുടെ കർത്താവ് എങ്കിൽ, നിങ്ങളെ സ്നേഹിക്കയും, പിന്തുണക്കുകയും ചെയ്യുന്ന പങ്കാളിയോട് നിങ്ങൾക്ക് ഉത്തരവാദിത്തമുണ്ടെങ്കിൽ, കുടുംബം ശക്തമാക്കു വാൻ എല്ലാ പരിശ്രമവും നടത്തുക.

ലോകത്തിലുള്ള ആളുകൾ ക്രിസ്തുവിന്റെ സഭകളിലേക്ക് നോക്കി ചോദി ക്കുന്ന ഈ ചോദ്യത്തിനായി എല്ലാവരും പ്രാർത്ഥിക്കുക, "ഇവരുടെ ബുദ്ധി യുടെ സിരാകേന്ദ്രം ആർ?" അവരുടെ സന്തുഷ്ട കുടുംബത്തിന്റെ ഉറവിടം എന്ത്? അവരുടെ മക്കൾ വളർന്നു വലുതായി കുടുംബമാകുമ്പോൾ അവരും സന്തോഷം അനുഭവിക്കുവാൻ കാരണം എന്ത്? കേൾക്കുന്നവൻ പറയും, "ഈ ആളുകൾ ആദ്യം ദൈവത്തെ മാനിക്കുന്നു, പിന്നെ അവർ തങ്ങളുടെ വിവാഹത്തെ അധികാരപ്പെടുത്തിയ വ്യക്തിയെ മാനിക്കുന്നു, പിന്നെ അവർ അന്യോന്യം മാനിക്കുന്നു. അവരുടെ വിവാഹവും കുടുംബവുമാണ് അവരുടെ മുൻഗണനയിൽ അടുത്തത്." തന്റെ സൃഷ്ടിയുടെ ക്ഷേമത്തിനും സന്തോഷ ത്തിനുമാണ് ദൈവം വിവാഹം നൽകിയിരിക്കുന്നത്. ജീവിതത്തിൽ എല്ലാ അനുഗ്രഹങ്ങളും വേണമെന്നുള്ളവർ ദൈവ നിർദ്ദേശപ്രകാരം ജീവിക്കും. ഈ കാര്യത്തിൽ പൗലൊസിന്റെ ഉപദേശം: ജീവിതത്തിൽ നിങ്ങൾ ഒരു നല്ല ഭർത്താവോ ഭാര്യയോ ആകുക. പങ്കാളിയോട് ചേർന്നിരിക്കുകയും, പിന്തുണ ക്കുകയും സ്നേഹിക്കുകയും ചെയ്യുക.

വിവാഹ ജീവിതത്തിൽ കുഴപ്പങ്ങൾ സംഭവിക്കുന്നത് തിരിച്ചറിയുവാൻ പ്രയാസമില്ല. ദമ്പതികളിൽ ഒരാൾ മറ്റെ ആളിൽ എല്ലാ ഉത്തരവാദിത്തങ്ങളും ഏൽപിച്ച് മാറി നിൽക്കും. തന്നെ സന്തോഷിപ്പിക്കേണ്ടത് മറ്റെ ആളാണ് എന്ന ചിന്തയാണ് അയാൾക്ക് ഉള്ളത്. ഒരാളോ അല്ലെങ്കിൽ രണ്ടു പേരും പരസ്പരം കുറ്റപ്പെടുത്തുകയും ലഭിക്കാത്തതിനെ കുറിച്ച് പരാതിപ്പെട്ടുകൊ ണ്ടിരിക്കുകയും ചെയ്താൽ സന്തോഷമില്ലായ്മക്ക് മറ്റെവിടെയും പോകേണ്ട ആവശ്യമില്ല.

യാന്ത്രികമായി തങ്ങളുടെ കുടുംബജീവിതം സന്തോഷപ്രദമാക്കുവാൻ വഴി നോക്കുന്നവർക്ക് അത്തരം എളുപ്പവഴി കണ്ടെത്തുവാൻ സാധ്യമല്ല. വീട്ടിൽ കാര്യങ്ങൾ ക്രമപ്പെടുത്തുവാൻ കഴിയുന്നവർക്കാണ് ശരിയായ ബന്ധം നിലനിർത്തുവാൻ സാധിക്കുന്നത്. ചിന്ത, പരിഗണന, ദയവ് എന്നിവ യാദൃ ശ്ചികമായി സംഭവിക്കുന്നതല്ല. നല്ല കുടുംബ ജീവിതത്തിന് സഹായവും ലഭിക്കും. നല്ല കുടുംബജീവിതത്തിന് ആവശ്യമായ ദൈവിക നിർദ്ദേശങ്ങൾ ആണ് എഫെസ്യർ 4:31, 32:

> എല്ലാ കൈപ്പും കോപവും ക്രോധവും കുറ്റാരവും ദൂഷണവും സകല ദുർഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകട്ടെ. നിങ്ങൾ തമ്മിൽ ദയയും മനസലിവുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോട് ക്ഷമി ച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ.

---

കുറിപ്പുകൾ

[1]എൻഐവിയുടെ 1984 ലെ വെർഷൻ 7:1 ലെ പ്രയഗം "ഇപ്പോഴത്തെ കഷ്ടത ന

ിമിത്തം" എന്നു പറഞ്ഞു തുടങ്ങിയ പൗലൊസിന്റെ മുന്നറിയിപ്പ് 7:26 ലെ വിവാഹ വുമായി ബന്ധപ്പെടുത്തി സംസാരിക്കുന്നത്, നിയമപരമാണെങ്കിലും ഉപദേശം മന സിലാക്കാവുന്നതാണ്. 7:1 ലേത് ഉദ്ധരണിയായിട്ടല്ല പറഞ്ഞത്. എങ്ങനെയായാലും, പരിഷ്കരിച്ച (2011) പതിപ്പ് ഉദ്ധരണിയായിട്ടാണ് എൻഐവി യിൽ കൊടുത്തരിക്കു ന്നത്. 6 ഘ 12 ൊ2സ 13 ലേയും 7:1 ലേയും പ്രയോഗം പൗലൊസിന്റെ നിർദ്ദേശം വായനക്കാർക്ക് അറിയാം. [2]റിച്ചാർഡ് ബി. ഹേയ്സ്, *ദ മമോറൽ വിഷൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് കമെന്ററി, ക്രോസ്, ന്യു ക്രിയേഷൻ* (സാൻ ഫ്രാൻസിസ്കോ: ഹാപർ സാൻഫ്രാൻസിസ്കോ, 1996), 50. [3]വെയിൻ ഏ. മീക്സ്, *ദ ഫസ്റ്റ് അർബൻ ക്രിസ്ത്യൻസ്: ദ സോഷ്യൽ വേൾഡ് ഓഫ് ദ അപൊസ്തൽ പോൾ*, 2ഡ് എഡി. (ന്യൂ ഹെവൻ. കോൺ.: യെിൽ യൂണിവേഴ്സിറ്റി പ്രസ്, 2003), 100–1. [4]എഫ്. എഫ്. ബ്രൂ സ്, *പോൾ: അപ്പൊസ്തൽ ഓഫ് ദ ഹാർട് സെറ്റ് ഫ്രീ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി.ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1077), 267. [5]ദ അദർ ട്രെയിറ്റ് ഈസ് ലവ് (ἀγάπη, *അഗാപെ*). [6]ഡേലിഡ് ഈ. ഗാർലന്റ്, *1 കൊരിന്ത്യൻസ്*, ബേക്കർ എക്സെജെറ്റിക്കൽ കമെന്റെറി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ അക്കകൊഡമിക്, 2003), 295ഏ. [7]ആന്റണി സി തിസെൽടൻ, *ദ ഫസ്റ്റ് എപിസ്തൽ ടു ദ കോരിന്ത്യൻസ്, ഏ കമെന്ററി ഇൻ ദ ഗ്രീക്ക് ടെക്സ്റ്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 2000), 527. [8]ജെ. കാൾ. ലെയ്നി, "പോൾ ആന്റ് ദ പെർമനൻസ് ഓഫ് മാരര്യേജ് ഇൻ 1 കൊരിന്ത്യൻസ് 7," *ജേണൽ ഓഫ് ദ തിയോളജി ക്കൽ സൊസൈറ്റി* 25 (സെപ്ടംബർ 1982): 287. [9]"ബുദ്ധിയില്ലാത്ത സ്ത്രീകളുടേയും" കുട്ടികളുടേയും മനസ് ഇളക്കകി വിടുകയാണെന്ന് ക്രിസ്തിയ ഉപദേഷ്ടാക്കന്മാരെ സെൽസസ് കുറ്റപെടുത്തി (ഒറിജെൻ *എഗെൻസ്റ്റ് സെൽസസ്* 3.55). [10]പൗലൊസിനെ എതിർത്തതവരെ ആഴത്തിൽ ചർച്ച ചെയ്തിരിക്കുകയാണ് 2 കൊരിന്ത്യ ലേഖനത്തിൽ. 2 കൊരിന്ത്യർ 3:14–16 ൽ അപ്പൊസ്തലന്റെ വാക്കുകൾ കൊരിന്തിൽ ന്യായപ്രമാണം അനുസരിക്കുന്നതിനെ കുറിച്ചു ഉയർന്ന വിവാദത്തെ ഇല്ലാതാക്കുന്നതായിരുന്നു.

[11]ജിംനാസിയം എന്ന വാക്ക് വന്നിരിക്കുന്നത് (γυμνός, *ഗുമ്മോസ്*) എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ്, അർത്ഥം, "നൂഡ്" എന്നാണ്. [12]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇം ഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്റ റേച്ചർ*, 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കെ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 380. [13]നോക്കുക, 1 മെക്കാബിസ് 1:15; ജോസഫസ് *ആന്റികിറ്റിസ്* 12.5.1 [12.241]. [14]ദാസന്മാർ സ്വാതന്ത്ര്യം അന്വേഷിക്കരുത് എന്ന് പൗലൊസ് നിർദ്ദേശിച്ചതിനെ ഗാർലന്റ് നിരീക്ഷിച്ചിരിക്കുന്നു. അത് യുക്തമാ ണെന്ന് ആദ്യം പറയുകയും പിന്നീട് അതിനോട് വിയോജിക്കയും ചെയ്തിരിക്കുന്നു. (ഗാർലന്റ് 308–10.) [15]കാറ്റോ *അഗ്രിക്കൾച്ചർ* 2.7. [16]"അസംഖ്യം പുരുഷന്മാർ" തങ്ങളെ തന്നെ അടിമകളായി വിറ്റിരുന്നു എന്ന് ഒന്നാം നൂറ്റാണിലെ പ്രാസംഗികനായിരുന്ന ഡയോ ക്രിസോസ്റ്റം അഭിപ്രായപ്പെട്ടിരുന്നു (ഡയോ ക്രിസോസ്റ്റം *ഡിസ്കോഴ്സസ്* 15.23). എങ്ങനെയായാലും, പ്രാസംഗികന്റെ ഉദ്ദേശം എന്തായാലും, ബൈബബിൾ വസ്തുതയാണ് പ്രായോഗിക ജ്ഞാനമായി എടുക്കേണ്ടത്. [17]ചില പ്രദേശങ്ങളിൽ സ്ത്രീ പുരുഷന്മാർ വിവാഹം കഴിക്കാതിരുന്നതായി അന്യ ദേവന്മാരെ നമസ്ക്ക രിക്കുന്നവരും ക്രിസ്ത്യാനികൾക്കിടയിലെ ധാർമ്മികന്മാരും പറയുന്നു. എങ്ങനെ യായാലും, ഇവിടെ പറയുന്ന "കന്യക" വിവാഹം കഴിക്കാത്ത സ്ത്രീകളെയാണ് പറയുന്നത്. (മാർഗരെറ്റ് ഏ ഷെഡ്കിൻ, "വെർജിനസ്," ഇൻ *എൻസൈക്ലോപീഡിയ ഓഫ് ഏർലി ക്രിസ്ത്യാനിറ്റി,* എഡി. എവറെറ്റ് ഫെർഗൂസൻ [ന്യൂ യോർക്ക്: ഗാർലന്റ് പബ്ലിഷിങ്, 1990], 930–32.) [18]ഈ വേദഭാഗത്തെ കുറിച്ച് ലിയോൺ മോറിസിന് വ്യത്യ

സ്തമായ കാഴ്ച്ചപ്പാടുള്ളത് ശ്രദ്ധിക്കാവുന്നതാണ്. രണാം വരവിനെ കുറിച്ച് പല ആശയങ്ങൾ ഉയർന്നിട്ടുണ്ട്. ആളുകൾ കുറ്റമറ്റവാരായി ജീവിക്കുക എന്ന ലക്ഷ്യിട്ടായിരുന്നു പൗലൊസ് രണാം വരവിനെ തന്റെ ലേഖനങ്ങളിലെല്ലാം ഉപയോഗിച്ചത് (ഉദാ. 1 തെസ്സ. 5:1–11; ഫിലി. 1:9–11). കഴിഞ്ഞ തലമുറയിലുള്ളരും ഇതേ ജാഗ്രതയോടെയാണ് ജീവിച്ചത്. നമ്മൾ എല്ലാവരും ന്യായവിധി. ... അഭിമൂഖീകരിക്കും. കൊരിന്തിലെ സാഹചര്യം നോക്കി വേണം നാം വേദഭാഗത്തെ മനസിലാക്കുവാൻ (വാക്യം 26 ലെ 'പ്രതിസന്ധി'). "ആ പല തരത്തിലുള്ള പ്രതിസന്ധികളെ തരണം ചെയ്യുവാനായി അവരുടെ സ്വഭാവങ്ങളെ മാറ്റാണ്ടിയിരന്നു." (ലിയോൺ മോറിസ്, *ദ ഫസ്റ്റ് എപിസ്റ്റിൽ ഓഫ് പോൾ ടു ദ കൊരിന്ത്യൻസ്*, റെവ. എഡി., ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററിസ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985], 113–14). [19]റിച്ചാർഡ് ഈ. ഓസ്സർ ജൂനിയർ. *1 കൊരിന്ത്യൻസ്*. ദ കോളേജ് പ്രസ് എൻഐവി കമെന്ററി (ഹോപ്ലിൻ, മോ.: കോളേജ് പ്രസ് പബ്ലിഷിങ് കമ്പനി., 1995), 180–81. [20]*ഡിസ്കോഴ്സസ്* 3.22.71–72.

[21]ചോദ്യങ്ങൾ ഇതിനെ സംബന്ധിച്ച് ധാരാളം ഉയർന്നു വന്നേക്കാം, പക്ഷെ ഈ ചർച്ചകൾ നമ്മുടെ പഠനത്തിന് ധാരാളം മതിയാകും. [22]ബാവർ, 188. [23]റോബർട് ലൂയിസ് സ്റ്റെവൻസൺ, "എൽ ഡോറാഡോ." ഇൻ *ദ വർക്സ് ഓഫ് റോബർട് ലൂയിസ് സ്റ്റെവൻസൺ,* വാല്യം 6, *മെമ്മറീസ് ആന്റ് പോർട്രേയിറ്റ്സ്* (നൂയോർക്.: ഡേവിസ് പ്രസ്, 1906), 235–36.